32nd Year of Service 2024

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

May 10, 2024 | Vol. XXXII No. 19 | Periodicals Postage Paid






Pulimoottil
SILKS
SINCE 1924
MC ROAD, THIRUVALLA
0469-2602221 +91-97782 94521
THRISSUR | THODUPUZHA | KOTTAYAM
KOLLAM | PALA
WWW.PULIMOOTTILONLINE.COM
FOR ONLINE SHOPPING:
@ALMARAH_BY_PULIMOOTTIL
popkon.in




ഇന്ത്യൻ നേഴ്സസ് അസോസിയേഷൻ ഓഫ് ഇല്ലിനോയി സംഘടിപ്പിച്ച നേഴ്സസ് ദിനാഘോഷ പരിപാടികൾ ഇല്ലിനോയി നേഴ്സസ് ഫൗണ്ടേഷൻ പ്രസിഡണ്ട് അമാൻഡ ഒലിവർ ഉദ്ഘാടനം ചെയ്തപ്പോൾ. പ്രസിഡണ്ട് റാണി കാപ്പനും ഭാരവാഹികളും മുഖ്യാതിഥിയോടൊപ്പം. ഫോട്ടോ: മോനു വർഗീസ്


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


നിങ്ങൾ ഇന്നും പുനരുദ്ധാനത്തിൽ വിശ്വസിക്കുന്നുവോ ?
Do you still believe in bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു മറുപടി നൽകുന്ന പുസ്തകം. ഇംഗ്ലീഷ് ആമസോണിൽ ലഭ്യമാണ്. മലയാളം ഞങ്ങളിൽ നിന്നും ലഭിക്കും.
വില $15.00
RETHINKING RESURRECTION
A Closer Look at the Future Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author, conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com

32nd Year of Service 2024
Price $1.00
കേരളാ എക്സ്പ്രസ്
KERALA EXPRESS
Weekly Newspaper National Edition from Chicago
3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പ്രജ്വൽ രേവണ്ണയ്ക്കെതിരെ സിബിഐ നോട്ടീസ്
8 മൂന്നാറിൽ റെക്കോർഡ് ചൂട്
10 കെജ്‌രിവാളിന് ഇടക്കാല ജാമ്യം പരിഗണിക്കാമെന്ന്
13 ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റ്
14 ഫാ. തച്ചാറയ്ക്ക് ഹൂസ്റ്റണിൽ ഹൃദ്യമായ യാത്രയയപ്പ്

### വിധി അപ്രതീക്ഷിതമെന്ന് കുഴൽനാടൻ

# മാസപ്പടിക്കേസ്: കുഴൽനാടന്റെ ഹർജി തള്ളി



പിണറായി വിജയനും മകൾ വീണയും

തിരുവനന്തപുരം: മാസപ്പടി വിഷയത്തിൽ മുഖ്യമന്ത്രിക്കും മകൾക്കുമെതിരെ കേസെടുക്കണമെന്ന മാത്യു കുഴൽനാടൻ എംഎൽഎയുടെ ഹർജി തിരുവനന്തപുരം വിജിലൻസ് കോടതി തള്ളി. മുഖ്യമന്ത്രി പിണറായി വിജയനും മകൾ വീണയ്ക്കുമെതിരായ മാസപ്പടി ഹർജിയിൽ വിജിലൻസ് കോടതി നേരിട്ട് അന്വേഷണം നടത്തണമെന്നായിരുന്നു കുഴൽനാടൻ എംഎൽഎയുടെ ഹർജി. ഹർജി നിരസിക്കുകയാണെന്ന് കോടതി വ്യക്തമാക്കി.

സിഎംആർഎലിനു മുഖ്യമന്ത്രി നല്കിയ വഴിവിട്ട സഹായമാണ് മകൾ വീണാ വിജയനും സിഎംആർഎല്ലിൽ നിന്നു മാസപ്പടി ലഭിക്കാൻ കാരണമെന്നാണ് ഹർജിയിലെ ആരോപണം. വിജിലൻസിനെ സമീപിച്ചെങ്കിലും അന്വേഷിക്കാൻ തയ്യാറായില്ലെന്നും കോടതി ഇടപെട്ട് അന്വേഷണത്തിന് ഉത്തരവിടണമെന്നുമായിരുന്നു ആദ്യ ആവശ്യം. കോടതി ഇതിൽ വിധി പറയാനിരിക്കെയാണ് മാത്യു കുഴൽനാടൻ നിലപാട് മാറ്റിയത്.

തെളിവ് കൈമാറാമെന്നും കോടതി തന്നെ കേസ് അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടു. കോടതി വേണോ വിജിലൻസ് വേണോയെന്നു ഹർജിക്കാരൻ ആദ്യം തീരുമാനിക്കണമെന്നു കോടതി നിർദേശിച്ചു. കോടതി മതിയെന്നു കുഴൽനാടന്റെ അഭിഭാഷകൻ അറിയിച്ചു.

തുടർന്ന് കേസ് വിധി പറയാൻ മാറ്റുകയായിരുന്നു. തൃക്കുന്നപ്പുഴയിലും ആറാട്ടുപുഴയിലും ഖനനത്തിന് സിഎംആർഎൽ ഭൂമി വാങ്ങിയെങ്കിലും ഖനനാനുമതി ലഭിച്ചില്ല.

(ശേഷം 24-ാം പേജിൽ)

## റേഷൻ കാർഡ് അംഗങ്ങളുടെ വിവരങ്ങൾ കേന്ദ്ര നിയന്ത്രിത സെർവറിൽ

തിരുവനന്തപുരം: റേഷൻ കാർഡ് അംഗങ്ങളുടെ വിവരങ്ങൾ കേന്ദ്രീകൃതമായി സൂക്ഷിക്കുന്നതിനു പുറമേ താഴെത്തട്ടിൽ വരെ വിതരണം പൂർണമായി കേന്ദ്രം നിരീക്ഷിക്കുകയും ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെ സ്മാർട് പിഡിഎസ് പദ്ധതി നടപ്പാക്കാൻ കേരളവും തീരുമാനിച്ചു. പദ്ധതി പ്രകാരം, കാർഡ് അംഗങ്ങളുടെയും റേഷൻ ഇടപാടുകളുടെയും വിവരങ്ങൾ കേന്ദ്ര നിയന്ത്രണത്തിലുള്ള ക്ലൗഡ് സെർവറുകളിലാകും സൂക്ഷിക്കുക. നിലവിൽ കേരളം ഉൾപ്പെടെ വിവിധ സംസ്ഥാനങ്ങളിൽ ഇവ സ്വന്തമായി സൂക്ഷിക്കുന്ന രീതിയാണ്. പദ്ധതി വരുന്നതോടെ, മുൻഗണനാ കാർഡുകൾ അനുവദിക്കാനും വിവിധ അപേക്ഷകൾ തീർപ്പാക്കാനും കേരളത്തിനുള്ള അധികാരം പരിമിതമാകും. അതിഥിത്തൊഴിലാളികളുടെ ഭക്ഷ്യഭദ്രത ലക്ഷ്യമാക്കി ഇവർക്ക് കേരളത്തിൽ മുൻഗണനാ കാർഡുകൾ അനുവദിക്കണമെന്ന നിർദേശവും പദ്ധതിയുടെ ഭാഗമാണ്.

(ശേഷം 24-ാം പേജിൽ)

### അമേഠിയിൽ കിഷോരി ലാൽ ശർമ

# രാഹുൽ ഗാന്ധി റായ്ബറേലിയിൽ പത്രിക സമർപ്പിച്ചു

ന്യൂഡൽഹി: അനിശ്ചിതത്വങ്ങൾക്കൊടുവിൽ രാഹുൽ ഗാന്ധി റായ്ബറേലിയിൽ നാമനിർദേശ പത്രിക സമർപ്പിച്ചു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, സോണിയ ഗാന്ധി, പ്രിയങ്ക ഗാന്ധി എന്നിവർ ഒപ്പമുണ്ടായിരുന്നു. ദിനേശ് പ്രസാദ് സിംഗാണ് റായ്ബറേലിയിലെ ബിജെപി സ്ഥാനാർത്ഥി. കഴിഞ്ഞവർഷം റായ്ബറേലിയിൽ ഇദ്ദേഹം സോണിയാ ഗാന്ധിയോട് പരാജയപ്പെട്ടിരുന്നു.



റായ്ബറേലിയിൽ നാമനിർദ്ദേശ പത്രിക സമർപ്പിക്കാൻ രാഹുൽ ഗാന്ധി പ്രിയങ്കാ ഗാന്ധിക്കൊപ്പം ഫർസത്ഗഞ്ജ് വിമാനത്താവളത്തിലെത്തിയപ്പോൾ



കിഷോരി ലാൽ ശർമ

കിഷോരി ലാൽ ശർമയാണ് അമേഠിയിലെ കോൺഗ്രസ് സ്ഥാനാർത്ഥി. സിറ്റിംഗ് എംപിയും കേന്ദ്രമന്ത്രിയുമായ സ്മൃതി ഇറാനിയാണ് ഇവിടത്തെ ബിജെപി സ്ഥാനാർത്ഥി. കഴിഞ്ഞതവണ 55,000 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് സ്മൃതി രാഹുലിനെ പരാജയപ്പെടുത്തിയത്.

ദിവസങ്ങൾ നീണ്ട ചർച്ചകൾക്കൊടുവിൽ മെയ് മൂന്നിന് രാവിലെയാണ് അമേഠി, റായ്ബറേലി സീറ്റുകളിലെ സ്ഥാനാർത്ഥികളെ കോൺഗ്രസ് നേതൃത്വം പ്രഖ്യാപിച്ചത്. അമേഠിയിൽ രാഹുലും റായ്ബറേലിയിൽ പ്രിയങ്കയും മത്സരിക്കണമെന്നായിരുന്നു നേതൃത്വത്തിന്റെ നിർദേശം.

എന്നാൽ, ഒരേ കുടുംബത്തിൽനിന്ന് രണ്ടുപേർ മത്സരിക്കുന്നത് എതിരാളികൾ പ്രചാരണായുധമാക്കുമെന്നും അതിനാൽ താൻ മത്സരിക്കാനില്ലെന്നും പകരം പ്രചാരണത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാമെന്നും പ്രിയങ്ക നിലപാടെടുക്കുകയായിരുന്നു. ഹിന്ദി ഹൃദയഭൂമിയിൽനിന്ന് ഗാന്ധി കുടുംബത്തിലെ ആരെങ്കിലും മത്സരിക്കണമെന്ന ആവശ്യം ഇന്ത്യ സഖ്യത്തിൽനിന്നും ഉത്തർപ്രദേശിലെ പ്രധാന സഖ്യകക്ഷിയായ സമാജ്‌വാദി പാർട്ടിയിൽനിന്നും ശക്തമായി ഉയർന്നിരുന്നു.

(ശേഷം 24-ാം പേജിൽ)

## ഇടുക്കിയിലെ ഭൂപ്രശ്നം; കരടു ചട്ടത്തിന് ജോയിന്റ് കമ്മീഷണറെ നിയമിച്ചു

തിരുവനന്തപുരം: ഇടുക്കിയിലെ ഭൂപ്രശ്നത്തിനു പരിഹാരം കാണാൻ നിയമസഭ പാസാക്കിയ ഭൂപതിവ് നിയമ ഭേദഗതി ബില്ലിന് കരട് ചട്ടങ്ങൾ രൂപീകരിക്കുന്നതിനായി റവന്യൂ ജോയിന്റ് കമ്മീഷണറെ ചുമതലപ്പെടുത്തി. റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ നിയമ ഓഫീസർ അടക്കമുള്ളവരാണ് ബില്ലിന്റെ കരടു ചട്ടം തയാറാക്കുക.

2019-ലെ ഭൂപതിവു ഭേദഗതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കൃഷിക്കും താമസത്തിനുമായി പട്ടയം നൽകിയ ഭൂമി, ഇതര ആവശ്യങ്ങൾക്കായി വിനിയോഗിച്ചതു ക്രമപ്പെടുത്തുന്നതിനുള്ള വ്യവസ്ഥകളാകും കരടു ചട്ടത്തിൽ വ്യക്തമാക്കുക.

15 സെന്റ് വരെയുള്ള ഭൂമിയാകും ഇതര ആവശ്യങ്ങൾക്കായി ക്രമപ്പെടുത്താനാകുക.

1,500 ചതുരശ്ര അടിവരെയുള്ള കെട്ടിടങ്ങളും ക്രമപ്പെടുത്തുന്ന വിധത്തിലുള്ള വ്യവസ്ഥകളാകും കരടുചട്ടത്തിൽ ഉൾപ്പെടുത്തുക. ഗവർണർ ഒപ്പിട്ടുവിട്ട ബിൽ


(ശേഷം 24-ാം പേജിൽ)

# ഗവർണറുടെ യാത്രപ്പടി 1.29 കോടി

തിരുവനന്തപുരം: ശമ്പളത്തേക്കാൾ കൂടുതൽ യാത്രപ്പടി കൈപ്പറ്റി ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. ഈയിനത്തിൽ ഇതുവരെ കൈപ്പറ്റിയത് 1.29 കോടി രൂപയെന്നും കണക്കുകൾ.

ഗവർണർക്ക് യാത്രപ്പടിയായി (ടിഎ) 2023-24-ൽ 45,71,814 രൂപ നൽകിയെന്ന് ധനവകുപ്പ് ഏപ്രിൽ 29 ന് ഇറക്കിയ ഉത്തരവ് വ്യക്തമാക്കുന്നു. 2023 ഏപ്രിൽ മുതൽ 2024 മാർച്ച് വരെ യാത്രപ്പടിയായി കൈപ്പറ്റിയത് 45,71,814 രൂപ. 42 ലക്ഷം രൂപയാണ് ഗവർണറുടെ വാർഷിക ശമ്പളം. ശമ്പളത്തേക്കാൾ കൂടുതൽ യാത്രപ്പടി ആരിഫ് മുഹമ്മദ് ഖാൻ കൈപ്പറ്റിയെന്ന് വ്യക്തം.

2019 സെപ്റ്റംബർ ആറിനാണ് ആരിഫ് മുഹമ്മദ് ഖാൻ കേരള ഗവർണർ ആയത്. 2022-23-ൽ 45.66 ലക്ഷവും 2021-22-ൽ 14.19 ലക്ഷവും 2020-21-ൽ 5.34 ലക്ഷവും 2019-20-ൽ 18.47 ലക്ഷം രൂപയും ഗവർണർ യാത്രപ്പടിയായി കൈപ്പറ്റിയെന്ന് ബജറ്റ് രേഖകൾ സാക്ഷ്യം. ഇതുവരെ കൈപ്പറ്റിയത് 1,29,40,556 രൂപ. മാസത്തിന്റ പകുതിയിൽ താഴെ ദിവസങ്ങളിലേ ഗവർണർ രാജ്ഭവനിൽ തങ്ങുന്നുള്ളൂ. കൂടുതൽ സമയവും വടക്കേ ഇന്ത്യയിലെ ബന്ധുക്കളെ കാണാനുള്ള യാത്രയിലാണ്. ഇതിന്റെയെല്ലാം ചെലവ് വഹിക്കേണ്ടത് സംസ്ഥാന ഖജനാവും. 12.50 ലക്ഷം രൂപയായിരുന്നു 2023-24-ലെ ബജറ്റിൽ ഗവർണർക്ക് യാത്രപ്പടിയായി വകയിരുത്തിയത്. ഇതാണ് 45.71 ലക്ഷമായി ഉയർന്നത്. ബജറ്റ് വിഹിതത്തേക്കാൾ നാലിരട്ടിയിലധികം തുക യാത്രപ്പടിയായി കൈപ്പറ്റി.



# പ്രജ്വൽ രേവണ്ണയ്ക്കെതിരെ സിബിഐ നോട്ടീസ്

ബംഗളൂരു: ലൈംഗികാരോപണക്കേസിൽ കർണാടകയിലെ ജനതാദൾ-എസ് നേതാവും മുൻ പ്രധാനമന്ത്രി ദേവഗൗഡയുടെ കൊച്ചുമകനുമായ പ്രജ്വൽ രേവണ്ണയ്ക്കെതിരെ സിബിഐ ബ്ലൂ കോർണർ നോട്ടീസ് പുറത്തിറക്കിയതായി ആഭ്യന്തരമന്ത്രി ഡോ. ജി. പരമേശ്വര അറിയിച്ചു. ഹാസൻ ലോക്സഭാ മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർത്ഥികൂടിയായ പ്രജ്വലിനെ പിടികൂടാൻ ഇന്റർപോളിന്റെ സഹായം തേടിയതായും പ്രതിയെ പിടികൂടാനുള്ള പ്രാഥമിക നടപടികളിലേക്ക് ഇന്റർപോൾ കടന്നതായും മന്ത്രി പറഞ്ഞു.

അതേസമയം, പിതാവ് എച്ച്.ഡി. രേവണ്ണ അറസ്റ്റിലായ സാഹചര്യത്തിൽ പ്രജ്വൽ ഉടൻ കീഴടങ്ങിയേക്കുമെന്ന് സൂചനയുണ്ട്. ജർമനിയിൽനിന്ന് ഒമാനിലെ മസ്കറ്റിലെത്തിയ പ്രജ്വൽ ഉടൻ മംഗളൂരുവിൽ എത്തുമെന്നും ഇവിടെവെച്ച് പോലീസിൽ കീഴടങ്ങുമെന്നുമാണ് വാർത്തകൾ പ്രചരിക്കുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിനുശേഷം മാത്രമേ പ്രജ്വൽ ഇന്ത്യയിൽ മടങ്ങിയെത്തൂവെന്നും എസ്ഐടി സംഘം സൂചന നൽകി.

മെയ് നാലിന് രാത്രിയിൽ എസ്ഐടി സംഘം ബംഗളൂരുവിലെ ദേവഗൗഡയുടെ വസതിയിൽനിന്ന് അറസ്റ്റ് ചെയ്ത എച്ച്ഡി രേവണ്ണയെ മെയ് അഞ്ചിന് വൈകുന്നേരം കോടതിയിൽ ഹാജരാക്കി. തുടർന്ന് കോടതി ഇദ്ദേഹത്തെ മൂന്നുദിവസത്തെ എസ്ഐടി കസ്റ്റഡിയിൽ വിട്ടു. പ്രജ്വലിനെതിരെ പീഢനപരാതി നൽകിയ വീട്ടുജോലിക്കാരിയെ തട്ടിക്കൊണ്ടുപോയതിനും ഒളിവിൽ പാർപ്പിച്ചതിനുമാണ് രേവണ്ണയെ അറസ്റ്റ് ചെയ്തത്. താൻ ആരെയും തട്ടിക്കൊണ്ടുപോകുകയോ ഒളിവിൽ പാർപ്പിക്കുകയോ ചെയ്തിട്ടില്ലെന്നും ഇപ്പോൾ നടക്കുന്നത് രാഷ്ട്രീയ ഗൂഢാലോചനയുടെ ഭാഗമാണെന്നും രേവണ്ണ മാധ്യമപ്രവർത്തകരോടു പറഞ്ഞു.



പ്രജ്വൽ രേവണ്ണ

പ്രജ്വലിന്റെ അതിക്രമങ്ങൾക്ക് ഇരയായവർക്ക് പരാതി നൽകാൻ എസ്ഐടി ഹെൽപ്പ്ലൈൻ നമ്പർ പുറത്തുവിട്ടിട്ടുണ്ട്.

അതിനിടെ പ്രജ്വലിന്റെ ലൈംഗിക പീഡനത്തിന് ഇരയായവർക്കു കർണാടകയിലെ കോൺഗ്രസ് സർക്കാർ സാമ്പത്തിക സഹായം നൽകുമെന്ന് കോൺഗ്രസ് ജനറൽ സെക്രട്ടറി രൺദീപ് സിംഗ് സുർജേവാല അറിയിച്ചു. മുഖ്യമന്ത്രി സിദ്ധരാമയ്യ, ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ തുടങ്ങിയ നേതാക്കൾക്കൊപ്പം മാധ്യമപ്രവർത്തകരെ കണ്ടപ്പോഴായിരുന്നു പ്രഖ്യാപനം. നൂറുകണക്കിന് ഇരകളാണ് കേസിലുള്ളത്. കഴിഞ്ഞ 75 വർഷത്തിനിടെ ഇത്തരമൊരു സംഭവം നടന്നിട്ടില്ലെന്നും സുർജേവാല പറഞ്ഞു.

മാനഭംഗത്തിലെ പ്രതിയായ പ്രജ്വലിനെക്കുറിച്ച് വിവരം ലഭിച്ചിട്ടും ജനതാദളുമായുള്ള സഖ്യം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയെയും ആഭ്യന്തരമന്ത്രി അമിത്ഷായെയും അദ്ദേഹം രൂക്ഷമായി വിമർശിച്ചു.

പ്രജ്വലിന്റെ വിദേശയാത്ര തടയാൻ വിദേശകാര്യ മന്ത്രാലയം എന്തുകൊണ്ടു ശ്രമിച്ചില്ലെന്നും സുർജേവാല ചോദിച്ചു. ലൈംഗികാരോപണത്തിൽ പ്രധാനമന്ത്രി മൗനംവെടിയണമെന്നു മഹിളാ കോൺഗ്രസും ആവശ്യപ്പെട്ടു.

പ്രജ്വൽ രേവണ്ണയെ ഇന്ത്യയിലെത്തിച്ച് നിയമവ്യവസ്ഥയ്ക്കു മുന്നിൽ ഹാജരാക്കുംവരെ ശബ്ദമുയർത്തുമെന്ന് ഓൾ ഇന്ത്യാ മഹിളാ കോൺഗ്രസ് അധ്യക്ഷ അൽക്ക ലാംബ പറഞ്ഞു.

# മുഖ്യമന്ത്രിയും കുടുംബവും വിദേശത്തേക്ക്

തിരുവനന്തപുരം: 16 ദിവസത്തെ വിദേശ സന്ദർശനത്തിനായി മുഖ്യമന്ത്രി പിണറായി വിജയൻ ദുബായിലേക്ക് യാത്ര തിരിച്ചു. ഭാര്യ കമലയും കൊച്ചുമകനും ഒപ്പമുണ്ടായിരുന്നു. സ്വകാര്യ സന്ദർശനത്തിന്റെ ഭാഗമായാണ് ദുബായ് യാത്ര. മകനേയും കുടുംബത്തേയും അദ്ദേഹം സന്ദർശിക്കും.



ദുബായ് സന്ദർശനത്തിനു പുറമെ ഇന്തോനേഷ്യയിലും സിംഗപ്പൂരിലും മുഖ്യമന്ത്രി സന്ദർശനം നടത്തും.

മന്ത്രി മുഹമ്മദ് റിയാസും ഭാര്യ വീണയും നാല് ദിവസം മുൻപ് ദുബായിലേക്ക് പുറപ്പെട്ടു. ദുബായിക്കു പുറമെ ഇന്തോനേഷ്യയിലും സിംഗപ്പൂരിലും റിയാസും വീണയും സന്ദർശനം നടത്തും. 19 ദിവസത്തേക്കാണ് റിയാസിനു യാത്ര അനുമതി.

ഔദ്യോഗിക ആവശ്യത്തിനായി വിദേശത്തേക്ക് പോകുന്ന വേളകളിൽ സാധാരണ സർക്കാർ തന്നെ യാത്ര സംബന്ധിച്ച് പത്രക്കുറിപ്പ് ഇറക്കുകയാണ് പതിവ്.

സ്വകാര്യ സന്ദർശനമായതിനാൽ മുഖ്യമന്ത്രിയുടെ യാത്ര സംബന്ധിച്ച് ഔദ്യോഗിക അറിയിപ്പൊന്നും പുറത്തുവന്നിട്ടില്ല.

# കള്ളക്കടൽ: വീടുകൾക്ക് നാശനഷ്ടം

തിരുവനന്തപുരം: കള്ളക്കടൽ പ്രതിഭാസത്തെത്തുടർന്ന് കേരളത്തിലെ തീരപ്രദേശങ്ങളിൽ കടലാക്രമണം. തിരുവനന്തപുരം അഞ്ചുതെങ്ങ് മേഖലയിൽ രൂക്ഷമായ കടലാക്രമണമാണുണ്ടായത്. ഒട്ടേറെ വീടുകളിൽ വെള്ളം കയറി. ഏതാനും വീടുകൾക്കു ഭാഗിക നാശനഷ്ടവുമുണ്ടായി.

മെയ് അഞ്ചിന് പുലർച്ചയോടെയായിരുന്നു മേഖലയിൽ കടലാക്രമണമുണ്ടായത്.

കള്ളക്കടൽ പ്രതിഭാസമുണ്ടാകാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ടായിരുന്നു. കടലാക്രമണത്തെത്തുടർന്ന് ഏതാനും വീടുകളിലുള്ളവരെ ഒഴിപ്പിച്ചു.



അഞ്ചുതെങ്ങിനൊപ്പം കൊല്ലം, ആലപ്പുഴ ജില്ലകളിലെ ചില മേഖലകളിലും കടലാക്രമണമുണ്ടായി.

കള്ളക്കടൽ മുന്നറിയിപ്പിന്റെ പശ്ചാത്തലത്തിൽ കേരള തീരത്ത് ഓറഞ്ച് അലർട്ട് മെയ് ആറുവരെ തുടർന്നു.

കേരള തീരത്തും തെക്കൻ തമിഴ്നാട് തീരത്തും ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം നേരത്തേ പ്രഖ്യാപിച്ച റെഡ് അലർട്ട് മുന്നറിയിപ്പ് മെയ് അഞ്ചിന് പിൻവലിച്ചു.

എന്നാൽ, ജാഗ്രതാ നിർദേശം തുടരും. റെഡ് അലർട്ടിനു പകരം ഓറഞ്ച് അലർട്ട് മുന്നറിയിപ്പും പുറത്തിറക്കിയിരുന്നു.

കള്ളക്കടൽ പ്രതിഭാസത്തിന് സാധ്യതയുണ്ടെന്നും ജാഗ്രത തുടരണമെന്നുമാണു നിർദേശം.

# അധ്യാപകരുടെ ശിക്ഷക്കെതിരെ ചീഫ് ജസ്റ്റിസ് ചന്ദ്രചൂഡ്



ന്യൂഡൽഹി: ക്രാഫ്റ്റ് ക്ലാസിലേക്കു സൂചി കൊണ്ടുപോകാത്തതിന് അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ കിട്ടിയ അടി തനിക്കുണ്ടാക്കിയ മാനസികാഘാതത്തെക്കുറിച്ചു സുപ്രീം കോടതി ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ വെളിപ്പെടുത്തൽ. ഇത്തരം ശിക്ഷകളിലൂടെ അധ്യാപകർ കുട്ടികൾക്കുണ്ടാക്കുന്ന പ്രശ്നങ്ങളെക്കുറിച്ചു മുന്നറിയിപ്പും നൽകി. ബാലനീതി വിഷയത്തിൽ നേപ്പാൾ സുപ്രീം കോടതി കാഠ്മണ്ഡുവിൽ നടത്തിയ സിംപോസിയത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

സ്കൂൾ കാലത്തെ ആ അനുഭവം ഒരിക്കലും മറക്കില്ലെന്ന മുഖവുരയോടെയാണ് ചീഫ് ജസ്റ്റിസ് തന്റെ അനുഭവം വിവരിച്ചത്.

"കയ്യിൽ അടിക്കാതെ പിൻഭാഗത്ത് അടിച്ചോളൂ എന്നു ടീച്ചറോടു ഞാനന്ന് അപേക്ഷിക്കുകപോലും ചെയ്തു. നാണക്കേടു കാരണം വീട്ടിൽ പറഞ്ഞില്ല. കയ്യിലേറ്റ അടിയുടെ പാട് ദിവസങ്ങളോളം മറച്ചുവെച്ചു. പിന്നീടതു മാഞ്ഞു.

പക്ഷേ, മനസ്സിലെ പാട് മായാതെ ശേഷിച്ചു. ഇപ്പോഴും ജോലി ചെയ്യുമ്പോൾ ആ സംഭവം ഓർമ വരും." – ചീഫ് ജസ്റ്റിസ് പറഞ്ഞു.

ബാലനീതിയുടെ കാര്യത്തിൽ ഇന്ത്യ നേരിടുന്ന വെല്ലുവിളികൾ വിവരിച്ച ചീഫ് ജസ്റ്റിസ്, 14 വയസ്സുകാരിയായ അതിജീവിത ഗർഭഛിദ്രം ആവശ്യപ്പെട്ട് ഈയിടെ സുപ്രീം കോടതിയിൽ നൽകിയ ഹർജിയെക്കുറിച്ചും പരാമർശിച്ചു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 19
May 10, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid
Chicago, Illinois and additional
mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ഒരു ദിവസം ഒരു മോശം സ്വഭാവം വീതം ഉപേക്ഷിക്കുകയാണെങ്കിൽ കുറേക്കാലം കഴിയുമ്പോൾ ഒരു മോശം മനുഷ്യൻ നല്ലവനാകും.

**ബഞ്ചമിൻ ഫ്രാങ്ക്ളിൻ**

# K.O. JOSE & ASSOCIATES, INC.

*Certified Public Accountants*





K.O. JOSE, CPA

- Compilation
- Setup Small Business Corporations
- Personal & Business Income Taxes
- Free Electronic Filing
- Non-Profit Tax Exemption from IRS
- Install Accounting Packages
- Retirement and Estate Planning

**Tel: 847-724-3020 • Cell: 847-833-6038**

CPA℠ America Counts on CPAs

taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com



# INDIA PENTECOSTAL ASSEMBLY

## 544 TIPTON RD
## IRVING TX 75060

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**

**pastorsearchipa@gmail.com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
# Achieves Aggressive Financial Results

- ★Over $ 50M Recovered and Collected For Our Clients
- ★Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★Free Confidential Consultation On All Matters Home Visits Available
- ★Personal Injuries-Wrongful Death - Work Injuries

**Your call is Always Welcome**

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603

**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT® Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അന്യമാകുന്ന സംശുദ്ധ രാഷ്ട്രീയം

ഇന്ത്യൻ രാഷ്ട്രീയം മുമ്പെങ്ങുമില്ലാത്തവിധം മലീമസമാകുന്നതിന്റെ കാഴ്ചകളാണ് അനുദിനം പുറത്തുവരുന്നത്. അധികാരത്തിനു മുന്നിൽ ആദർശരാഷ്ട്രീയത്തിനു പുല്ലുവില കല്പിക്കുന്ന നേതാക്കളുടെ എണ്ണം കൂടിവരികയും ചെയ്യുന്നു. മറ്റു പാർട്ടികളിലെ നേതാക്കളെ സ്വന്തമാക്കാൻ ദല്ലാളുമാരുമായി റോന്തുചുറ്റുന്ന പാർട്ടിനേതാക്കൾ രാജ്യംമുഴുവൻ സജീവമാണെന്നാണ് കേരളത്തിലെ ഇപ്പോഴത്തെ രാഷ്ട്രീയവിവാദമടക്കം തെളിയിക്കുന്നത്. മുമ്പൊക്കെ ആദർശത്തിന്റെ പേരിൽ അണികളെ കൂട്ടി പാർട്ടി വളർത്താനായിരുന്നു നേതാക്കൾ പരിശ്രമിച്ചിരുന്നത്. അതിനായി കഠിനാദ്ധ്വാനം ചെയ്ത അനേകം നേതാക്കൾ എല്ലാ പാർട്ടികൾക്കും സ്വന്തമായിരുന്നു. പദയാത്രകളും പ്രചാരണ ജാഥകളും രാഷ്ട്രീയ വിശദീകരണ യോഗങ്ങളും ജനകീയ വിഷയങ്ങളിലെ ഇടപെടലുകളുമെല്ലാമായിരുന്നു പാർട്ടി വളർത്തുന്നതിനും തങ്ങളുടെ ആശയവും ആദർശവും ജനങ്ങളിലേക്കെത്തിക്കുന്നതിനുമുള്ള മാർഗങ്ങളായി ഈ നേതാക്കൾ കണ്ടിരുന്നത്. എന്നാൽ അതെല്ലാം അറുപഴഞ്ചനായി മാറിയിരിക്കുന്നു.

അധികാരം ആളുകളെ ഉന്മത്തരാക്കുന്നതു പുതിയ കാര്യമല്ല. എന്നാൽ, അധികാരത്തിന്റെ മുഷ്ക്കിൽ സ്വയം കോടതിയാകാനും നടപടി എടുക്കാനുമൊക്കെ പുറപ്പെടുന്നവർ നാടിനെയാണു നാണംകെടുത്തുന്നത്. ക്രമസമാധാന പാലനവും നീതിന്യായവ്യവസ്ഥയും ഉറപ്പാക്കേണ്ട ജനാധിപത്യ സ്ഥാനങ്ങളിൽ ഇരിക്കുന്നവർതന്നെ അതിന്റെ എതിർവഴിയിലിറങ്ങി അധികാര ധാർഷ്ട്യത്തോടെ തേർവാഴ്ച നടത്തുമ്പോൾ നമ്മുടെ നിയമവാഴ്ച നോക്കുകുത്തിയാകുന്നു. ഈയിടെ രാത്രി തിരുവനന്തപുരം നഗരത്തിലെ നടുറോഡിൽ മേയറും എംഎൽഎയും നടത്തിയത്, അതിന്റെ ന്യായാന്യായങ്ങൾക്കപ്പുറത്ത്, അതിരുവിട്ട അധികാരപ്രകടനമായി മാറുന്നതും അതുകൊണ്ടുതന്നെ. സച്ചിൻദേവ് എംഎൽഎയുടെ ഭാര്യയും തിരുവനന്തപുരം മേയറുമായ ആര്യ രാജേന്ദ്രനും ബന്ധുക്കളും നടുറോഡിൽ കാർ കുറുകെയിട്ട് കെഎസ്ആർടിസി ബസ് തടഞ്ഞ വിവാദസംഭവം ഗൗരവമുള്ള പല ചോദ്യങ്ങളും ഉയർത്തുന്നുണ്ട്. അമിതാധികാരപ്രയോഗം തന്നെയാണ് അതിൽ പ്രധാനം. ഓവർടേക്ക് ചെയ്യുന്നതിനിടെ കാറിനുനേർക്ക് അശ്ലീല ആംഗ്യം കാണിച്ചുവെന്ന മേയറുടെ പരാതിയിൽ ബസ് ഡ്രൈവർക്കെതിരെ കേസെടുത്തിട്ടുണ്ട്. കാറിലുള്ളവരുടെ നേർക്ക് ഡ്രൈവർ അപമര്യാദയോടെ ചേഷ്ട കാണിച്ചിട്ടുണ്ടെങ്കിൽ അതു വലിയ തെറ്റുതന്നെയാണ്. വ്യവസ്ഥാപിത മാർഗത്തിലൂടെ പരാതി നൽകി അതിൽ ഉചിതനടപടി ആവശ്യപ്പെടുകയും വേണം. ഇത്തരം സാഹചര്യങ്ങളിൽ മാതൃകാപരമായി പ്രതികരിക്കേണ്ടവരാണ് എംഎൽഎയും മേയറും എന്നിരിക്കെ, അതിനുപകരം അധികാരധാർഷ്ട്യത്തോടെ പ്രവർത്തിക്കാൻ ഇവർക്കെന്താണ് അവകാശമെന്ന ചോദ്യത്തിന് ഉത്തരമുണ്ടാകുകയും വേണം.

ഇപ്പോൾ കേരളത്തിൽ ഉയർന്നുവരുന്ന വാർത്തകളിൽ ഇടംപിടിച്ചിരിക്കുന്ന 'ദല്ലാൾ' മിക്ക രാഷ്ട്രീയ പാർട്ടി നേതാക്കൾക്കും അടുപ്പക്കാരനാണെന്നു വ്യക്തമാണ്. ഭൂമികച്ചവടത്തിലും കോഴ നൽകുന്നതിലും മാത്രമല്ല നേതാക്കളെ കൂറുമാറ്റുന്നതിലടക്കം ഈ ദല്ലാളുടെ സേവനം ചില നേതാക്കൾ സ്വീകരിക്കുന്നുവെന്നും അനുമാനിക്കണം. തന്നെയുമല്ല, മറ്റു പാർട്ടികളിൽനിന്നു നേതാക്കളെ ചാക്കിട്ടുപിടിക്കാൻ ചിലർക്കു ചുമതലതന്നെ നൽകിയിരിക്കുന്നുവെന്ന വെളിപ്പെടുത്തലും ഇതിനോടു ചേർന്ന് പുറത്തുവന്നു. എത്ര പരിതാപകരവും അന്തസില്ലാത്തതുമായ രാഷ്ട്രീയപ്രവർത്തനമാണിത്. ഇത്തരത്തിൽ അധികാരം പിടിക്കാൻ ശ്രമിക്കുന്നവർ ആരുതന്നെയായാലും ജനാധിപത്യത്തിന് തീരാക്കളങ്കമാണ് വരുത്തിവെക്കുന്നത്. പണച്ചാക്കും ദല്ലാളുമായി രാഷ്ട്രീയ മാർക്കറ്റിൽ കറങ്ങിനടക്കുന്നവരുടെ ആദർശത്തെ എന്തു പേരു വിളിക്കണം? അവർ മുന്നോട്ടുവെക്കുന്ന രാഷ്ട്രീയത്തിന്റെ പ്രത്യാഘാതങ്ങൾ ഈ ഇന്ത്യയെ എവിടെ കൊണ്ടുചെന്നെത്തിക്കും? ഗുജറാത്തിൽ പത്രിക തള്ളാൻ കൂട്ടുനിന്ന് ബിജെപിക്ക് എതിരില്ലാതെ വിജയം സമ്മാനിച്ച കോൺഗ്രസ് സ്ഥാനാർത്ഥിക്കു പിന്നിലും ഇത്തരം ദല്ലാൾമാർ ഉണ്ടാകുമെന്ന് ഉറപ്പിക്കാം. ഇത്തരം മൂന്നാം കിട രാഷ്ട്രീയം നിറഞ്ഞാടുമ്പോൾ സംശുദ്ധ രാഷ്ട്രീയമെന്നത് ഇന്ത്യൻ ജനതയ്ക്ക് അന്യമാകുകയാണോ? ഒരു പാർട്ടി വിട്ട് മറ്റൊന്നിലേക്ക് നേതാക്കളും പ്രവർത്തകരും മാറുന്നതിനെ കുറ്റമായി കാണാനാവില്ല. അത് ജനാധിപത്യത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും പ്രതിഫലനവുമാണ്. എന്നാൽ അധികാരത്തിന്റെ പിൻബലത്തിൽ പ്രലോഭിപ്പിച്ചോ ഭീഷണിപ്പെടുത്തിയോ നേതാക്കളെ പാർട്ടിമാറ്റുന്നത് ജനാധിപത്യത്തിന്റെ അപചയമാണ് വെളിവാക്കുന്നത്.

# രാഹുലിനെ പ്രധാനമന്ത്രിയാക്കാൻ പാക്കിസ്ഥാന് ആഗ്രഹമെന്ന് മോദി

ന്യൂഡൽഹി: കോൺഗ്രസിന്റെ യുവരാജാവ് രാഹുൽ ഗാന്ധിയെ അടുത്ത പ്രധാനമന്ത്രിയാക്കാൻ ഏറ്റവും ആഗ്രഹിക്കുന്നത് പാക്കിസ്ഥാനാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 'രാഹുൽ ഓൺ ഫയർ' എന്ന കുറിപ്പോടെ പാക്കിസ്ഥാനിലെ മുൻമന്ത്രി സി.എച്ച്. ഫവാദ് ഹുസൈൻ എക്സിൽ വീഡിയോ റീപോസ്റ്റ് ചെയ്തതിനു പിന്നാലെയാണ് ഗുജറാത്തിലെ ആനന്ദിൽ നടന്ന തെരഞ്ഞെടുപ്പ് റാലിയിൽ പാക്കിസ്ഥാനെ കൂട്ടുപിടിച്ച് രാഹുലിനെതിരെയുള്ള പ്രധാനമന്ത്രി മോദിയുടെ പരാമർശം. മുസ്‌ലിം വിരുദ്ധ പരാമർശങ്ങൾക്കു പിന്നാലെയാണ് പാക് വിരുദ്ധ വികാരം രാഹുലിനെതിരെ ആളിക്കത്തിക്കാനുള്ള മോദിയുടെ ശ്രമം.

കോൺഗ്രസ് ഇവിടെ മരിക്കുന്നതിനാൽ പാക്കിസ്ഥാൻ കരയുകയാണ്. പാക്കിസ്ഥാൻ നേതാക്കൾ കോൺഗ്രസിനു വേണ്ടി പ്രാർത്ഥിക്കുന്നു. അവർക്ക് ഷെഹ്സാദ് (യുവരാജാവ്) അടുത്ത പ്രധാനമന്ത്രിയായി വേണം. പാക്കിസ്ഥാന്റെ ശിഷ്യൻ (മുരീദ്) കോൺഗ്രസെന്ന് നമ്മൾ പണ്ടേ അറിഞ്ഞിരുന്നതിനാൽ അതിശയിക്കാനില്ല. പാക്കിസ്ഥാനും കോൺഗ്രസും തമ്മിലുള്ള പങ്കാളിത്തം തുറന്നു കാട്ടുന്നതാണ് ഈ വെളിപ്പെടുത്തൽ.

രാജ്യത്തിന്റെ ശത്രുക്കൾ ആഗ്രഹിക്കുന്നത് ദുർബലമായ ഇന്ത്യൻ സർക്കാരിനെയാണ്. അല്ലാതെ ശക്തമായ



സർക്കാരിനെയല്ല: പ്രധാനമന്ത്രി മോദി പറഞ്ഞു. 2014-നു മുമ്പ് ഉണ്ടായിരുന്ന അഴിമതിനിറഞ്ഞ സർക്കാരാണ് അവർക്കു വേണ്ടത്. എന്നാൽ, മോദിയുടെ ശക്തമായ സർക്കാർ തല കുനിക്കില്ല. ഭീകരത കയറ്റുമതി ചെയ്തിരുന്ന രാജ്യം ഇപ്പോൾ ഗോതമ്പ്മാവ് ഇറക്കുമതി ചെയ്യാൻ പാടുപെടുകയാണ്-മോദി പറഞ്ഞു.

ന്യൂനപക്ഷസമുദായത്തിന് വോട്ട് ജിഹാദ് ആവശ്യമാണെന്നും മോദി ആരോപിച്ചു. മുസ്‌ലിംകളോട് വോട്ട് ജിഹാദിന് ഇന്ത്യാ സഖ്യം ആവശ്യപ്പെട്ടു. വിദ്യാസമ്പന്നമായ കുടുംബങ്ങളിൽ നിന്നാണ് ഇതു വന്നത്. മദ്രസയിൽ നിന്നു വരുന്ന കുട്ടിയിൽ നിന്നല്ല. എല്ലാ മുസ്‌ലിംകളും ഒരുമിച്ചു വോട്ടു ചെയ്യണമെന്നാണ് ഇന്ത്യാസഖ്യം പറയുന്നത്.

ഒരുവശത്ത്, പട്ടികജാതി, വർഗ, പിന്നാക്ക, ജനറൽ വിഭാഗങ്ങളെ വിഭജിക്കാൻ ഇന്ത്യാ സഖ്യം ശ്രമിക്കുന്നു. മറുവശത്ത് അവർ വോട്ട് ജിഹാദ് എന്ന മുദ്രാവാക്യം ഉയർത്തുകയും ചെയ്യുന്നു. അവരുടെ ഉദ്ദേശ്യങ്ങൾ എത്ര അപകടകരമാണെന്ന് ഇതു കാണിക്കുന്നു. മുൻകേന്ദ്രമന്ത്രി സൽമാൻ ഖുർഷിദിന്റെ ബന്ധുവും സമാജ്‌വാദി പാർട്ടി നേതാവുമായ മരിയ ആലം ഖാൻ വോട്ട് ജിഹാദ് ആവശ്യമാണെന്ന് പറഞ്ഞതായുള്ള റിപ്പോർട്ടുകളുടെ പേരിലായിരുന്നു മോദിയുടെ മുസ്‌ലിംവിരുദ്ധ പരാമർശം.

# ഇൻഡോറിൽ കോൺഗ്രസ് സ്ഥാനാർത്ഥി 'നോട്ട'

ഇൻഡോർ: സ്ഥാനാർത്ഥി ബാക്ഡോർ വഴി എതിർപാളയത്തിലെത്തിയതിനെ തുടർന്ന് ഇൻഡോറിൽ നോട്ടയ്ക്കു കുത്താൻ ആഹ്വാനം ചെയ്ത് കോൺഗ്രസ്. ബിജെപി ജനാധിപത്യത്തെ കൊലപ്പെടുത്തിയെന്നും നോട്ടയിലൂടെ ഇതിനു മറുപടി നൽകണമെന്നുമാണ് മധ്യപ്രദേശ് കോൺഗ്രസ് ആഹ്വാനം ചെയ്തിരിക്കുന്നത്. കോൺഗ്രസ് സ്ഥാനാർത്ഥി അക്ഷയ് കാന്തി ബാം ആണ് പാർട്ടിയെ ഞെട്ടിച്ച് ബിജെപിയിൽ ചേർന്നത്.

പത്രിക പിൻവലിക്കാനുള്ള അവസാന ദിവസമായിരുന്നു അക്ഷയ് മറുകണ്ടം ചാടിയത്. ഡമ്മി സ്ഥാനാർത്ഥി മോത്തി സിംഗിന്റെ പത്രിക നേരത്തെ തള്ളിപ്പോയതിനാൽ ഇൻഡോറിൽ കോൺഗ്രസിനു സ്ഥാനാർത്ഥിയില്ലാതെയായി. ഇതോടെയാണ് നോട്ടയ്ക്കു കുത്താൻ പാർട്ടി ആഹ്വാനം ചെയ്തത്. ഇൻഡോറിൽ ഈ മാസം 13-ന് ആണ് വോട്ടെടുപ്പ് നടക്കുക.

"ഇൻഡോറിലെ വോട്ടർമാർ കഴിഞ്ഞ മുൻസിപ്പൽ, അസംബ്ലി തെരഞ്ഞെടുപ്പുകളിൽ ബിജെപിക്ക് വലിയ വിജയമാണ് നൽകിയത്. എന്നിട്ടും എതിർസ്ഥാനാർത്ഥിയെ വശീകരിച്ച് ബിജെപി, ജനാധിപത്യത്തെ കൊന്നു. വോട്ടർമാർ നോട്ടയ്ക്കു കുത്തി ബിജെപിക്ക് അർഹമായ മറുപടി നൽകണം" - മുതിർന്ന കോൺഗ്രസ് നേതാവ് ശോഭ ഓജ ആവശ്യപ്പെട്ടു.

ഇൻഡോറിൽ പാർട്ടി ഒരു സ്ഥാനാർത്ഥിയെയും പിന്തുണയ്ക്കുന്നില്ല. ബിജെപിക്കു മറുപടി നൽകാൻ വോട്ടർമാർക്ക് നോട്ടയുണ്ടെന്ന് മധ്യപ്രദേശ് കോൺഗ്രസ് അധ്യക്ഷൻ ജിതു പട്‌വാരി പറഞ്ഞു. വോട്ടർമാരുടെ കാര്യത്തിൽ സംസ്ഥാനത്തെ ഏറ്റവും വലിയ മണ്ഡലമായ ഇൻഡോറിൽ 25.13 ലക്ഷം വോട്ടർമാരാണുള്ളത്. ഇക്കുറി ഇൻഡോർ സീറ്റിൽ എട്ടുലക്ഷം വോട്ടിന്റെ ഭൂരിപക്ഷമാണ് പാർട്ടി ലക്ഷ്യമിടുന്നതെന്ന് ബിജെപി നേതാക്കൾ അവകാശപ്പെട്ടു.

ഗുജറാത്തിലെ സൂറത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥിയുടെ പത്രിക തള്ളിപ്പോകുകയും മറ്റു സ്ഥാനാർത്ഥികൾ പത്രിക പിൻവലിക്കുകയും ചെയ്തതോടെ ബിജെപി സ്ഥാനാർത്ഥി എതിരില്ലാതെ ജയിച്ചിരുന്നു.

# ഗ്രാൻഡ് മാസ്റ്റർ പദവി നേടുന്ന ആദ്യ സഹോദരങ്ങൾ

ചെന്നൈ: കൊനേരു ഹംപിക്കും ഡി. ഹരികയ്ക്കും ശേഷം ചെസ് ഗ്രാൻഡ്മാസ്റ്ററാകുന്ന ഇന്ത്യൻ വനിതയായി ആർ. വൈശാലി.

ഇന്ത്യയുടെ കൗമാര ഗ്രാൻഡ്മാസ്റ്റർ ആർ. പ്രഗ്നാനന്ദയുടെ മൂത്ത സഹോദരിയാണ് ഇരുപത്തിരണ്ടുകാരിയായ വൈശാലി. ഇതോടെ, ലോക ചെസ് ചരിത്രത്തിൽ ഗ്രാൻഡ്മാസ്റ്റർ പദവി നേടുന്ന ആദ്യ സഹോദരീ സഹോദരന്മാർ എന്ന നേട്ടം വൈശാലിയും പതിനെട്ടുകാരൻ പ്രഗ്നാനന്ദയും സ്വന്തമാക്കി.

സ്പെയിനിൽ നടന്ന ലോബ്രിഗത് ഓപ്പൺ ചെസ് ടൂർണമെന്റിലെ പ്രകടനത്തിലൂടെയാണ് 2500 എലോ പോയിന്റുകൾ എന്ന നാഴികക്കല്ല് വൈശാലി പിന്നിട്ടത്.

ഈ നേട്ടം മുൻപേ കൈവരിച്ചതാണെങ്കിലും കാനഡയിൽ നടന്ന കാൻഡിഡേറ്റ്സ് ചെസും മറ്റും കാരണം




പുതിയ ഗ്രാൻഡ്മാസ്റ്റർമാരെ പ്രഖ്യാപിക്കാൻ ലോക ചെസ് സംഘടനയായ ഫിഡ വൈകി. ഇന്ത്യൻ ചെസ് ചരിത്രത്തിലെ 84-ാം ഗ്രാൻഡ്മാസ്റ്ററാണ് വൈശാലി. 2018-ൽ വനിതാ ഗ്രാൻഡ് മാസ്റ്റർ പദവി സ്വന്തമാക്കിയിരുന്നു.


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES, CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com


കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം
KAIRALI
KAIRALI NEWS
ARABIA
Mammootty
Chairman, Kairali TV
John Brittas
Managing Director, Kairali TV
+VE VIBES @INDIANA
Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com
AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)
AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)
KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)
Jose Plackatt,
Director - Production
Tel: 972 839 9080
American Cafe
AMERICAN Focus
USA WEEKLY NEWS
PRODUCTION TEAM
New York:- Binu Thomas Tel: 516 322 3919.
New York:- Jacob Manuel Tel: 516 418 8406
Houston:- Abyson Abraham Tel: 914 439 6715.
Chicago:- Dominic Chollampel Tel: 847 436 6199
Pennsylvania:- Giji. Tel: 215 820 2125.
KAIRALI THE MALAYALAM CHANNEL
dish NETWORK
Tel:1-888-605-7572
WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം
TELEVISION

## മൂന്നാറിൽ റെക്കോർഡ് ചൂട്

മൂന്നാർ: കുളിരു തേടി മൂന്നാറിലേക്കു വരുന്നവരെ നിരാശരാക്കി ചൂട് ഉയരുന്നു. ഏപ്രിൽ 29-ന് 29 ഡിഗ്രി സെൽഷ്യസും 30-ന് 30 ഡിഗ്രിയുമാണു മൂന്നാറിൽ രേഖപ്പെടുത്തിയത്. മുൻവർഷങ്ങളെ അപേക്ഷിച്ച് രണ്ട് മുതൽ നാല് ഡിഗ്രി വരെ മൂന്നാറിൽ കൂടിയെന്നാണു വിദഗ്ധർ പറയുന്നത്. നല്ലതണ്ണിയിൽ പ്രവർത്തിക്കുന്ന യുണൈറ്റഡ് പ്ലാന്റേഴ്സ് അസോസിയേഷൻ ഓഫ് സൗത്ത് ഇന്ത്യയുടെ (ഉപാസി) നിരീക്ഷണകേന്ദ്രത്തിലെ കണക്കുകൾ പ്രകാരമാണിത്. ഇത്തവണ ഏപ്രിൽ 15 മുതൽ 30 വരെ പകൽ 28 മുതൽ 30 ഡിഗ്രി വരെയായിരുന്നു മൂന്നാറിൽ താപനില. ഇക്കാലയളവിൽ രാത്രിയും പുലർച്ചെയും 11 ഡിഗ്രി സെൽഷ്യസ് വരെയും താപനില താഴ്ന്നു. 1989-2000 കാലത്ത് പകൽ ഏറ്റവും കൂടിയ താപനില 25.6 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 16 മുതൽ 17.4 ഡിഗ്രി സെൽഷ്യസും ആയിരുന്നു. 2011-2020-ൽ പകൽ ഏറ്റവുമുയർന്ന താപനില 26.1 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനില 15.7 ഡിഗ്രി സെൽഷ്യസുമായിരുന്നു.

# കെഎസ്ആർടിസി ബസ് തടഞ്ഞ സംഭവം മനുഷ്യാവകാശ കമ്മീഷൻ അന്വേഷിക്കുന്നു

തിരുവനന്തപുരം: കെഎസ്ആർടിസി ബസ് നടുറോഡിൽ തടഞ്ഞിട്ട് ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തി അപമാനിച്ചവർക്കെതിരെയും ഇതു സംബന്ധിച്ച് പരാതി നൽകിയിട്ടും കേസെടുക്കാത്ത കന്റോൺമെന്റ് എസ്എച്ച്ഒയ്ക്കെതിരെയും നിയമനടപടി സ്വീകരിക്കണമെന്ന ബസ് ഡ്രൈവറുടെ പരാതിയെക്കുറിച്ച് അന്വേഷണത്തിനു മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറും കെഎസ്ആർടിസി മാനേജിംഗ് ഡയറക്ടറും അന്വേഷണം നടത്തി ഒരാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണമെന്നു കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സണും ജുഡീഷൽ അംഗവുമായ കെ. ബൈജുനാഥ് ഉത്തരവിട്ടു. മെയ് 9-നു തിരുവനന്തപുരത്ത് കമ്മീഷൻ ഓഫീസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

ബസ് ഡ്രൈവർ നേമം സ്വദേശി എൽ.എച്ച്. യദു സമർപ്പിച്ച പരാതിയിലാണു നടപടി. മേയർ ആര്യ രാജേന്ദ്രൻ, കെ.എൻ. സച്ചിൻദേവ്, അരവിന്ദ്, കണ്ടാലറിയാവുന്ന രണ്ടു പേർ എന്നിവർക്കെതിരെയാണ് പരാതി. കഴിഞ്ഞ മാസം 27-ന് ഇവർ കെഎസ്ആർടിസി ബസിന്റെ യാത്ര തടസപ്പെടുത്തിയെന്നു പരാതിയിൽ പറയുന്നു. തന്നെ അസഭ്യം വിളിക്കുകയും യാത്രക്കാരെ ബസിൽനിന്ന് ഇറക്കിവിടാൻ ശ്രമിക്കുകയും ചെയ്തു.

അന്നുരാത്രി 10.30-ന് കന്റോൺമെന്റ് എസ്എച്ച്ഒയ്ക്കു പരാതി നൽകിയിട്ടും കേസെടുക്കുകയോ അന്വേഷണം നടത്തുകയോ ചെയ്തില്ല. ബസിന്റെ മുൻഭാഗത്തുള്ള കാമറകൾ പരിശോധിച്ചാൽ നടന്നത് ബോധ്യമാകും. എന്നാൽ യാതൊരു അന്വേഷണവും നടത്താതെ തനിക്കെതിരെ കേസെടുത്തു.

കന്റോൺമെന്റ് എസ്എച്ച്ഒയെ അന്വേഷണ ചുമതലയിൽനിന്നു മാറ്റി മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷിക്കണമെന്നാണ് ഒരു ആവശ്യം. ഒന്നു മുതൽ അഞ്ചു വരെയുള്ള എതിർകക്ഷികൾക്കെതിരെ ഔദ്യോഗിക കൃത്യനിർവഹണം തടസപ്പെടുത്തിയതിനും തന്നെയും യാത്രക്കാരെയും സഞ്ചരിക്കാൻ അനുവദിക്കാത്തതിനുമെതിരെ അന്വേഷണം നടത്തി നിയമനടപടി സ്വീകരിക്കണമെന്നും പരാതിക്കാരൻ ആവശ്യപ്പെട്ടു.

# വീട്ടമ്മയുടെ ചിതയ്ക്കു തീകൊളുത്തിയത് മകന്റെ ഹൃദയം സ്വീകരിച്ചയാൾ

കണ്ണൂർ: സജനയുടെ ചിതയിൽ അഗ്നി പകർന്ന നിമിഷം അശോകിന്റെ 'ഹൃദയത്തിലിരുന്ന്' വിഷ്ണു മിടിച്ചു. ആ ഹൃദയം അശോകിന്റെ കൈകളിലെ തീനാളത്തോടു പറഞ്ഞിട്ടുണ്ടാകും; അതു നമ്മുടെ അമ്മയാണെടാ...



മകന്റെ ഹൃദയം സ്വീകരിച്ചയാൾ അമ്മയുടെ ചിതയ്ക്കു തീ കൊളുത്തിയ ആ നിമിഷം കണ്ടുനിന്നവരുടെയും ഹൃദയമെരിഞ്ഞു.

സജനയുടെ മകൻ വിഷ്ണുവിന്റെ ഹൃദയമാണ് അശോകിന്റെയുള്ളിൽ മിടിക്കുന്നത്. കഴിഞ്ഞ വർഷം കോഴിക്കോട് ഉണ്ടായ ബൈക്കപകടത്തിൽ പരുക്കേറ്റ വിഷ്ണുവിനായി നാട്ടുകാർ ചികിത്സാസഹായ സമിതി രൂപീകരിച്ച സമയത്താണു മസ്തിഷ്കമരണം സ്ഥിരീകരിക്കുന്നത്.

കുടുംബമാകെ തളർന്നുപോയെങ്കിലും അവന്റെ അവയവങ്ങൾ ദാനം ചെയ്യാൻ അച്ഛൻ കണ്ണൂർ പൂപ്പറമ്പ് പൂവേൻവീട്ടിൽ ഷാജിയും അമ്മ സജനയും



സഹോദരി നന്ദനയും തീരുമാനിച്ചു.

വേദനയുടെയും വേർപാടിന്റെയും വിങ്ങൽ കാൻസർ രോഗിയായ സജനയ്ക്ക് നന്നായി അറിയാമായിരുന്നു. അവയവങ്ങൾ സ്വീകരിക്കുന്നതിലൂടെ മകനെ കാണാമല്ലോ എന്നവർ ആശ്വസിച്ചു. സർക്കാരിന്റെ മൃതസഞ്ജീവനി പദ്ധതിവഴി സൗജന്യമായി വിഷ്ണുവിന്റെ വൃക്കകളും ഹൃദയവും കരളും ദാനം ചെയ്തു. ഒരൊറ്റ നിബന്ധന മാത്രം വെച്ചു- സ്വീകർത്താക്കളെ നേരിൽ കാണണം.

വിഷ്ണുവിന്റെ ഹൃദയം സ്വീകരിച്ച പത്തനംതിട്ട കുറുങ്ങഴ ചാലുങ്കാൽ വീട്ടിൽ അശോക് വി. നായർ (44) അന്നാണ് സജനയെ (48) ആദ്യമായി കാണുന്നത്. പിന്നീട് അശോക് ഇടയ്ക്കിടെ സജനയെ കാണാനെത്തി; വേദനകളിൽ കൂട്ടിരുന്നു. വിഷ്ണുവിന്റെ കഥകൾ കേട്ടു. അങ്ങനെ, ഹൃദയംകൊണ്ട് അശോക് സജനയുടെ മകനായി.

കാൻസർ ചികിത്സയ്ക്കിടെ സജനയുടെ ഹൃദയമിടിപ്പു നിലച്ചപ്പോൾ അശോക് ഓടിയെത്തി. ഷാജിയുടെ അഭ്യർഥനപ്രകാരം അന്ത്യകർമം ചെയ്തു.

# മൂന്ന് എൽഡിഎഫ് നേതാക്കളുടെ രാജ്യസഭാ കാലാവധി ജൂലൈ ഒന്നിന് അവസാനിക്കുന്നു

തിരുവനന്തപുരം: എൽഡിഎഫിലെ മൂന്നു നേതാക്കളുടെ രാജ്യസഭാംഗത്വ കാലാവധി ജൂലൈ ഒന്നിന് അവസാനിക്കുന്നു. സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം, കേരള കോൺഗ്രസ്-എം ചെയർമാൻ ജോസ് കെ. മാണി, സിപിഎം നേതാവ് എളമരം കരീം എന്നിവരുടെ രാജ്യസഭാംഗത്വ കാലാവധിയാണ് അവസാനിക്കുന്നത്. ഇതേത്തുടർന്ന് പുതിയ രാജ്യസഭാംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രാഥമിക നടപടി തുടങ്ങി. ജൂണിൽ തുടങ്ങുന്ന നിയമസഭാ സമ്മേളനത്തിനിടെ തെരഞ്ഞെടുപ്പു നടക്കാനാണു സാധ്യത.

ഇടതുമുന്നണിയിലെ മൂന്ന് രാജ്യസഭാംഗങ്ങളുടെ കാലാവധിയാണ് അവസാനിക്കുന്നതെങ്കിലും നിയമസഭയിലെ ഇപ്പോഴത്തെ അംഗബലത്തിന്റെ അടിസ്ഥാനത്തിൽ ഇതിൽ രണ്ടെണ്ണം മാത്രമേ എൽഡിഎഫിനു ലഭിക്കുകയുള്ളൂ. ഒരു സീറ്റിൽ യുഡിഎഫ് സ്ഥാനാർത്ഥിയെ വിജയിപ്പിക്കാൻ കഴിയും. എൽഡിഎഫിനു ലഭിക്കാൻ ഇടയുള്ള രണ്ടു സീറ്റുകൾ സിപിഎമ്മിനും സിപിഐക്കും നൽകാനാണു സാധ്യത. എന്നാൽ, കേരള കോൺഗ്രസ്-എം ആവശ്യം ഉന്നയിച്ചാൽ ഒഴിവാക്കാനും കഴിയില്ല. പകരം പല പേരുകളും ചർച്ചകളിൽ സജീവമാണ്. ഇടതു മുന്നണി ധാരണയുടെ അടിസ്ഥാനത്തിലാകും ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുക. ലോക്സഭാ തെരഞ്ഞെടുപ്പിനു തൊട്ടു പിന്നാലെയെത്തുന്ന രാജ്യസഭാ സ്ഥാനാർത്ഥി നിർണയമാകും ഇനി നിർണായകം.


യുഡിഎഫിന് ലഭിക്കുന്ന ഏക സീറ്റ് ഇപ്പോഴത്തെ സാമുദായിക സമവാക്യത്തിന്റെ അടിസ്ഥാനത്തിൽ കോൺഗ്രസ് പ്രതിനിധിക്കാകും നൽകുക. കോൺഗ്രസിനും മുസ്‌ലിം ലീഗിനും ഇപ്പോൾ രാജ്യസഭയിലുള്ള അംഗങ്ങൾ ഒരേ സമുദായത്തിൽനിന്നുള്ളവരായതിനാൽ സീറ്റിൽ കോൺഗ്രസ് സ്ഥാനാർത്ഥി വരാനാണു സാധ്യത. തുടർന്ന് 2027-ൽ ഒഴിവു വരുന്ന സീറ്റുകളിൽ ഒന്ന് ലീഗിനു നൽകും.






# അയോധ്യ രാമക്ഷേത്രത്തിൽ പ്രധാനമന്ത്രി ദർശനം നടത്തി

അയോധ്യ: പ്രധാനമന്ത്രി നരേന്ദ്ര മോദി അയോധ്യയിലെ രാമക്ഷേത്രത്തിൽ ദർശനം നടത്തി. തെരഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഭാഗമായി റോഡ്ഷോ നടത്തിയശേഷമാണ് മോദി ദർശനത്തിനെത്തിയത്. ജനുവരി 22-ന് രാമക്ഷേത്ര പ്രതിഷ്ഠാ ചടങ്ങിന് നേതൃത്വം നൽകിയശേഷം അദ്ദേഹം ആദ്യമായാണ് ക്ഷേത്രത്തിലെത്തിയത്. മോദിയെ സ്വാഗതം ചെയ്യാനായി പ്രധാന ഗേറ്റ് അലങ്കരിച്ചിരുന്നു. ശ്രീരാമ ഭഗവാന്റേതുപോലെ വിശാലമാണ് അയോധ്യയിലെ ജനങ്ങളുടെ ഹൃദയമെന്ന് സന്ദർശനത്തെക്കുറിച്ച് സമൂഹമാധ്യമത്തിൽ മോദി കുറിച്ചു. അടുത്ത 20-നാണ് അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദ് മണ്ഡലത്തിലെ വോട്ടെടുപ്പ്. യുപി മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ഫൈസാബാദിലെ ബിജെപി സ്ഥാനാർത്ഥി ലല്ലു സിങ് എന്നിവരും പ്രധാനമന്ത്രിയെ അനുഗമിച്ചു.


അയോധ്യ രാമക്ഷേത്രത്തിൽ പ്രാർത്ഥിക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി

# റായ്ബറേലിയിലും അമേഠിയിലും പ്രിയങ്ക പ്രചാരണം നടത്തും

ന്യൂഡൽഹി: റായ്ബറേലി, അമേഠി മണ്ഡലങ്ങളുടെ മുഴുവൻസമയ പ്രചാരണച്ചുമതല ഏറ്റെടുത്ത് പ്രിയങ്ക ഗാന്ധി. മെയ് ആറിനു റായ്ബറേലിയിൽ എത്തുന്ന പ്രിയങ്ക വോട്ടെടുപ്പു നടക്കുന്ന 20 വരെ ഇരുമണ്ഡലങ്ങളിലുമായി പ്രവർത്തിക്കും. രണ്ടിടത്തുമായി നൂറുകണക്കിനു ഗ്രാമസഭകളിൽ പങ്കെടുക്കും. ബൂത്തുതല ഏകോപനം മുതൽ പ്രചാരണം നിയന്ത്രിക്കും.

അമേഠിയിൽ പ്രിയങ്ക മത്സരിക്കാനെത്തുമെന്നു പ്രാദേശിക കോൺഗ്രസ് നേതൃത്വം പ്രതീക്ഷിച്ചിരുന്നു. എന്നാൽ, തൽക്കാലം മത്സരത്തിനിറങ്ങുന്നില്ലെന്നു പ്രിയങ്ക തീരുമാനിച്ചതോടെയാണ് കെ.എൽ. ശർമയ്ക്ക് നറുക്കുവീണത്. ഇതിൽ പ്രവർത്തകർ നിരാശ അറിയിച്ചതുകൂടി കണക്കിലെടുത്താണ് പ്രിയങ്ക തന്നെ അമേഠിയിലെ പ്രചാരണത്തിനു ചുക്കാൻ പിടിക്കുന്നത്.

അതേസമയം, അനുഭവപരിചയമുള്ള രാഷ്ട്രീയക്കാരനാണു താനെന്നും ഗാന്ധി-നെഹ്റു കുടുംബത്തിന്റെ പരിചാരകനല്ലെന്നും അമേഠിയിലെ കോൺഗ്രസ് സ്ഥാനാർത്ഥി കെ.എൽ. ശർമ പറഞ്ഞു. ഗാന്ധികുടുംബം അവരുടെ ശിപായിയെയാണ് അമേഠിയിൽ സ്ഥാനാർത്ഥിയാക്കിയതെന്നു റായ്ബറേലിയിലെ ബിജെപി സ്ഥാനാർത്ഥി ദിനേഷ് പ്രതാപ് സിങ്ങിന്റെ ആരോപണത്തോടു പ്രതികരിക്കുകയായിരുന്നു അദ്ദേഹം. 'യൂത്ത് കോൺഗ്രസ് പ്രവർത്തകനായി 1983 മുതൽ ഞാനിവിടെയുണ്ട്. കറകളഞ്ഞൊരു രാഷ്ട്രീയക്കാരനാണു ഞാൻ' - ശർമ പറഞ്ഞു.

# 18 സീറ്റുകളിൽ യുഡിഎഫ് വിജയിക്കുമെന്ന് കെപിസിസി

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ 18 സീറ്റുകളിൽ യുഡിഎഫിന്റെ വിജയം സുനിശ്ചിതമെന്നു കെപിസിസി വിലയിരുത്തൽ. നാലിടത്ത് കടുത്ത മത്സരമുണ്ടെങ്കിലും രണ്ടിടത്തു മാത്രമേ സംശയത്തിന്റെ നേരിയ കണികയുള്ളൂ. എന്നാൽ, അപ്പോഴത്തെ രാഷ്ട്രീയ സാഹചര്യത്തിൽ യുഡിഎഫ് 20 സീറ്റിലും വിജയിച്ചാലും അത്ഭുതപ്പെടേണ്ടതില്ലെന്നാണ് കോൺഗ്രസ് വിലയിരുത്തൽ.

കടുത്ത ത്രികോണ പോരാട്ടം നടന്ന തൃശൂരിൽ 20,000-ത്തിൽ കൂടുതൽ വോട്ടിന് വിജയിക്കുമെന്ന് സ്ഥാനാർത്ഥിയായ കെ. മുരളീധരൻ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

നാല് മണ്ഡലങ്ങളിലാണ് കടുത്ത പോരാട്ടം നടന്നതെന്നാണ് വിലയിരുത്തൽ. ആറ്റിങ്ങൽ, മാവേലിക്കര, ആലത്തൂർ, കണ്ണൂർ. ഇതിൽ മാവേലിക്കരയിൽ കടുത്ത മത്സരമായിരുന്നെങ്കിലും വിജയിക്കുമെന്നു സ്ഥാനാർത്ഥി കൊടിക്കുന്നിൽ സുരേഷ് പറഞ്ഞു. കണ്ണൂരിൽ കെ. സുധാകരനും ആത്മവിശ്വാസം പ്രകടിപ്പിച്ചു.

ചില പ്രത്യേക മതവിഭാഗങ്ങൾ സഹായിച്ചെന്നു പേരെടുത്തു പറഞ്ഞായിരുന്നു സുധാകരന്റെ ആത്മവിശ്വാസം.

ആലത്തൂരിൽ എത്ര വോട്ടിനു ജയിക്കുമെന്നു സ്ഥാനാർത്ഥിയായ രമ്യ ഹരിദാസ് പറഞ്ഞില്ല. ആറ്റിങ്ങലിൽ 1.60 ലക്ഷത്തോളം കള്ളവോട്ടുകളുണ്ടായിരുന്നുവെന്ന് സ്ഥാനാർത്ഥിയായ അടൂർ പ്രകാശ് പറഞ്ഞു.

കഴിഞ്ഞതവണ കള്ളവോട്ട് തടഞ്ഞതുമൂലമാണ് ജയിക്കാനായത്. കാസർഗോഡ് 80,000-ത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിക്കുമെന്നു സ്ഥാനാർത്ഥി രാജ്മോഹൻ ഉണ്ണിത്താൻ പറഞ്ഞു.



അവലോകനത്തിനായി ചേർന്ന കെപിസിസി നേതൃയോഗത്തിൽ കെ. സുധാകരൻ, ആക്ടിംഗ് പ്രസിഡണ്ട് എം.എം. ഹസൻ, രമേശ് ചെന്നിത്തല എഐസിസി ജന. സെക്രട്ടറി ദീപ ദാസ്മുൻഷി, കെ.സി. വേണുഗോപാൽ, വി.ഡി. സതീശ ൻ എന്നിവർ.

തെരഞ്ഞെടുപ്പ് ഫണ്ടുമായി ബന്ധപ്പെട്ട പരാതികളും കാര്യമായി ഉയർന്നില്ല. കഴിഞ്ഞതവണ ലഭിച്ചതിനേക്കാൾ കൂടുതൽ ഭൂരിപക്ഷം ലഭിക്കുമെന്നായിരുന്നു ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽ 20 സീറ്റും നേടുമെന്ന യുഡിഎഫിന്റെ ആത്മവിശ്വാസം കൂടുതൽ ഉയർന്ന തരത്തിലാണ് കെപിസിസി നേതൃയോഗത്തിന്റെ വിലയിരുത്തലെന്ന് ആക്ടിംഗ് പ്രസിഡണ്ട് എം.എം. ഹസൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

# താമരശേരി മുൻ വികാരി ജനറാൾ ഫാ. മാത്യു മാവേലിൽ അന്തരിച്ചു

കോട്ടയം: താമരശേരി രൂപതാ മുൻ വികാരി ജനറൽ ഫാ. മാത്യു മാവേലിൽ (74) അന്തരിച്ചു. ഹൃദയ സ്തംഭനത്തെത്തുടർന്നാണ് അന്ത്യം.

കൈനകരിയിലെ വീട്ടിലേക്കുള്ള യാത്രാമദ്ധ്യേ ട്രെയിനിൽ വെച്ച് അസ്വസ്ഥത അനുഭവപ്പെടുകയായിരുന്നു. അങ്കമാലിക്കടുത്തുവെച്ച് കുഴഞ്ഞുവീണ അച്ചനെ തുടർന്ന് ടിടിആർ തന്നെ ആംബുലൻസ് വിളിച്ച് രാജഗിരി ആശുപത്രിയിൽ എത്തിക്കുകയായിരുന്നു.

മെയ് 6-ന് രാവിലെ ഏഴു മണിക്ക് മരണം സ്ഥിരീകരിച്ചു.



# ഒൻപത് വയസ്സുകാരൻ കയ്യും കാലും കെട്ടി വേമ്പനാട്ടുകായൽ നീന്തിക്കടന്നു

വൈക്കം: വേമ്പനാട്ടുകായലിലെ ഓളപ്പരപ്പിലൂടെ, കയ്യും കാലും ബന്ധിച്ച ഒൻപത് വയസ്സുകാരൻ ആരൺ രോഹിത്ത് പ്രകാശ് നീന്തിക്കടന്നത് 4.5 കിലോമീറ്റർ.

കോതമംഗലം മാതിരപ്പിള്ളി രോഹിത് ഭവനിൽ രോഹിത് പി. പ്രകാശ്, ആതിര എന്നിവരുടെ മകനും കോതമംഗലം ഗ്രീൻവാലി പബ്ലിക് സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥിയുമാണ് ആരൺ രോഹിത് പ്രകാശ്. ഒരു മണിക്കൂർ 51 മിനിറ്റ് കൊണ്ടാണു ലക്ഷ്യം പൂർത്തിയാക്കിയത്.

ആലപ്പുഴ ജില്ലയിലെ ചേർത്തല തവണക്കടവിൽ നിന്നു കോട്ടയം ജില്ലയിലെ വൈക്കം ബീച്ചിലേക്കാണു നീന്തിയത്. വേൾഡ്വൈഡ് ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം പിടിക്കുകയാണു ലക്ഷ്യം.




കയ്യും കാലും കെട്ടി 4.5 കിലോമീറ്റർ നീന്തിക്കടക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ കുട്ടിയാണ് ആരൺ. ഡോൾഫിൻ അക്വാറ്റിക് ക്ലബിലെ ബിജു തങ്കപ്പനാണു പരിശീലനം നൽകിയത്.

കായൽ നീന്തിക്കടന്നു വൈക്കത്ത് എത്തിയ ആരണിന്റെ കൈകാലുകളിലെ കെട്ട് കോതമംഗലം നഗരസഭാ ഉപാധ്യക്ഷ സിന്ധു ഗണേശൻ അഴിച്ചുമാറ്റി. തുടർന്നു നടത്തിയ അനുമോദന സമ്മേളനം ആന്റണി ജോൺ എംഎൽഎ ഉദ്ഘാടനം ചെയ്തു.

# കെജ്‌രിവാളിന് ഇടക്കാല ജാമ്യം പരിഗണിക്കാമെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പ് പ്രചാരണത്തിനായി ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് ഇടക്കാല ജാമ്യം നൽകുന്നതു പരിഗണിക്കാമെന്ന് സുപ്രീംകോടതി.



ഡൽഹി മദ്യനയക്കേസിലെ ഇഡി അറസ്റ്റ് ചോദ്യം ചെയ്തു കെജ്‌രിവാൾ സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് സഞ്ജീവ് ഖന്ന, ദീപാങ്കർ ദത്ത എന്നിവരടങ്ങിയ ബെഞ്ച് ഇക്കാര്യം അറിയിച്ചത്. എന്നാൽ, ഇത് അന്തിമ തീരുമാനമല്ലെന്നും വാദം പൂർത്തിയായില്ലെങ്കിൽ ഇക്കാര്യം പരിഗണിക്കാമെന്നും ബെഞ്ച് വ്യക്തമാക്കി. ഹർജി വീണ്ടും ഏഴിന് പരിഗണിക്കും.

യാതൊരു തെളിവുമില്ലാതെയാണ് ഇഡി അറസ്റ്റ് ചെയ്തതെന്നും അറസ്റ്റ് നിയമവിരുദ്ധമാണെന്നും കെജ്‌രിവാളിനുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ മനു അഭിഷേക് സിംഗ്‌വി വ്യക്തമാക്കി. ഇഡി അയച്ച ഒമ്പത് സമൻസുകൾക്കും മറുപടി നൽകിയെന്നും ഹാജരാകാൻ കഴിയാത്തത് അറസ്റ്റിനുള്ള മാർഗമല്ലെന്നും സിംഗ്‌വി ചൂണ്ടിക്കാട്ടി. എന്നാൽ, കെജ്‌രിവാളിന്റെ അറസ്റ്റ് പെട്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ കൈക്കൊണ്ട തീരുമാനമല്ലെന്നും സ്പെഷൽ കോടതി ജഡ്ജിയുടെ അനുമതിയോടെയാണ് അറസ്റ്റ് ചെയ്തതെന്നും ഇഡിക്കുവേണ്ടി ഹാജരായ അഡീഷണൽ സോളിസിറ്റർ ജനറൽ എസ്.വി. രാജു ചൂണ്ടിക്കാട്ടി.

അറസ്റ്റിനെതിരെ ഡൽഹി ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനെ സമീപിച്ചെങ്കിലും രേഖകൾ പരിശോധിച്ച കോടതി കേസിൽ ഇടപെടാനില്ലെന്നു വ്യക്തിമാക്കിയെന്നും എസ്.വി. രാജു കോടതിയിൽ പറഞ്ഞു.

ഡൽഹി മദ്യനയവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ മാർച്ച് 21-നാണ് കെജ്‌രിവാളിനെ ഇഡി അറസ്റ്റ് ചെയ്തത്. ഇദ്ദേഹം നിലവിൽ തിഹാർ ജയിലിൽ ജുഡീഷൽ കസ്റ്റഡിയിലാണ്.

# നാവികസേനാ മേധാവി അഡ്മിറൽ ഹരികുമാർ പടിയിറങ്ങി

ന്യൂഡൽഹി: നാവികസേനയുടെ തലപ്പത്തുനിന്ന് മലയാളിയായ അഡ്മിറൽ ആർ. ഹരികുമാർ പടിയിറങ്ങി. പുതിയ മേധാവിയായി അഡ്മിറൽ ദിനേഷ് കെ. ത്രിപാഠി ചുമതലയേറ്റു. സേനാ അസ്ഥാനത്തു നടന്ന ചടങ്ങിൽ അമ്മയുടെ കാൽതൊട്ടു വന്ദിച്ചാണ് നാവികസേനയുടെ സാരഥ്യം അദ്ദേഹം ഏറ്റെടുത്തത്. സാങ്കേതികവിദ്യയിലടക്കം സ്വയംപര്യാപ്തത കൈവരിക്കാനുള്ള സേനയുടെ ശ്രമങ്ങൾക്കു ശക്തി പകരുമെന്ന് ത്രിപാഠി പറഞ്ഞു.



നാവികസേനയുടെ പുതിയ മേധാവി അഡ്മിറൽ ദിനേഷ് കെ. ത്രിപാഠി (വലത്ത്) അഡ്മിറൽ ആർ. ഹരികുമാറിനൊപ്പം

1985 ജൂലൈ ഒന്നിനു സേനയിൽ ചേർന്ന ത്രിപാഠി മധ്യപ്രദേശിലെ രേവയിലുള്ള സൈനിക് സ്കൂൾ, പുണെ നാഷണൽ ഡിഫൻസ് അക്കാദമി, വെല്ലിങ്ടൻ ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളജ്, യുഎസിലെ നേവൽ കമാൻഡ് കോളജ് എന്നിവിടങ്ങളിലായാണു പഠനം പൂർത്തിയാക്കിയത്. പടക്കപ്പലുകളായ ത്രിശൂൽ, വിനാശ്, കിർച്ച് എന്നിവയുടെ കമാൻഡിങ് ഓഫിസറായിരുന്നു. മുംബൈ ആസ്ഥാനമായ പടിഞ്ഞാറൻ നാവിക കമാൻഡിൽ ഫ്ളാഗ് ഓഫിസർ കമാൻഡിങ്, നേവൽ ഓപ്പറേഷൻസ് ഡയറക്ടർ ജനറൽ എന്നീ പദവികളും വഹിച്ചു.

നാവികസേനയെ രണ്ടര വർഷം നയിച്ച ശേഷമാണ് അഡ്മിറൽ ആർ. ഹരികുമാർ പടിയിറങ്ങിയത്. തിരുവനന്തപുരം സ്വദേശിയായ അദ്ദേഹം 2021 നവംബർ 30-നാണ് സേനാമേധാവിയായത്. ഇന്ത്യൻ സമുദ്രമേഖലയിൽ ചൈന കടന്നുകയറ്റ നീക്കങ്ങൾ ഊർജിതമാക്കിയ വേളയിലാണു സേനയുടെ തലപ്പത്തു ഹരികുമാർ എത്തിയത്. ചൈനയുടെ നീക്കങ്ങളെ പ്രതിരോധിച്ച് ഇന്ത്യയുടെ സമുദ്രമേഖല സുരക്ഷിതമായി കാക്കാൻ അദ്ദേഹത്തിനു സാധിച്ചു. കടൽക്കൊള്ളക്കാരെ നേരിടാൻ സേന നടത്തിയ കരുത്തുറ്റ നടപടികൾക്കും ചുക്കാൻ പിടിച്ചു. കൊച്ചി കപ്പൽശാലയിൽ നിർമിച്ച വിമാനവാഹിനിക്കപ്പലായ ഐഎൻഎസ് വിക്രാന്ത് സേനയുടെ ഭാഗമായപ്പോഴും തലപ്പത്തു ഹരികുമാറായിരുന്നു. അഗ്നിപഥ് പദ്ധതി നാവികസേനയിൽ കാര്യക്ഷമമായി നടപ്പാക്കാനും നേതൃത്വം വഹിച്ചു.

# ചടങ്ങുകൾ നടക്കാത്ത ഹിന്ദു വിവാഹത്തിനു സാധുതയില്ല: സുപ്രീം കോടതി

ന്യൂഡൽഹി: ആചാരപ്രകാരം ചടങ്ങുകളോടെയുള്ള വിവാഹങ്ങൾക്കു മാത്രമേ 1955-ലെ ഹിന്ദു വിവാഹ നിയമപ്രകാരം സാധുതയുള്ളൂവെന്ന് സുപ്രീംകോടതി വ്യക്തമാക്കി. രജിസ്റ്റർ ചെയ്തതുകൊണ്ടു മാത്രം വിവാഹത്തിനു സാധുത ലഭിക്കില്ലെന്ന് ജഡ്ജിമാരായ ബി.വി. നാഗരത്ന, അഗസ്റ്റിൻ ജി. മസി എന്നിവരുടെ ബെഞ്ച് പറഞ്ഞു. നിയമത്തിലെ ഏഴാം വകുപ്പനുസരിച്ച്, ആചാരപ്രകാരമുള്ള ചടങ്ങുകളോടെയാകണം വിവാഹം. എട്ടാം വകുപ്പനുസരിച്ച് രജിസ്ട്രേഷൻ. ചടങ്ങുകളോടെ വിവാഹം നടന്നുവെന്നതിന്റെ തെളിവു മാത്രമാണ് രജിസ്ട്രേഷൻ. അല്ലാതെ, രജിസ്ട്രേഷൻ മാത്രം നടത്തിയതുകൊണ്ട് വിവാഹം നിയമപരമാകില്ല - കോടതി വിശദീകരിച്ചു.


വിവാഹം കച്ചവട ഇടപാടല്ല, രണ്ട് പേർ തമ്മിൽ ബന്ധം സ്ഥാപിക്കുന്ന പവിത്രമായ ചടങ്ങാണ്. എന്നാൽ, വിസ നേടി മറ്റു രാജ്യങ്ങളിലേക്കു പോകുന്നതുൾപ്പെടെയുള്ള പ്രായോഗിക കാരണങ്ങളാലും സമയം ലാഭിക്കാനുമായി ആദ്യം രജിസ്ട്രേഷൻ. പിന്നീട് വിവാഹച്ചടങ്ങ് എന്ന പ്രവണതയുണ്ട്. മാറ്റിവെച്ച ചടങ്ങ് പിന്നീടു നടന്നില്ലെങ്കിൽ കക്ഷികളുടെ സ്ഥിതി എന്താവും, അവരെ ഭാര്യയും ഭർത്താവുമെന്നു കരുതാമോ? - കോടതി ചോദിച്ചു.

ഹൈന്ദവ സമൂഹത്തിന്റെ സംസ്കാരത്തിന്റെ ഭാഗമായ വിവാഹത്തിനു മഹത്തായ മൂല്യം കൽപിക്കണം. അത് എത്ര പവിത്രമാണെന്ന് ബന്ധത്തിനു മുൻപുതന്നെ ചെറുപ്പക്കാർ ചിന്തിക്കണം. അത് പാട്ടിനും ആട്ടത്തിനും വിരുന്നിനും സ്ത്രീധനവും സമ്മാനങ്ങളും ചോദിക്കാനും വാങ്ങാനും അതിനു സമ്മർദം ചെലുത്തി പിന്നീടു ക്രിമിനൽ നടപടികളിൽ എത്താനുമുള്ളതല്ല- കോടതി വിശദീകരിച്ചു.


ചടങ്ങുകൾ നടത്താതെ, രജിസ്ട്രേഷൻ മാത്രം നടത്തിയുള്ള വിവാഹം അസാധുവെന്നു പ്രഖ്യാപിക്കണമെന്ന് രണ്ട് പേർ ചേർന്നു നൽകിയ ഹർജി അനുവദിച്ചുള്ള ഉത്തരവിലാണ് കോടതിയുടെ വിധി. ഹർജിക്കാർ ആദ്യം വിവാഹം രജിസ്റ്റർ ചെയ്തു, ചടങ്ങ് പിന്നീടു നടത്താൻ തീരുമാനിച്ചു. അതിനിടെ ഇരുവരും തമ്മിൽ ഭിന്നതകളുണ്ടായി. പുരുഷൻ വിവാഹ മോചനത്തിനു ബിഹാറിലെ മുസർഫർപുരിൽ ഹർജി നൽകി. ഹർജി താൻ താമസിക്കുന്ന റാഞ്ചിയിലേക്കു മാറ്റണമെന്ന ആവശ്യവുമായി സ്ത്രീ സുപ്രീം കോടതിയെ സമീപിച്ചു. ഇതു കോടതിയുടെ പരിഗണനയിലിരിക്കെയാണ് വിവാഹം അസാധുവാക്കണമെന്ന് ഇരുവരും ചേർന്ന് ആവശ്യപ്പെട്ടത്.

# പുതിയ ജലക്കരടി 'ചന്ദ്രയാനി'

കളമശേരി: തമിഴ്നാട്ടിലെ മണ്ഡപം തീരത്തു നിന്നു പുതിയ ഇനം ജലക്കരടിയെ (ടാർഡിഗ്രേഡ്) കണ്ടെത്തി. ചന്ദ്രയാൻ -3 ദൗത്യത്തോടുള്ള ആദരസൂചകമായി ഈ സൂക്ഷ്മജീവിക്കു ഗവേഷകർ 'ബാറ്റിലിപ്സ് ചന്ദ്രയാനി' എന്നു നാമകരണം നടത്തി. ചന്ദ്രന്റെ രഹസ്യങ്ങൾ അനാവരണം ചെയ്യാനുള്ള ബഹിരാകാശ ദൗത്യം പോലെ സമുദ്രങ്ങൾക്കുള്ളിൽ മറഞ്ഞിരിക്കുന്ന കണ്ടെത്തലുകളുടെ വിശാലമായ സാധ്യത ചന്ദ്രയാനി ജലക്കരടിയും തുറന്നിടുന്നതായി ഗവേഷകർ അവകാശപ്പെട്ടു. കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. എസ്. ബിജോയ് നന്ദൻ, കുസാറ്റിലെ ഗവേഷക വിദ്യാർത്ഥി എൻ. കെ. വിഷ്ണുദത്തൻ എന്നിവർ നടത്തിയ സർവേയിലാണു കണ്ടെത്തൽ. ഇന്ത്യൻ കടലിൽനിന്നു ജലക്കരടിയെ ശാസ്ത്രീയമായി വർഗീകരിക്കുന്നത് മൂന്നാം തവണയാണ്. 2021-ൽ ഇതേ ഗവേഷക സംഘം തെക്കുപടിഞ്ഞാറൻ തീരത്തു നിന്നു സ്റ്റൈഗാർക്റ്റസ് കേരളൻ സിസിനെയും 2023-ൽ തെക്കുകിഴക്കൻ തീരത്തു നിന്നു ബാറ്റിലിപ്സ് കലാമിയെയും കണ്ടെത്തിയിരുന്നു. ബാറ്റിലിപ്പസ് ജനുസിലെ 39-ാം ഇനമാണ് ബാറ്റിലിപ്സ് ചന്ദ്രയാനി.



ബാറ്റിലിപ്സ് ചന്ദ്രയാനിയുടെ മൈക്രോസ്കോപിക് ചിത്രം



PURCHASE AND REFINANCE MORTGAGES
CALL ME @ 847 471 4423
BIJU JAMES
Mortgage Loan Originator
NMLS# 2023450
bijujamescitywide@gmail.com
(847) 471 4423
- Pre Approvals in minutes !!!
- Low Down Payments for Qualified Customers
Illinois Residential Mortgage Licensee
Citywide Mortgage of America Corp.
Officee: (773) 202-2600, Fax: (773) 202 2605
NMLS (Office)# 255253
Visit: www.citywidema.com
4323 W Irving Park 1B, Chicago, Illinois 60641


വഴിത്താരകൾ
കേരളാ എക്സ്പ്രസ് KERALA EXPRESS
കേരളാ എക്സ്പ്രസ്സിന്റെ പുതിയ പംക്തി
നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം
ഇനി ലോകം നിങ്ങളെ അറിയട്ടെ
ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ
വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഡ്രൈവിങ് ടെസ്റ്റ് ബഹിഷ്കരിച്ച് പ്രതിഷേധം

തിരുവനന്തപുരം: കേരളത്തിലെ ഡ്രൈവിങ് ലൈസൻസ് ടെസ്റ്റ് കൊണ്ടുവന്ന പരിഷ്കരണം നടപ്പാക്കാനാകാതെ പാളി. മെയ് രണ്ടു മുതൽ പുതിയ മാനദണ്ഡമനുസരിച്ച് ടെസ്റ്റ് നടത്താനായിരുന്നു തീരുമാനം. ഡ്രൈവിങ് സ്കൂളുകൾ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ പ്രതിഷേധത്തിനിറങ്ങിയതോടെ, കേരളത്തിൽ ഒരിടത്തും ടെസ്റ്റ് നടത്താനായില്ല. അടിസ്ഥാനസൗകര്യം ഒരുക്കാതെയും കൃത്യമായ മാർഗനിർദേശമില്ലാതെയും പരിഷ്കരണം നടപ്പാക്കാനുള്ള തീരുമാനം ഉദ്യോഗസ്ഥരെയും ആശയക്കുഴപ്പത്തിലാക്കി. അനിശ്ചിതകാലത്തേക്കാണ് ഡ്രൈവിങ് സ്കൂൾ ഉടമകൾ പണിമുടക്ക് പ്രഖ്യാപിച്ചത്. പരിഷ്കരണം നടപ്പാക്കാൻ ഇറക്കിയ സർക്കുലർ പിൻവലിക്കണമെന്നാണ് ആവശ്യം. മെയ് രണ്ടുമുതൽ പരിഷ്കാരം നടപ്പാക്കുമെന്നായിരുന്നു മന്ത്രിയുടെ പ്രഖ്യാപനം. മലപ്പുറത്ത് ടെസ്റ്റിങ് ഗ്രൗണ്ട് പ്രതിഷേധക്കാർ അടച്ചുകെട്ടി.



ടെസ്റ്റിനുള്ള വാഹനങ്ങളും നൽകിയില്ല. പ്രതിഷേധത്തിനുപിന്നിൽ മാഫിയയാണെന്നായിരുന്നു മന്ത്രി കെ.ബി. ഗണേഷ്കുമാറിന്റെ പ്രതികരണം. ഇത് കൂടുതൽ പ്രതിഷേധത്തിനിടയാക്കി. മന്ത്രി പ്രസ്താവന പിൻവലിച്ചു മാപ്പുപറയണമെന്ന് സിഐടിയു ആവശ്യപ്പെട്ടു.

ലേണേഴ്സ് അടക്കമുള്ള നടപടികളുമായി സഹകരിക്കില്ലെന്നാണ് സിഐടിയു, ഐഎൻടിയുസി എന്നിവയടക്കമുള്ള സംഘടനകൾ അറിയിച്ചത്. പ്രഖ്യാപിച്ച നടപടികളുമായി മുന്നോട്ടുപോകാനാണ് ഗതാഗതവകുപ്പിന്റെ തീരുമാനം.

# ക്ഷേമപദ്ധതികൾ കാട്ടി വോട്ടർമാരെ സമീപിക്കുന്നത് അഴിമതിയെന്ന് കമ്മീഷൻ

ന്യൂഡൽഹി: തെരഞ്ഞെടുപ്പിനു ശേഷമുള്ള ക്ഷേമപദ്ധതികൾ ചൂണ്ടിക്കാട്ടി രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും വോട്ടർമാരെ സമീപിക്കുന്നത് തെരഞ്ഞെടുപ്പ് അഴിമതിയായി കണക്കാക്കുമെന്ന് കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ. ഇത്തരം ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് പേരു ചേർക്കാൻ ചില രാഷ്ട്രീയ പാർട്ടികൾ വോട്ടർമാരെ സമീപിക്കുന്ന പ്രവണതയുണ്ട്. ഇത് ജനപ്രാതിനിധ്യ നിയമപ്രകാരം കോഴ ആരോപണത്തിന്റെ ഗണത്തിൽപ്പെടുത്തുമെന്ന് കമ്മീഷൻ വ്യക്തമാക്കി.

ആനുകൂല്യങ്ങൾക്കായി രജിസ്റ്റർ ചെയ്യാൻ വോട്ടർമാരോട് ആഹ്വാനം ചെയ്യുന്നത് പകരത്തിനു പകരം എന്ന നില സൃഷ്ടിക്കും. ഇത് പ്രകടമാക്കുന്ന പരസ്യങ്ങളും മറ്റും നല്കുന്നതിനെതിരെ കർശന നടപടിയെടുക്കണമെന്ന് എല്ലാ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരോടും കമ്മീഷൻ നിർദേശിച്ചു.

* മൊബൈൽ ഫോണിലേക്കുള്ള മിസ്ഡ് കോൾ വഴിയോ നിശ്ചിത ടെലിഫോൺ നമ്പറിലേക്ക് വിളിച്ചോ വോട്ടർമാരോട് ആനുകൂല്യങ്ങൾക്കായി രജിസ്റ്റർ ചെയ്യാൻ ആഹ്വാനം ചെയ്യുന്ന പത്രപരസ്യങ്ങൾ, * വ്യക്തിഗത ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി ലഘുലേഖകളുടെ രൂപത്തിൽ ഗാരന്റി കാർഡുകൾ വോട്ടർമാരിലേക്ക് എത്തിക്കൽ, വോട്ടർമാരുടെ പ്രായം, പേര്, വിലാസം, മൊബൈൽ നമ്പറുകൾ, ബൂത്ത് നമ്പർ, മണ്ഡലത്തിന്റെ പേര്, നമ്പർ തുടങ്ങിയവ ഇതിനായി ശേഖരിക്കുന്ന നടപടി, * പ്രത്യേക ക്ഷേമപദ്ധതിക്കായി നടത്തിയ സാമൂഹിക, സാമ്പത്തിക സർവേയുടെ പേരിൽ വോട്ടർമാരോട് പേര്, റേഷൻകാർഡ് നമ്പർ, വിലാസം, ഫോൺ നമ്പർ, ബൂത്ത് നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, മണ്ഡലത്തിന്റെ പേര്, നമ്പർ എന്നിവ തേടുന്ന ഫോമുകൾ വിതരണം ചെയ്യൽ, * വോട്ടർമാരുടെ ഇത്തരം വിശദാംശങ്ങൾ ചോദിക്കുന്നതിനായി വെബ് പ്ലാറ്റ്ഫോമുകളും മൊബൈൽ ആപ്ലിക്കേഷനുകളും രാഷ്ട്രീയ പാർട്ടികളോ സ്ഥാനാർത്ഥികളോ പ്രചരിപ്പിക്കുന്നത്, * നിലവിലെ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് വോട്ടർമാരോട് വിശദാംശങ്ങൾ തേടുന്ന പത്രപ്പരസ്യങ്ങൾ, നേരിട്ട് ഫോമുകൾ വിതരണം ചെയ്യൽ എന്നിവയാണ് കമ്മീഷൻ ചൂണ്ടിക്കാട്ടുന്ന തെറ്റുകൾ.

# വാക്സിൻ സർട്ടിഫിക്കറ്റിൽ നിന്ന് മോഡിയുടെ ചിത്രം മാറ്റി

ന്യൂഡൽഹി: കോവിഷീൽഡ് വാക്സിനുമായി ബന്ധപ്പെട്ട വിവാദങ്ങൾക്കിടെ കോവിഡ് വാക്സിൻ സർട്ടിഫിക്കറ്റിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ചിത്രം അപ്രത്യക്ഷമായി. കോവിൻ വെബ്സൈറ്റിൽ നിന്ന് ഇപ്പോൾ ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ പ്രധാനമന്ത്രിയുടെ ചിത്രമില്ല. 'ഒത്തൊരുമിച്ച് ഇന്ത്യ കോവിഡിനെ പരാജയപ്പെടുത്തും' എന്ന പ്രധാനമന്ത്രിയുടെ വാക്കുകൾ മാത്രമാണ് സർട്ടിഫിക്കറ്റിലുള്ളത്. നേരത്തെ ഈ അടിക്കുറിപ്പിനൊപ്പം പ്രധാനമന്ത്രിയുടെ ചിത്രവും സർട്ടിഫിക്കറ്റിലുണ്ടായിരുന്നു.

എന്നാൽ, ലോക്സഭാ തെരഞ്ഞെടുപ്പിൽ മാതൃകാ പെരുമാറ്റച്ചട്ടം നിലവിലുള്ളതിനാൽ വാക്സിൻ സർട്ടിഫിക്കറ്റിൽ നിന്ന് ചിത്രം നീക്കം ചെയ്തതായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർ പറഞ്ഞു.

കോവിഷീൽഡ് വാക്സിൻ ഉപയോഗത്തിന്റെ അപൂർവ പാർശ്വഫലമായി രക്തം കട്ട പിടിക്കുന്നതുമായി ബന്ധപ്പെട്ട ത്രോംബോസൈറ്റോപീനിയ സിൻഡ്രോം (ടിടിഎസ്) വിത്ത് ത്രോംബോസിസ് ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് നിർമാതാക്കളായ ആസ്ട്രസെനെക യുകെ കോടതിയിൽ റിപ്പോർട്ട് നല്കിയിരുന്നു. ഇതിനു പിന്നാലെയാണ് പ്രധാനമന്ത്രിയുടെ ചിത്രം സർട്ടിഫിക്കറ്റിൽ നിന്ന് ഒഴിവാക്കിയത്.

അസ്ട്രസെനെക നിർമിച്ച വാക്സിനുകൾ പാർശ്വഫലങ്ങൾ ഉണ്ടാക്കുന്നുവെന്ന് ചൂണ്ടിക്കാട്ടി വിവിധ രാജ്യങ്ങളിൽ നിരവധി പേർ പരാതിപ്പെടുകയും കോടതിയെ സമീപിക്കുകയും ചെയ്തിരുന്നു. യുകെയിലാണ് കൂടുതൽ പാർശ്വഫലങ്ങൾ കണ്ടെത്തിയതും കമ്പനിക്കെതിരെ നിയമനടപടികൾ സ്വീകരിച്ചതും. 2021 ഏപ്രിൽ 21–ന് യുകെ സ്വദേശിയായ ജെയ്മി സ്കോട്ടിന് വാക്സിൻ എടുത്തതിനു പിന്നാലെ മസ്തിഷ്കാഘാതം സംഭവിച്ചതോടെയാണ് നിയമനടപടികൾ ആരംഭിച്ചത്. യുകെ ഹൈക്കോടതിയിൽ നടക്കുന്ന കേസിൽ ആദ്യം വാക്സിന് പാർശ്വഫലങ്ങളില്ലെന്ന് വാദിച്ച അസ്ട്രസെനെക പിന്നീട് നിലപാട് മാറ്റി തങ്ങളുടെ വാക്സിൻ ചില അപൂർവ അവസരങ്ങളിൽ പാർശ്വഫലങ്ങൾക്കു കാരണമാകുമെന്ന് തുറന്നു സമ്മതിക്കുകയായിരുന്നു. അപൂർവ അവസരങ്ങളിൽ മസ്തിഷ്കാഘാതം, ഹൃദയാഘാതം എന്നിവയ്ക്കു വാക്സിനുകൾ കാരണമാകാമെന്നാണ് കമ്പനി കോടതിയിൽ സമർപ്പിച്ച രേഖകളിൽ വ്യക്തമാക്കുന്നത്.

# രജിസ്ട്രേഷൻ ഐജിക്ക് വീട്ടിൽ രജിസ്റ്റർ വിവാഹം

തിരുവനന്തപുരം: ചെലവു കുറഞ്ഞതാകണം വിവാഹമെന്നു ശ്രീധന്യ സുരേഷ് നേരത്തേ തീരുമാനിച്ചിരുന്നു. വയനാട്ടിലെ ആദിവാസി ജീവിതത്തിന്റെ വെല്ലുവിളികൾ നേരിട്ട് 2019-ൽ സിവിൽ സർവീസ് നേടിയ ശ്രീധന്യ, കഴിഞ്ഞ ഡിസംബറിൽ രജിസ്ട്രേഷൻ ഐജിയായതോടെ രജിസ്റ്റർ വിവാഹമെന്ന തീരുമാനത്തിലുമെത്തി. ഹൈക്കോടതി അസിസ്റ്റന്റായ വരൻ ഗായക് ആർ. ചന്ദിനും സമ്മതം.

ശ്രീധന്യയുടെ തിരുവനന്തപുരം കുമാരപുരത്തെ വീട്ടിൽ ഏപ്രിൽ 29-നായിരുന്നു വിവാഹം. ശ്രീധന്യയുടെ മാതാപിതാക്കളായ വയനാട് പൊഴുതന അമ്പലക്കൊല്ലി വീട്ടിൽ കെ.കെ. സുരേഷും കെ.സി. കമലയും ഗായകിന്റെ മാതാപിതാക്കളായ ഓച്ചിറ വലിയമഠത്തിൽ ഗാനം വീട്ടിൽ കെ. രാമചന്ദ്രനും ടി. രാധാമണിയും ഉൾപ്പെടെ വളരെ അടുത്ത ബന്ധുക്കൾ മാത്രം പങ്കെടുത്ത ലളിതമായ ചടങ്ങ്. ജില്ലാ രജിസ്ട്രാർ ജനറൽ പി.പി. നൈനാൻ വിവാഹകർമം നിർവഹിച്ചു.

വിവാഹാശംസകൾക്കൊപ്പം രണ്ട് ദിവസത്തെ അവധിയും അനുവദിച്ചു രജിസ്ട്രേഷൻ വകുപ്പു മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. കണ്ണൂരിലായിരുന്ന മന്ത്രി വിവാഹത്തിൽ പങ്കെടുക്കാൻ മാത്രമായി എത്തി. സ്പെഷൽ മാര്യേജ് ആക്ട് പ്രകാരം വീട്ടിൽ വിവാഹം നടത്താമെന്ന് അറിയുന്നവർ കുറവാണെന്നും ഇതുൾപ്പെടെ രജിസ്ട്രേഷൻ വകുപ്പിന്റെ വിവിധ സേവനങ്ങൾ കൂടുതൽ പേരിലേക്ക് എത്തിക്കുകയായിരുന്നു ലക്ഷ്യമെന്നും ശ്രീധന്യ പറഞ്ഞു.



1000 രൂപ അധികഫീസ് നൽകിയാൽ വീട്ടിൽ വിവാഹം നടത്താമെന്നാണു വ്യവസ്ഥ.



### രേഖ ഹാജരാക്കിയില്ലെങ്കിൽ തുക പിടിച്ചെടുക്കും

# ചട്ടം ലംഘിച്ചു പിൻവലിച്ച പണം സിപിഎം തിരിച്ചടച്ചു

തൃശൂർ: തെരഞ്ഞെടുപ്പു പെരുമാറ്റച്ചട്ടം ലംഘിച്ച് പിൻവലിച്ച ഒരു കോടി രൂപ ബാങ്കിൽ തിരിച്ചടയ്ക്കാനെത്തിയ സിപിഎം തൃശൂർ ജില്ലാ സെക്രട്ടറി എം.എം. വർഗീസിനെ ആദായനികുതി വകുപ്പ് തടഞ്ഞുവെച്ചു. ബാങ്ക് ഓഫ് ഇന്ത്യയുടെ തൃശൂർ ശാഖയലായിരുന്നു സംഭവം.

അതേസമയം മൊഴി രേഖപ്പെടുത്തുക മാത്രമാണു ചെയ്തതെന്നും ഇഡി അന്വേഷണത്തിന്റെ തുടർച്ചയാണിതെന്നും എം.എം. വർഗീസ് പ്രതികരിച്ചു. ആദായനികുതി വകുപ്പും ബാങ്ക് ഓഫ് ഇന്ത്യയും പ്രതികരിച്ചിട്ടില്ല.

പെരുമാറ്റച്ചട്ടം ലംഘിച്ച് കഴിഞ്ഞ മാസം ആദ്യം പണം പിൻവലിച്ചതിന്റെ പേരിൽ ആദായനികുതി വകുപ്പ് അക്കൗണ്ട് മരവിപ്പിക്കുകയും പണം ചെലവഴിക്കരുതെന്നു നിർദേശിക്കുകയും ചെയ്തിരുന്നു. പണം തിരിച്ചടയ്ക്കുന്നതിൽ സാങ്കേതിക പ്രശ്നങ്ങളില്ലെന്ന നിയമോപദേശപ്രകാരമാണ് വർഗീസും ഓഫിസ് സെക്രട്ടറിയും ഏപ്രിൽ 30-ന് ഉച്ചയ്ക്കു രണ്ടേമുക്കാലോടെ ബാങ്കിലെത്തിയത്. ബാഗിലാണു നോട്ടുകെട്ടുകൾ കൊണ്ടുവന്നത്. എന്നാൽ, ഒരുകോടി രൂപ തിരിച്ചടക്കാൻ ആദായനികുതി വകുപ്പ് നോട്ടീസ് നൽകിയത് തുകയുടെ കൃത്യമായ സ്രോതസ് കാണിക്കാത്തതിനാൽ സിപിഎം ജില്ലാ സെക്രട്ടറി പറയുന്നതുപോലെ ആദായനികുതി വകുപ്പ് ആവശ്യപ്പെട്ടതുകൊണ്ട് തിരിച്ചടക്കാനെത്തിയതല്ല. സിപിഎം നേതാക്കൾക്ക് തുക ചെലവാക്കാൻ പറ്റാതിരുന്നതും ആദായനികുതി വകുപ്പിന്റെ നിയന്ത്രണം ഉണ്ടായിരുന്നതുകൊണ്ടുമാണ്.

വൻതുകയുടെ ഇടപാടുകൾ നടക്കുമ്പോൾ അത് ആദായനികുതി വകുപ്പിനെ അറിയിക്കണമെന്നു ബാങ്കുകൾക്കു നിർദേശം നൽകിയിട്ടുണ്ട്. തെരഞ്ഞെടുപ്പു കാലമായതിനാൽ അതിൽ കൂടുതൽ ജാഗ്രത പാലിക്കാൻ ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചാണു സിപിഎം ഒരു കോടി പിൻവലിച്ചപ്പോൾ ആദായനികുതി വകുപ്പിനു വിവരം കിട്ടിയത്. ഇഡി അന്വേഷണവുമായി ഇതിനു ബന്ധമില്ല.

പണം പിൻവലിച്ച ഉടൻതന്നെ സിപിഎം നേതൃത്വത്തോടു പണം എവിടെനിന്നാണ് ഈ അക്കൗണ്ടുകളിലേക്കു വന്നതെന്ന വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു. സ്രോതസിന്റെ കാര്യത്തിൽ വ്യക്തത വരാത്തതിനാൽ അക്കൗണ്ട് മരവിപ്പിക്കുകയായിരുന്നു. നേതാക്കൾ വ്യാഖ്യാനിച്ചതുപോലെ തുക ആദായനികുതി വകുപ്പ് അക്കൗണ്ടിലേക്കു തിരിച്ച് അടപ്പിച്ചതല്ല. മതിയായ രേഖകൾ ഹാജരാക്കുന്നതുവരെ കണ്ടുകെട്ടിയതാണ്. നിശ്ചിത സമയത്തു രേഖ ഹാജരാക്കുകയോ കൃത്യമായ വിശദീകരണം നൽകുകയോ ചെയ്തില്ലെങ്കിൽ തുക പിടിച്ചെടുക്കും. മാത്രമല്ല കള്ളപ്പണം സൂക്ഷിച്ചതിനുള്ള കേസുകളും വരും.

മരവിപ്പിച്ച അക്കൗണ്ടിൽ പണം നിക്ഷേപിക്കാൻ കഴിയില്ലെന്നതിനാൽ ബാങ്ക് അധികൃതർ ഉടൻ ആദായനികുതി വകുപ്പിനെ വിവരമറിയിച്ചു. ആറംഗ ഉദ്യോഗസ്ഥ സംഘം ഉടൻ ബാങ്കിലെത്തി പണം പിടിച്ചെടുക്കുകയായിരുന്നു. വർഗീസിൽനിന്ന് പണത്തിന്റെ ഉറവിടം സംബന്ധിച്ച് ആദായനികുതി വകുപ്പ് വിശദമായ മൊഴി എഴുതിവാങ്ങി. മരവിപ്പിച്ച അക്കൗണ്ടിലേക്കു പണം നിക്ഷേപിക്കാൻ ആദായനികുതി വകുപ്പിന്റെ പ്രത്യേക അനുമതി ആവശ്യമായിരുന്നു. ഏറെ സമയമെടുത്ത് സാങ്കേതിക നടപടികൾ പൂർത്തിയാക്കി അക്കൗണ്ടിൽ പണം അടപ്പിച്ചശേഷം രാത്രി ഏഴേകാലോടെയാണ് വർഗീസിനെ വിട്ടയച്ചത്. അക്കൗണ്ട് മൊത്തത്തിൽ കണ്ടുകെട്ടുകയാണോ അടയ്ക്കാൻ ശ്രമിച്ച തുക കണ്ടുകെട്ടുകയാണോ ചെയ്തതെന്ന കാര്യത്തിൽ ആദായനികുതി വകുപ്പിന്റെ വിശദീകരണം വന്നിട്ടില്ല.

ഇതിനിടെ, കരുവന്നൂർ ബാങ്ക് ബെനാമി വായ്പ തട്ടിപ്പു കേസിലെ പ്രതികൾ കള്ളപ്പണം കേരളത്തിനു പുറത്തു റിയൽ എസ്റ്റേറ്റ് മേഖലയിൽ നിക്ഷേപിച്ചതായും അന്വേഷണ സംഘത്തിനു വിവരം ലഭിച്ചിട്ടുണ്ട്. സാക്ഷിമൊഴികളിൽ ഇക്കാര്യം വ്യക്തമായതിനെ തുടർന്നു തമിഴ്നാട്, കർണാടക സംസ്ഥാനങ്ങളിലേക്കും അന്വേഷണം വ്യാപിപ്പിച്ചു. വായ്പത്തട്ടിപ്പിലൂടെ രാഷ്ട്രീയ നേതാക്കൾ കൈവശപ്പെടുത്തിയ പണമാണ് കേരളത്തിൽനിന്നു പുറത്തേക്കു കടത്തി നിക്ഷേപിച്ചതെന്നാണ് അന്വേഷണ സംഘത്തിനു ലഭിക്കുന്ന വിവരം.

# നവജാതശിശുവിനെ കൊന്നു വലിച്ചെറിഞ്ഞു; അമ്മ അറസ്റ്റിൽ

കൊച്ചി: ചോരക്കുഞ്ഞിനെ കൊന്ന് ഫ്ളാറ്റിന്റെ അഞ്ചാം നിലയിൽനിന്ന് അമ്മ നടുറോഡിലേക്ക് വലിച്ചെറിഞ്ഞു. മെയ് മൂന്നിന് രാവിലെ കൊച്ചി നഗരമധ്യത്തിലാണ് നാടിനെ നടുക്കിയ ദാരുണസംഭവം. സംഭവത്തിൽ 23-കാരിയായ അമ്മയെ പോലീസ് അറസ്റ്റ് ചെയ്തു. ഇവർ അവിവാഹിതയാണ്.



നവജാത ശിശുവിനെ കൊലപ്പെടുത്തിയത് ശ്വാസം മുട്ടിച്ചെന്ന് പ്രാഥമിക പോസ്റ്റ്മോർട്ടം റിപ്പോർട്ട്. പ്രസവിച്ചയുടൻ 23-കാരിയായ യുവതി മൂക്കും വായും പൊത്തിപ്പിടിച്ച് ശ്വാസം മുട്ടിച്ച് കൊലപ്പെടുത്തിയശേഷം ഫ്ളാറ്റിന്റെ അഞ്ചാംനിലയിൽനിന്നു റോഡിലേക്കു വലിച്ചെറിയുകയായിരുന്നു.

കുഞ്ഞിന്റെ തലയോട്ടിക്കും കീഴ്ത്താടിക്കും പൊട്ടലുണ്ട്. ഇത് മൃതദേഹം റോഡിൽ വീണതുമൂലം ഉണ്ടായതാണെന്ന് സംശയിക്കുന്നു. മൃതദേഹം എറണാകുളം ഗവൺമെന്റ് മെഡിക്കൽ കോളജിലാണ് പോസ്റ്റ്മോർട്ടം ചെയ്തത്.

പനമ്പിള്ളിനഗർ വിദ്യാനഗർ ലിങ്ക് റോഡിലെ വൻഷിക അപ്പാർട്ട്മെന്റിൽ നിന്ന് ആമസോൺ കൊറിയർ കവറിലാക്കിയ നിലയിലാണ് കുഞ്ഞിനെ തൊട്ടുമുന്നിലെ റോഡിലേക്കെറിഞ്ഞത്. രാവിലെ 7.37-നാണ് കുഞ്ഞിനെ വലിച്ചെറിഞ്ഞതെന്ന് സിസിടിവി ദൃശ്യങ്ങളിൽനിന്നു വ്യക്തമായി. ചോരയിൽ കുളിച്ചനിലയിൽ കിടന്ന കുഞ്ഞിന്റെ കഴുത്തിൽ ഷാൾ കുരുങ്ങിക്കിടക്കുന്നുണ്ടായിരുന്നു. 8.15-ന് ഇതുവഴി പോയ ടാക്സി ഡ്രൈവർ ജിതിനാണ് മൃതദേഹം ആദ്യം കണ്ടത്. ഇയാൾ വിവരമറിയിച്ചതിനെത്തുടർന്ന് പോലീസ് സ്ഥലത്തെത്തി.

പനമ്പിള്ളി നഗറിൽ നവജാത ശിശുവിനെ കൊലപ്പെടുത്തിയ സംഭവത്തിൽ കോളജ് വിദ്യാർത്ഥിനിയായ അമ്മ തന്നെയാണ് കുറ്റക്കാരിയെന്ന് പോലീസ് നേരത്തേ മനസ്സിലാക്കിയിരുന്നു. കുഞ്ഞിനെ താഴേക്കെറിഞ്ഞപ്പോൾ പൊതിയാനുപയോഗിച്ച കൊറിയർ പായ്ക്കറ്റിലെ വിലാസംകൂടി ഒത്തുനോക്കിയതോടെ പോലീസ് ഇക്കാര്യം ഉറപ്പിക്കുകയായിരുന്നു. പോലീസ് നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഫ്ളാറ്റുകളിൽ ഗർഭിണികളില്ലെന്നു വിവരം ലഭിച്ചിരുന്നു. ഇതിനിടെ സ്ഥലത്തെത്തിയ ആശാ വർക്കറും ഇക്കാര്യം ശരിവെച്ചു. ഏഴു നിലകളിലും റോഡിലേക്കു തുറക്കുന്ന ബാൽക്കണിയുള്ള ഫ്ളാറ്റുകളിൽ പോലീസ് വീണ്ടും പരിശോധന നടത്തി. ഈ ഘട്ടത്തിൽ യുവതിയുടെ ഫ്ളാറ്റിലും പോലീസ് എത്തുകയും മാതാപിതാക്കളുമായി സംസാരിക്കുകയും ചെയ്തു. ഇതിനിടെയാണ് ബാൽക്കണി പരിശോധിക്കാനായി കയറിയ പോലീസിനൊപ്പമുണ്ടായിരുന്ന പോലീസ് ഉദ്യോഗസ്ഥ യുവതിയെ കാണുന്നത്. സംശയം തോന്നിയ ഉദ്യോഗസ്ഥ ഉടൻ മേലുദ്യോഗസ്ഥരെ അറിയിച്ചു.

യുവതിയെ ഫ്ളാറ്റിൽ ചോദ്യംചെയ്തതിനുശേഷം എറണാകുളം ജനറൽ ആശുപത്രിയിൽ വൈദ്യപരിശോധനയ്ക്കു വിധേയയാക്കി. കൊലപാതകം, മൃതദേഹത്തോടുള്ള അനാദരവ് എന്നീ കുറ്റങ്ങൾ ചുമത്തിയാണു നിലവിൽ യുവതിക്കെതിരെ കേസെടുത്തിട്ടുള്ളത്. പൊക്കിൾക്കൊടി മുറിച്ച് അധികനേരമാകും മുമ്പാണ് കുഞ്ഞിനെ വലിച്ചെറിഞ്ഞത്. ഫ്ളാറ്റിൽ യുവതിക്കൊപ്പമുണ്ടായിരുന്ന മാതാപിതാക്കളും പോലീസ് എത്തിയശേഷമാണ് സംഭവമറിയുന്നത്.

താൻ ബലാത്സംഗത്തിന് ഇരയായിട്ടുണ്ടെന്ന് യുവതി മൊഴി നൽകിയിട്ടുണ്ട്. മകൾ ഗർഭിണിയാണെന്ന കാര്യം അറിഞ്ഞിരുന്നില്ലെന്നാണ് മാതാപിതാക്കൾ പറയുന്നത്. കുഞ്ഞിനെ വലിച്ചെറിഞ്ഞതു താനാണെന്നു യുവതി സമ്മതിച്ചു. യുവതിക്ക് ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കിയശേഷം കേസിന്റെ തുടർനടപടികൾ സ്വീകരിക്കും. യുവതിയെ ബലാത്സംഗത്തിനിരയാക്കിയത് തൃശൂർ സ്വദേശിയായ സുഹൃത്താണെന്ന സൂചന പോലീസിനു ലഭിച്ചിട്ടുണ്ട്. യുവതിയിൽനിന്നും അവരുപയോഗിക്കുന്ന ഫോണിൽനിന്നും മാതാപിതാക്കളിൽനിന്നും ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ യുവാവിനെ കണ്ടെത്താൻ പോലീസ് ശ്രമം തുടങ്ങിയിട്ടുണ്ട്.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445


GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS
- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DEN TURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE

Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!
www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.
For All Your Real Estate Needs Please Call ...
THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056

FULL TIME REALTOR

# ജിമ്മി ജോർജ് വോളിബോൾ ടൂർണമെന്റ് ഒരുക്കങ്ങൾ അവസാനഘട്ടത്തിൽ




മാത്യുക്കുട്ടി ഈശോ

ന്യൂയോർക്ക്: മെയ് 25, 26 തീയതികളിൽ ന്യൂയോർക്കിലെ ക്വീൻസിൽ നടക്കുന്ന മുപ്പത്തിനാലാമത് ജിമ്മിജോർജ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റിന്റെ ഒരുക്കങ്ങൾ അവസാനഘട്ടത്തിലാണെന്ന് സംഘാടകർ അറിയിച്ചു. നീണ്ട പതിന്നാല് വർഷങ്ങൾക്കുശേഷം ന്യൂയോർക്കിലെ കേരളാ സ്പൈക്കേഴ്സ് വോളിബോൾ ക്ലബ് ആതിഥേയത്വം വഹിക്കുന്ന വോളിബോൾ മാമാങ്കമാണ് മെമ്മോറിയൽ ഡേ വീക്കെൻഡിൽ സ്പോർട്സ് പ്രേമികളെ ആവേശത്തിന്റെ ആറാട്ടിൽ എത്തിക്കുന്നത്. 1970-കളുടെ തുടക്കം മുതൽ 1987 വരെ വോളിബോൾ ചരിത്രത്തിൽ ഇന്ത്യയിലെ ഇതിഹാസമായിരുന്ന ജിമ്മി ജോർജിന്റെ ഓർമ്മകൾ നിലനിർത്തുവാൻ 1990-ൽ അമേരിക്കയിലെ വോളിബോൾ പ്രേമികൾ രൂപം കൊടുത്തതാണ് ജിമ്മി ജോർജ് മെമ്മോറിയൽ നാഷണൽ ടൂർണമെന്റ്. വോളിബോൾ കളിയിൽ പ്രശസ്തിയുടെ കൊടുമുടിയിൽ എത്തിനിൽക്കുമ്പോൾ 32-ാമത്തെ വയസ്സിൽ ഇറ്റലിയിൽ വെച്ച് ഒരു കാറപകടത്തിൽ 1987 നവംബർ 30-ന് അകാലമായി കൊഴിഞ്ഞുപോയ ഒരു ഇതിഹാസമായിരുന്നു ജിമ്മി ജോർജ്. അമേരിക്കയിലെ വിവിധ സംസ്ഥാനങ്ങളിൽപ്പെട്ട 14 മലയാളി വോളിബോൾ ടീമുകൾ ചേർന്ന് രൂപംകൊടുത്ത നാഷണൽ വോളിബോൾ ലീഗാണ് ജിമ്മി ജോർജിന്റെ ഓർമ്മയ്ക്കായി സംഘടിപ്പിക്കുന്ന ഈ നാഷണൽ ടൂർണമെന്റിന്റെ മുഖ്യസംഘാടകർ.

ന്യൂയോർക്ക് സിറ്റിയിലെയും ലോങ് ഐലൻഡിലെയും വോളിബോൾ പ്രേമികൾ ഒരുമിച്ച് 1987-ൽ രൂപംകൊടുത്ത് കേരളാ സ്പൈക്കേഴ്സ് ക്ലബ് പല വർഷങ്ങളിലും ജിമ്മി ജോർജ് മെമ്മോറിയൽ ടൂർണമെന്റ് ചാമ്പ്യന്മാരായിട്ടുണ്ട്. പതിനാല് വർഷങ്ങൾക്കുശേഷം ഈ ടൂർണമെന്റിന് ആതിഥേയത്വം നല്കുന്നതിനുള്ള സുവർണ്ണാവസരമാണ് ഈ വർഷം കേരളാ സ്പൈക്കേഴ്സിനെ തേടിയെത്തുന്നത്. അതിന്റെ ആവേശത്തിലാണ് സ്പൈക്കേഴ്സ് ഭാരവാഹികൾ. ക്ലബിലെ മുൻകാല കളിക്കാരെയും നിലവിലുള്ള കളിക്കാരെയും കോർത്തിണക്കി ടൂർണമെന്റ് സംഘാടക സമിതി രൂപീകരിച്ചാണ് മത്സരങ്ങളുടെ നടത്തിപ്പ് ക്രമീകരണങ്ങൾക്ക് രൂപം കൊടുത്തിരിക്കുന്നത്.

ന്യൂയോർക്കിൽ ഫ്ളഷിങ്ങിലുള്ള ക്വീൻസ് കോളജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് (Queens College, 65-30, Kissena Blvd, Flushing, NY) ഈ മാമാങ്കം അരങ്ങേറുന്നത്. നാഷണൽ വോളിബോൾ ലീഗിൽ ഇൾപ്പെടുന്ന 14 ടീമുകളാണ് ഈ മത്സരത്തിൽ മാറ്റുരയ്ക്കുന്നത്. വാശിയേറിയ മത്സരങ്ങളായിരിക്കും ശനി, ഞായർ ദിവസങ്ങളിൽ രാവിലെ 8 മണി മുതൽ കാഴ്ചവെക്കുന്നത്. വോളിബോൾ ടൂർണമെന്റിലെ ഏറ്റവും പ്രശസ്തരായ ടീമുകൾ അണിനിരക്കുന്നതിനാൽ തന്നെ ടൂർണമെന്റ് ഇതിനോടകം പ്രശസ്തമായിക്കഴിഞ്ഞു. അതിനാൽ മത്സരങ്ങളുടെ സ്പോൺസർമാരാകുവാൻ ധാരാളം മലയാളി ബിസിനസ് സ്ഥാപനങ്ങളാണ് മുമ്പോട്ടുവരുന്നത്. സ്പോൺസർമാരാകുവാൻ താല്പര്യമുള്ളവർക്ക് ഇനിയും സാദ്ധ്യതയുണ്ടെന്ന് കേരളാ സ്പൈക്കേഴ്സ് ക്ലബ് ഭാരവാഹികൾ അറിയിച്ചു.

സ്പൈക്കേഴ്സ് ക്ലബിലെ ആദ്യകാല കളിക്കാരനായിരുന്ന ഷാജു സാം സംഘാടക സമിതി പ്രസിഡണ്ടായും സെക്രട്ടറി അലക്സ് ഉമ്മൻ, ട്രഷറർ ബേബിക്കുട്ടി തോമസ് ജനറൽ കൺവീനറും ടീം മാനേജരുമായ ബിഞ്ചു ജോൺ എന്നിവരും ചേർന്ന നേതൃത്വമാണ് മത്സരക്രമീകരണങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. മറ്റ് കമ്മിറ്റി അംഗങ്ങൾ: ടീം കോച്ച്-റോൺ ജേക്കബ്, അസി. കോച്ച്-അലക്സാണ്ടർ തോമസ്, ട്രാൻസ്പോർട്ടേഷൻ-ജെയിംസ് അഗസ്റ്റിൻ, ബാങ്ക്വറ്റ്-ലിബിൻ ജോൺ, ഫണ്ട് റൈസിങ്-സിറിൽ മഞ്ചേരിൽ, സുവനീർ-ജോർജ് ഉമ്മൻ, സോഷ്യൽ മീഡിയ-ആൻഡ്രൂ മഞ്ചേരിൽ, റിഫ്രഷ്മെന്റ്സ്-അലക്സ് സിബി, മീഡിയ-കം-പിആർഒ മാത്യുക്കുട്ടി ഈശോ, മുൻ വർഷങ്ങളെ അപേക്ഷിച്ച് എക്കാലത്തെയും മികച്ച ടൂർണമെന്റ് ആക്കുവാനാണ് സംഘാടകർ ശ്രമിക്കുന്നത്. അതിനായി ജിമ്മി ജോർജിനൊപ്പം വോളിബോൾ മത്സരങ്ങളിൽ കളിച്ചിരുന്ന മുൻകാല കളിക്കാരനും കേരളത്തിലെ എംഎൽഎയുമായ മാണി സി കാപ്പനെ മുഖ്യാതിഥിയായി കൊണ്ടുവരുന്നതിനാണ് സംഘാടകർ ശ്രമിക്കുന്നത്.. കൂടുതൽ വിവരങ്ങൾക്ക്: ഷാജു സാം 646 427 4470, അലക്സ് ഉമ്മൻ 516 784 7700, ബേബികുട്ടി തോമസ് 516 974 1735, ബിഞ്ചു ജോൺ 646 584 6859, സിറിൾ മഞ്ചേരിൽ 917 637 3116.

# ചിക്കാഗോ സെ. മേരീസിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ആഘോഷിച്ചു



അനിൽ മറ്റത്തിക്കുന്നേൽ

ചിക്കാഗോ: ചിക്കാഗോ സെ. മേരീസ് ക്നാനായ കാത്തലിക് ഇടവകയിൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുനാൾ ആഘോഷപൂർവം കൊണ്ടാടി. ലദീഞ്ഞ്, ആഘോഷപൂർവമായ തിരുനാൾ പാട്ടുകുർബാന, പരമ്പരാഗതമായ നേർച്ചകാഴ്ചകൾ എന്നിവ തിരുനാളിന്റെ ഭാഗമായി നടത്തപ്പെട്ടു.

വടവാതൂർ സെ. തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ.ഡോ. ജോൺസൺ നീലനിരപ്പേൽ തിരുനാൾ തിരുക്കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

ക്രിസ്തുവിനു വേണ്ടി രക്തസാക്ഷിത്വം വഹിക്കുവാൻ പോലും തയ്യാറായ വിശുദ്ധ ഗീവർഗീസ് സഹദായുടെ വിശ്വാസ തീക്ഷ്ണത ഓരോ ക്രൈസ്തവനും മാതൃകയാക്കേണ്ടതാണെന്ന് ഡോ. ജോൺസൺ നീലനിരപ്പേൽ തന്റെ സന്ദേശത്തിൽ ഓർമ്മിപ്പിച്ചു. വിശ്വാസ തീക്ഷ്ണതയിൽ നിറഞ്ഞ വൈദികരും സന്ന്യസ്തരും സഭയുടെ ആത്മീയ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണെന്നും നല്ല ദൈവവിളികൾ ഉണ്ടാകുവാൻ പ്രാർത്ഥിക്കുകയും അവർക്ക് എല്ലാ പിന്തുണയും നല്കുകയും ചെയ്യണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

വികാരി ഫാ. സിജു മുടക്കോടിയിൽ തിരുക്കർമ്മങ്ങൾക്ക് സഹകാർമ്മികനായിരുന്നു. മണ്ണുക്കുന്നേൽ ഫിലിപ്പ് ആൻഡ് മിന്റു, മൈലാടുംപാറയിൽ തോമസ് ആൻഡ് ഫാമിലി, വെട്ടിക്കാട്ടിൽ ടിമ്മി ആൻഡ് ടിനു, വാണിയാംകുന്നേൽ ജോർഡൻ ജോസഫ്, ജെയിംസ് കൊച്ചാംകുന്നേൽ ആൻഡ് ഫാമിലി, ആന്റണി വല്ലൂർ ആൻഡ് ഫാമിലി തുടങ്ങിയവർ തിരുനാൾ പ്രസുദേന്തിമാരായിരുന്നു.

തിരുനാൾ സജ്ജീകരണങ്ങൾക്ക് അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിൽപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ എന്നിവർ നേതൃത്വം നല്കി. നേർച്ചകാഴ്ചകൾക്കും കഴുന്ന് എടുക്കൽ കർമ്മങ്ങൾക്കും ജോസ് പിണർക്കയിൽ നേതൃത്വം വഹിച്ചു.



# ഫാ. തച്ചാറയ്ക്ക് ഹൂസ്റ്റണിൽ ഹൃദ്യമായ യാത്രയയപ്പ്

**ബിബി തെക്കനാട്ട്**

ഹൂസ്റ്റൺ: സെ. മേരീസ് ക്നാനായ ഫൊറോനാ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായി രണ്ടു വർഷക്കാലം സേവനമനുഷ്ഠിച്ചശേഷം ഉപരിപഠനത്തിന് ഇന്ത്യയിലേക്കു പോകുന്ന ഫാ. ജോസഫ് തച്ചാറയ്ക്ക് ഇടവകസമൂഹം ഹൃദ്യമായ യാത്രയയപ്പ് നല്കി.

കുട്ടികൾക്കും യുവജനങ്ങൾക്കും ഇടവകയ്ക്കും പ്രചോദനവും ഉണർവും നല്കിയ മഹനീയ സേവനമായിരുന്നു ഫാ. തച്ചാറയുടേതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന മിസ്സോറി സിറ്റി മേയർ റോബിൻ ഇലക്കാട്ട് പ്രസ്താവിച്ചു. സിറ്റിയുടെ പ്രത്യേക ഉപഹാരം അദ്ദേഹം ചടങ്ങിൽ സമ്മാനിച്ചു.

ഫാ. തച്ചാറയുടെ ഉപരിപഠനത്തിന് എല്ലാ ഭാവുകങ്ങളും നേർന്ന മിസ്സോറി സിറ്റി കൗൺസിലർ സോണിയാ ബ്രൗൺ മാർഷൽ, ഫാ. തച്ചാറ തിരികെവന്ന് കൂടുതൽ മഹത്തര സേവനം നല്കട്ടെയെന്ന് ആശംസിച്ചു. സിറ്റി കൗൺസിലർ ആന്റണി മരോലൂയിസിന്റെയും തന്റെയും ഉപഹാരങ്ങൾ സോണിയാ ഫാ. തച്ചാറയ്ക്കു കൈമാറി.

യുവത്വവും പ്രസരിപ്പും നിറഞ്ഞ നല്ല വൈദികനായ ഫാ. തച്ചാറ തനിക്ക് സഹോദരതുല്യനും സുഹൃത്തുമായിരുന്നുവെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച വികാരി ഫാ. അബ്രാഹം മുത്തോലത്ത് അനുസ്മരിച്ചു. ഫാ. തച്ചാറയുടെ അഭാവം തനിക്കും ഇടവകയ്ക്കും തീരാനഷ്ടമാണെന്ന് ഫാ. മുത്തോലത്ത് പ്രസ്താവിച്ചു.

ഇടവകയുടെ സെക്രട്ടറിയായി 27 വർഷം സന്നദ്ധസേവനം ചെയ്തശേഷം വിരമിച്ച സ്റ്റീഫൻ ഇടാട്ടുകുന്നേലിനെ ചടങ്ങിൽ ആദരിച്ചു. സ്റ്റീഫന്റെ പ്രവർത്തനങ്ങൾക്ക് ഇടവകയുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടായിരുന്നുവെന്ന് ഫാ. മുത്തോലത്ത് അനുസ്മരിച്ചു.

ഇന്ത്യയുടെ മുൻ പ്രസിഡണ്ട് ഡോ. അബ്ദുൾ കലാം പ്രസ്താവിച്ചതുപോലെ നമ്മുടെ ഇടവകയുടെ മുന്നോട്ടുള്ള വളർച്ചയെക്കുറിച്ച് സ്വപ്നം കാണുന്നവരാകണമെന്ന് തന്റെ മറുപടി പ്രസംഗത്തിൽ ഫാ. തച്ചാറ ആഹ്വാനം ചെയ്തു. ഇടവകയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി വരും തലമുറയ്ക്ക് മുതൽക്കൂട്ടാകുമെന്നും അത് വേഗം സാദ്ധ്യമാകുവാൻ ശ്രമിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

ഫാ. ജോസഫ് തച്ചാറയ്ക്കും സ്റ്റീഫൻ ഇടാട്ടുകുന്നേലിനും ഇടവകസമൂഹം വികാരനിർഭരമായ യാത്രയയപ്പാണ് നല്കിയത്. ഇടവകയുടെ ഉപഹാരങ്ങൾ വികാരി ഫാ. മുത്തോലത്തും ഇടവക പ്രതിനിധികളും ചേർന്നു നല്കി.

മതബോധന ഡയറക്ടർ ജോൺസൺ വട്ടമറ്റത്തിൽ പരിപാടികൾ ഏകോപിപ്പിച്ചു. ഇടവകയുടെ വിവിധ പ്രസ്ഥാനങ്ങളുടെ പ്രതിനിധികളായി ഷിജു മുകളേൽ, ആൻസൺ കല്ലാറ്റ്, ജെഫ് പുളിക്കത്തൊട്ടിയിൽ, ആഞ്ജലീന താന്നിച്ചുവട്ടിൽ, ലെനാ താന്നിച്ചുവട്ടിൽ എന്നിവർ ഫാ. തച്ചാറയ്ക്ക് ആശംസകൾ നേർന്നു. പാരിഷ് എക്സിക്യൂട്ടീവ് അംഗങ്ങളായ ഷിജു മുകളേൽ, ബാബു പറയംകാലായിൽ, മാത്യു തെക്കേൽ, ജോസ് പുളിക്കത്തൊട്ടിയിൽ, ടോം വിരിപ്പൻ, സിസ്റ്റർ റെജി എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.







# ഗ്രേറ്റർ ഹൂസ്റ്റൺ നായർ സർവീസ് സൊസൈറ്റി വിഷു ആഘോഷിച്ചു




**ശങ്കരൻകുട്ടി**

ഹൂസ്റ്റൺ: 2024-ലെ വിഷുദിവസം ആഘോഷമാക്കി മാറ്റി ഗ്രേറ്റർ ഹൂസ്റ്റൺ നായർ സർവീസ് സൊസൈറ്റി. ഏപ്രിൽ 20-ന് സ്റ്റാഫോർഡിൽ വെച്ച് വിവിധ കലാപരിപാടികളോടെ നടത്തപ്പെട്ട ആഘോഷം പ്രത്യേക ശ്രദ്ധ പിടിച്ചുപറ്റി.

പരിപാടിയിൽ പങ്കെടുത്തവരുടെ കണ്ണിനും കരളിനും കുളിർമ്മയേകിയ വിഷുക്കണി ഒരുക്കി സംഘാടകരും വേറിട്ടുനിന്നു. നിറഞ്ഞ സദസ്സിനു മുമ്പിൽ ഏഴു തിരിയിട്ട വിളക്കിൽ ദീപം തെളിച്ചു പ്രസിഡണ്ട് ഇന്ദ്രജിത് നായർ ആഘോഷപരിപാടികൾ ഉദ്ഘാടനം ചെയ്തു.

സെക്രട്ടറി നിഷ നായർ, ട്രഷറർ വിനീത സുനിൽ, മറ്റു ബോർഡ് മെംബർമാരായ ഉണ്ണികൃഷ്ണൻ പിള്ള, സുനിത ഹരി, വിനോദ് മേനോൻ, വേണുഗോപാൽ, രതീഷ് നായർ, രശ്മി നായർ എന്നിവർ വേദിയിൽ സന്നിഹിതരായിരുന്നു.

സമുദായത്തിലെ മുതിർന്നവർ പങ്കെടുത്തവർക്ക് വിഷുക്കൈനീട്ടം നല്കി. തുടർന്ന് നടന്ന കലാപരിപാടികൾ ഏവരുടെയും മനം കവർന്നു. കൊച്ചുകുട്ടികൾ മുതൽ മുതിർന്നവർ വരെ പങ്കെടുത്ത വിവിധ കലാപരിപാടികൾ വേദിയിൽ അരങ്ങേറി, ജിഎച്ച്എൻഎസ്എസ് പുറത്തിറക്കുന്ന ന്യൂസ് ലെറ്ററിന്റെ പ്രകാശനം മുൻ പ്രസിഡണ്ട് ഹരിഹരൻ നായർ നിർവഹിച്ചു.

വിവിധ സേവന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചുകൊണ്ട് യൂത്ത് വിങ്ങും നൂതന ആശയങ്ങൾ അവതരിപ്പിച്ചുകൊണ്ട് ബോർഡ് മെംബർ വിനോദ് മേനോനും വേറിട്ടുനിന്നു. സമുദായാംഗങ്ങൾ തന്നെ തയ്യാറാക്കിയ വിഭവസമൃദ്ധമായ സദ്യയും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി.

# നല്ലയിനം ജുജുബി, പേഴ്സിമോൻ
# ഫല വൃക്ഷത്തൈകൾ വിൽപ്പനയ്ക്ക്







2024 ലേയ്ക്കുള്ള
ബുക്കിംഗ്
ആരംഭിച്ചുകഴിഞ്ഞു

ഉടൻ വിളിക്കുക
വിൻസന്റ് ഇമ്മാനുവൽ
215 880 3341

KERALA EXPRESS പ്രവാസി താളുകൾ

# ഡയമണ്ട് ജൂബിലി ഉദ്ഘാടനവും ലോഗോ പ്രകാശനവും നടത്തി

വാഷിങ്ടൺ ഡിസി: നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ഏറ്റവും പഴക്കംചെന്ന ഇടവകകളിൽ ഒന്നായ വാഷിങ്ടൺ സെ. തോമസ് ഇടവകയുടെ ഡയമണ്ട് ജൂബിലി ഉദ്ഘാടനവും ലോഗോ പ്രകാശനവും നടത്തപ്പെട്ടു.

**രാജൻ വാഴപ്പള്ളിൽ**

ഏപ്രിൽ 28-ന് വിശുദ്ധ കുർബാനയ്ക്കുശേഷം നടന്ന യോഗത്തിൽ ഇടവകയുടെ വികാരി ഫാ. കെ.ഒ. ചാക്കോ അദ്ധ്യക്ഷനായിരുന്നു. എലിസബത്ത് ഐപ്പിന്റെ പ്രാർത്ഥനാഗാനത്തോടു കൂടി ആരംഭിച്ച യോഗത്തിൽ ട്രസ്റ്റി സൂസൻ തോമസ് എല്ലാവർക്കും സ്വാഗതം ആശംസിക്കുകയും സീനിയർ മെംബറായ ലീലാമ്മ വർഗീസ് ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ ബൊക്കെ നല്കി ആദരിക്കുകയും തുടർന്ന് ജൂബിലി ആഘോഷകൺവീനർ ഐസക് ജോൺ ഇടവകയുടെ ചരിത്രം അവതരിപ്പിക്കുകയും ചെയ്തു.

ഫാ. കെ.ഒ. ചാക്കോ തന്റെ അദ്ധ്യക്ഷ പ്രസംഗത്തിൽ ഇടവകയുടെ അറുപതു വർഷത്തെ നേട്ടങ്ങളും കോട്ടങ്ങളും ത്യാഗങ്ങളും ഇടവകയെ നയിച്ച ആത്മീയ പിതാക്കന്മാരെയും കൂടുതൽ കാലം ഇടവകയിൽക്കൂടി നടക്കുന്ന സീനിയർ അംഗങ്ങളെയും ഈ കാലയളവിൽ നമ്മിൽനിന്നും മൺമറഞ്ഞു പോയ ആത്മാക്കളെയും ഓർത്തെടുക്കുകയും അവർ ചെയ്തിട്ടുള്ള എല്ലാ നന്മകൾക്കും നന്ദി പ്രകാശിപ്പിക്കുകയും ഒപ്പം ഇടവകയെ അഞ്ചുവർഷക്കാലം നയിച്ച ഡോ. തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയെ അഭിനന്ദിക്കുകയും ചെയ്തു.

തുടർന്നും ഇടവകയുടെ കൊമ്പുകൾ തളിർക്കട്ടെയെന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്തു.





ഡോ. തോമസ് മാർ ഈവാനിയോസ് തന്റെ ഉദ്ഘാടനപ്രസംഗത്തിൽ ഇടവകയുടെ അറുപതു വർഷത്തെ യാത്രയിൽ അഞ്ചുവർഷക്കാലം നിങ്ങളോടൊപ്പം ആയിരിക്കുവാൻ ദൈവം സഹായിച്ച കരുണയെ ഓർത്തു നന്ദി രേഖപ്പെടുത്തി. ജൂബിലിയുടെ കാലയളവിൽ നാം ദൈവസ്നേഹത്തിനായി നന്മ പ്രവൃത്തികൾ ചെയ്യുവാൻ ഇടവകയെ ദൈവം ബലപ്പെടുത്തിയിട്ടുണ്ടെന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് നിലവിളക്ക് കൊളുത്തി ജൂബിലി ഉദ്ഘാടനം ചെയ്യുകയും ജൂബിലിയുടെ ലോഗോ പ്രകാശനം ചെയ്യുകയും ചെയ്തു.

മറിയ ചാക്കോ, മിനി ജോൺ, ഈപ്പൻ വർഗീസ്, ഷെറീന ഡാനിയേൽ, കെവി കണ്ണേത്ത് എന്നിവർ ആശംസാ പ്രസംഗം നടത്തുകയും ഇടവേളകളിൽ സൺഡേസ്കൂൾ, മർത്തമറിയം, വനിതാസമാജം എന്നിവ ഗ്രൂപ്പായി ഗാനങ്ങൾ ആലപിക്കുകയും ബെഞ്ചമിൻ തോമസ്, പ്രീതി കുര്യാക്കോസ് എന്നിവർ എംസിമാരായി യോഗം നിയന്ത്രിക്കുകയും ചെയ്തു.

രാജൻ യോഹന്നാൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

## സാധു കൊച്ചുകുഞ്ഞ് ഉപദേശി മെമ്മോറിയൽ വാർഷിക പ്രഭാഷണ പരമ്പര മെയ് 11-ന്

**ഷാജി രാമപുരം**

ഫ്ളോറിഡ: മൂത്താംമ്പക്കൽ സാധു കൊച്ചുകുഞ്ഞ് ഉപദേശി മെമ്മോറിയൽ വാർഷിക പ്രഭാഷണ പരമ്പര സൗത്ത് ഫ്ളോറിഡ മാർത്തോമ്മാ ഇടവക സീനിയർ സിറ്റിസൺ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ മെയ് 11-ന് ശനിയാഴ്ച രാവിലെ 10.30-ന് മാർത്തോമ്മാ സഭയുടെ നോർത്ത് അമേരിക്ക ഭദ്രാസനാദ്ധ്യക്ഷൻ ബിഷപ് ഡോ. ഏബ്രഹാം മാർ പൗലോസ് ഉദ്ഘാടനം ചെയ്യും.


സൗത്ത് ഫ്ളോറിഡ മാർത്തോമ്മാ ദേവാലയത്തിൽ വെച്ച് (4740 SW 82nd Ave, Davie, FL 33328) നടത്തപ്പെടുന്ന സമ്മേളനത്തിൽ മാർത്തോമ്മാ സഭയിലെ സീനിയർ വൈദികനായ റവ.ഡോ. മോനി മാത്യു 'ക്രിസ്ത്യൻ അനുകമ്പ' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം നടത്തും. വിവിധ ക്രൈസ്തവ സഭകളിലെ വൈദികരും അല്മായ നേതാക്കളും സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് പ്രഭാഷണ പരമ്പരയുടെ കൺവീനർ പ്രഫ. ഫിലിപ്പ് കോശി അറിയിച്ചു.

2019-ൽ സീനിയർ സിറ്റിസൺ ഫെലോഷിപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച ഈ പ്രഭാഷണപരമ്പര സൗത്ത് ഈസ്റ്റ് ഫ്ളോറിഡ എപ്പിസ്കോപ്പൽ രൂപത ബിഷപ് പീറ്റർ ഈറ്റൺ, 'ക്രിസ്ത്യൻ പ്രത്യാശ' എന്ന വിഷയത്തെ അധികരിച്ചു നടത്തിയ പ്രഭാഷണത്തോടെയാണ് തുടക്കം കുറിച്ചത്.

ആധുനിക കാലഘട്ടത്തിലെ അപ്പോസ്തലനായി അറിയപ്പെടുന്ന സാധു കൊച്ചുകുഞ്ഞ് ഉപദേശി 1924 മുതൽ 1945 വരെ മാർത്തോമ്മാ സഭയുടെ സന്നദ്ധ സുവിശേഷക സംഘം ജനറൽ സെക്രട്ടറിയായിരുന്നു.

നിരവധി ജീവിതങ്ങൾക്ക് പ്രത്യാശയും സന്തോഷവും ആത്മീയ ആശ്വാസവും നല്കിയ 210 ഭക്തിഗാനങ്ങൾ അടങ്ങിയ ഉപദേശിയുടെ ആശ്വസഗീതങ്ങൾ എന്ന പുസ്തകത്തിലെ ഗീതങ്ങൾ ഇന്നും അനേകർ കുടുംബപ്രാർത്ഥനയിലും ആരാധനകളിലും ഉപയോഗിക്കുന്നു.

സമ്മേളനത്തോടനുബന്ധിച്ച് ഉപദേശിയുമായി ബന്ധപ്പെട്ട പുസ്തക പ്രദർശനവും ചിത്രപ്രദർശനവും ഉണ്ടായിരിക്കും. മെയ് 11-ന് ശനിയാഴ്ച രാവിലെ 10.30-ന് സൗത്ത് ഫ്ളോറിഡ മാർത്തോമ്മാ ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നതായ സമ്മേളനത്തിലേക്ക് എല്ലാ വിശ്വാസിസമൂഹത്തെയും ക്ഷണിക്കുന്നതായി ഇടവക വികാരി റവ.ഡോ. ജേക്കബ് ജോർജ്, സീനിയർ സിറ്റിസൺ ഫെലോഷിപ് സെക്രട്ടറി ഉമ്മൻ വി. സാമുവേൽ എന്നിവർ അറിയിച്ചു.



# ഹൂസ്റ്റൺ പെന്തെക്കോസ്തു ഫെലോഷിപ്പിനു നവ നേതൃത്വം

ജോയി തുമ്പമൺ

ഹൂസ്റ്റൺ: ഹൂസ്റ്റൺ പെന്തെക്കോസ്തു ഫെലോഷിപ്പിനു പുതിയ നേതൃത്വം. ഹൂസ്റ്റണിലും പ്രാന്തപ്രദേശങ്ങളിലും ഉള്ള ഉപദേശ ഐക്യമുള്ള 16 സഭകളുടെ ഐക്യവേദിയാണ് ഹൂസ്റ്റൺ പെന്തെക്കോസ്തു ഫെലോഷിപ്പ്.

ഈ വർഷത്തെ ഭാരവാഹികളായി പ്രസിഡണ്ട് ഡോ. ഷാജി ഡാനിയേൽ,

പ്രസിഡണ്ട് ഡോ. ഷാജി ഡാനിയേൽ ക്രിസ്ത്യൻ അസംബ്ലി ഹൂസ്റ്റണിന്റെ സീനിയർ പാസ്റ്ററും ഐപിസി ഡൽഹിയുടെ പ്രസിഡണ്ട് കൂടിയാണ്.

എച്ച്ഡബ്ല്യുപിഎഫ് (HWPF) എന്ന സഹോദരി സംഘടനയുടെ ഇന്ത്യയിലും അമേരിക്കയിലും വിവിധ പ്രേക്ഷിതപ്രവർത്തനങ്ങൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുവാൻ കമ്മറ്റി രൂപരേഖ തയ്യാറാക്കികഴിഞ്ഞു.

യുവജന സഹോദരി സമ്മേളനങ്ങളും വിപുലമായി നടത്തുവാൻ സമഗ്രമായ പദ്ധതികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.


ഡോ. ഷാജി ഡാനിയേൽ (പ്രസിഡണ്ട് - എച്ച്പിഎഫ്)



പാസ്റ്റർ ചാക്കോ പുളിയംപള്ളിൽ (വൈസ് പ്രസിഡണ്ട് - എച്ച്പിഎഫ്)


ഇവാ. തോമസ് വർഗീസ് (സെക്രട്ടറി - എച്ച്പിഎഫ്)


ജേക്കബ് ജോൺ (ട്രഷറർ - എച്ച്പിഎഫ്)


പാസ്റ്റർ സിബിൻ അലക്സ് (സോങ് കോ-ഓർഡിനേറ്റർ)


കുരുവിള മാത്യു (ചാരിറ്റി കോ-ഓർഡിനേറ്റർ)


ജോയി തുമ്പമൺ (മീഡിയ കോ-ഓർഡിനേറ്റർ)


ഡോ. ജോളി ജോസഫ് (പ്രസി. - എച്ച്ഡബ്ല്യുപിഎഫ്)


ഡോ. ഡാനീ ജോസഫ് (പ്രസി. - എച്ച്വൈപിഎഫ്)

വൈസ് പ്രസിഡണ്ടായി പാസ്റ്റർ ചാക്കോ പുളിയംപള്ളിൽ, സെക്രട്ടറി തോമസ് വർഗീസ്, ട്രഷറർ ജേക്കബ് ജോൺ, സോങ് കോ-ഓർഡിനേറ്റർ പാസ്റ്റർ സിബിൻ അലക്സ്, ചാരിറ്റി കോ-ഓർഡിനേറ്റർ കുരുവിള മാത്യു, മീഡിയ കോ-ഓർഡിനേറ്റർ ജോയി തുമ്പമൺ എന്നിവരെ തെരഞ്ഞെടുത്തു.

പ്രസിഡണ്ടായി ഡോ. ജോളി ജോസഫ്, യുവജന വിഭാഗമായ HYPF-ന്റെ പ്രസിഡണ്ടായി ഡോ. ഡാനീ ജോസഫും പ്രവർത്തിക്കുന്നു.

ഏകദിന സമ്മേളനങ്ങൾ, സെമിനാറുകൾ, പാസ്റ്റേഴ്സ് മീറ്റിങ്ങുകൾ, വർഷാന്തര ത്രിദിന കൺവൻഷനുകളും ഐക്യകൂട്ടായ്മയും കൂടാതെ ഈ വർഷത്തെ പ്രോഗ്രാമിൽ അമേരിക്കയിൽ തന്നെ ചാരിറ്റിപ്രവർത്തനങ്ങളും മറ്റും നടത്തുവാൻ ഉള്ള ശ്രമങ്ങൾ ശ്രദ്ധേയമാണ്.

ഏതാണ്ട് 27 വർഷം പിന്നിടുന്ന ഈ ഐക്യകൂട്ടായ്മ പെന്തെക്കോസ്തു ഐക്യത്തിന്റെയും കൂട്ടായ്മയുടെയും മകുടോദാഹരണമാണ്.

# എവറസ്റ്റിലേക്കുള്ള യാത്രയിൽ ലബൂഷെ കൊടുമുടി കീഴടക്കി അഭിലാഷ്

കീഴ്പ്പള്ളി: മൗണ്ട് കിളിമഞ്ചാരോയ്ക്കു മുകളിൽ ഇന്ത്യൻ പതാകയുയർത്തിയ കീഴ്പ്പള്ളി അത്തിക്കൽ സ്വദേശി അഭിലാഷ് മാത്യു 6119 മീറ്റർ ഉയരത്തിലുള്ള ഈസ്റ്റ് ലബൂഷെ പർവതത്തിലും ഇന്ത്യൻ പതാകയുയർത്തി. എവറസ്റ്റ് കീഴടക്കുന്നതിന് മുന്നോടിയായാണ് ഈസ്റ്റ് ലബൂഷെ പർവതം അഭിലാഷ് കീഴടക്കിയത്.

ആദ്യദിവസം കാഠ്മണ്ഡുവിൽനിന്നും പർവത നിരകൾക്കിടയിലെ ലോകത്തിലെതന്നെ ഏറ്റവും അപകടം പിടിച്ച അഞ്ച് എയർപോർട്ടുകളിൽ ഒന്നായ ലുക്ലയിൽ നിന്നും എട്ടു ദിവസത്തെ യാത്രക്കു ശേഷമാണ് എവറസ്റ്റ് ബേസ് ക്യാമ്പിലെത്തിയതെന്ന് അഭിലാഷ് പറഞ്ഞു. എട്ടാമത്തെ ദിവസം 5270 മീറ്റർ ഉയരത്തിലുള്ള ഗൊരക്ക് ഷെപ്പിൽ ഒരു മണിക്കൂർ വിശ്രമത്തിന് ശേഷം 5364 മീറ്റർ ഉയരത്തിലുള്ള എവറസ്റ്റ് ബേസ് ക്യാമ്പിൽ എത്തി വീണ്ടും ഗൊരക്ക് ഷെപ്പിലേക്ക് മടങ്ങി.


മൗണ്ട് കിളിമഞ്ചാരോ പർവതത്തിലേക്കുള്ള യാത്രയ്ക്കിടെ അഭിലാഷ് മാത്യു

ഒൻപതാമത്തെ ദിവസം 5545 മീറ്റർ ഉയരത്തിൽ കലാപത്തർ. അവിടെനിന്നും ബേസ് ക്യാമ്പായ ലുംബൂച്ചേയിൽ തിരിച്ചെത്തി. അന്നുതന്നെ 5400 മീറ്റർ ഉയരത്തിലുള്ള ലബൂഷെ ഹൈ ക്യാമ്പിൽ എത്തി.

എവറസ്റ്റ് കയറണമെന്ന് ആഗ്രഹിക്കുന്ന ഏതൊരു പർവതാരോഹകനും ആദ്യം കയറേണ്ട പർവതമാണ് ലബൂഷെ പർവതം. 6119 മീറ്റർ ഉയരത്തിൽ മഞ്ഞു മൂടിയ പർവതത്തിലേക്കുള്ള യാത്ര അതീവ അപകടം നിറഞ്ഞതാണ്. ഒരു മഞ്ഞുപാളി തെന്നിമാറിയാൽ അപകടം ഉറപ്പാണ്. പത്താമത്തെ ദിവസം പുലർച്ചെ രണ്ടിന് ഹെഡ്ലൈറ്റിന്റെ വെളിച്ചത്തിൽ റോപ്പിലൂടെ പിടിച്ച് ഉപകരണങ്ങളുടെ സഹായത്തോടെ ലബൂഷെ പീക്കിലെത്തി ഇന്ത്യൻ പതാക ഉയരുമ്പോൾ രാവിലെ കഴിഞ്ഞിരുന്നു.

യാത്രയിലുടനീളം ഒപ്പമുണ്ടായിരുന്ന ഫുറ താഷി ഷെർപ്പയുമൊത്ത് വീണ്ടും മലയിറക്കം. രണ്ടര ദിവസം കൊണ്ട് തിരിച്ചിറങ്ങി ലുക്ല എയർപോർട്ടിൽ എത്തുമ്പോൾ മഞ്ഞുവീഴ്ചയിൽ എയർപോർട്ട് അടച്ചിരുന്നു. വീണ്ടും ചോപ്രകിലേക്ക് നടന്ന് ഇറങ്ങി അവിടെനിന്നു ഹെലികോപ്റ്ററിൽ കാഠ്മണ്ഡുവിൽ. രണ്ടര ലക്ഷത്തോളം രൂപയാണ് യാത്രയുടെ ചെലവ്. ഐടി പ്രഫഷണൽ കൂടിയായ അഭിലാഷിന് സാഹസികമായ മലകയറ്റം എന്നും ഒരു ഹരമാണ്.

# ജി-7 ഉച്ചകോടിയിൽ മാർപാപ്പ പങ്കെടുക്കും

വത്തിക്കാൻ: ദക്ഷിണ ഇറ്റലിയിലെ പുലിയയിൽ ജൂൺ 13 മുതൽ 15 വരെ നടക്കുന്ന ജി-7 ഉച്ചകോടിയിൽ ഫ്രാൻസിസ് മാർപാപ്പ പങ്കെടുക്കും. കൃത്രിമ ബുദ്ധിയെ (ആർട്ടിഫിഷ്യൽ ഇന്റലിജൻസ്) ആസ്പദമാക്കി നടക്കുന്ന സെഷനിലായിരിക്കും മാർപാപ്പ പങ്കെടുക്കുക. ഇക്കാര്യം വത്തിക്കാനും ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോണിയും സ്ഥിരീകരിച്ചു.



ഇതാദ്യമായാണ് ഒരു മാർപാപ്പ ലോകത്തിലെ വൻശക്തി രാജ്യങ്ങളുടെ കൂട്ടായ്മയായ ജി-7 ഉച്ചകോടിയിൽ പങ്കെടുക്കുന്നത്.

അതേസമയം സെപ്റ്റംബറിൽ ന്യൂയോർക്കിലെത്തി യുഎൻ പൊതുസഭയെയും മാർപാപ്പ അഭിസംബോധന ചെയ്തേക്കുമെന്നും റിപ്പോർട്ടുണ്ട്. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറെസിന്റെ ക്ഷണപ്രകാരമാണ് സന്ദർശനം. 'ഭാവിയുടെ ഉച്ചകോടി' എന്ന പേരിൽ ലോകം അഭിമുഖീകരിക്കുന്ന ആനുകാലിക പ്രശ്നങ്ങൾ ചർച്ച ചെയ്യാനാണ് സെപ്റ്റംബർ 22, 23 തീയതികളിൽ സമ്മേളനം ചേരുന്നത്.


ഈ സമ്മേളനത്തിലായിരിക്കും മാർപാപ്പ പങ്കെടുക്കുക. സെപ്റ്റംബർ രണ്ടു മുതൽ 13 വരെ മാർപാപ്പ ഇന്തോനേഷ്യ, പപ്പുവ ന്യൂഗിനിയ, ടിമോർ, സിംഗപ്പൂർ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിക്കുമെന്ന് നേരത്തെ തന്നെ വത്തിക്കാൻ പ്രഖ്യാപിച്ചിട്ടുണ്ട്. സെപ്റ്റംബർ അവസാനം ബെൽജിയത്തിലെ ലുവെയ്ൻ സർവകലാശാലയുടെ 600-ാം വാർഷികാഘോഷത്തിലും പങ്കെടുക്കാൻ മാർപാപ്പ തീരുമാനിച്ചിട്ടുണ്ട്.

# ഹൂസ്റ്റൺ ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ വിവാഹ ഒരുക്ക ക്യാമ്പ് മെയ് പത്തിന്

ബിബി തെക്കനാട്ട്

ഹൂസ്റ്റൺ: ക്നാനായ കത്തോലിക്കാ റീജിയന്റെ ആഭിമുഖ്യത്തിൽ യുവജനങ്ങൾക്കായി വിവാഹ ഒരുക്ക സെമിനാർ ഹൂസ്റ്റണിൽ നടത്തപ്പെടുന്നു. മെയ് 10 മുതൽ 12 വരെ തീയതികളിൽ (വെള്ളി, ശനി, ഞായർ) നടത്തപ്പെടുന്ന ധ്യാനത്തിൽ ക്നാനായ റീജിയണിലെ വിവിധ ഇടവകയിലുള്ള യുവജനങ്ങൾ പങ്കെടുക്കും.

ക്നാനായ റീജിയൻ ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ക്യാമ്പിൽ വികാരി ജനറാൾ മോൺ. തോമസ് മുളവനാൽ, ഫാ. അബ്രാഹം മുത്തോലത്ത്, ഫാ. ബിപി തറയിൽ, ടോണി പുല്ലാപ്പള്ളി, ബെന്നി കാഞ്ഞിരപ്പാറ, റെസിൻ ഇലക്കാട്ട് സ്വേനിയ ഇലക്കാട്ട്, ജോൺ വട്ടമറ്റത്തിൽ, എലിസബത്ത് വട്ടമറ്റത്തിൽ, ദീപ്തി ടോമി, ജിറ്റി പുതുക്കേരിയിൽ, ജയ കുളങ്ങര, ജോണി ചെറുകര, ജൂലി സജി കൈപ്പുങ്കൽ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നല്കും. കുടുംബജീവിതത്തിന്റെ വിവിധ മേഖലയിലുള്ള വ്യത്യസ്ത മാനങ്ങളെക്കുറിച്ചു ആത്മീയവും മനഃശാസ്ത്രപരവും ഭൗതികവുമായ ക്ലാസുകളാണ് നല്കപ്പെടുന്നത്.


മോൺ. തോമസ് മുളവനാൽ


ഫാ. അബ്രാഹം മുത്തോലത്ത്


ടോണി പുല്ലാപ്പള്ളി

മൂന്നു ദിവസങ്ങളിലായി നടത്തപ്പെടുന്ന ക്യാമ്പിൽ പങ്കെടുക്കുവാൻ താല്പര്യപ്പെടുന്നവർ ഇടവക വികാരിയുമായി ഉടൻ ബന്ധപ്പെടുവാൻ ഫാമിലി കമ്മീഷൻ അറിയിക്കുന്നു.


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


THANNIKKARY
VACATION HOME
S.H.MOUNT P.O., KOTTAYAM 686006, KERALA
FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by,
All Bedrooms are AC with attached bathrooms
For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com


JB RESTORATION
JB ADJUSTERS
OPTIMUM CONTRACTORS
MATHEW
മത്തായിച്ചൻ
JORGE
MATHEW 630-205-5585 JORGE 630-335-2987
ROOFING & SIDING
We Specialize In Storm Damage Repair
We Work With All Home Insurance
FREE ESTIMATE
COMMERCIAL & RESIDENTIAL
REMODELING
WINDOW & DOOR REPLACEMENT
PAINTING
WATER DAMAGE
AND MORE!


പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ
മഹത്വചനം
www.paradiseaudioministries.com
പുസ്തകം ലഭിക്കുന്നതിനായി
ബന്ധപ്പെടുക
Paradise Audio Ministries
Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA
www.facebook.com/susan.babu.52493
USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com
YouTube channel: susan b. john
Paradise
Audio Ministries FL
INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120
YouTube
Watch
Many More

# കത്തോലിക്കാ കോൺഗ്രസ് രജതജൂബിലി ആഘോഷവും ഫാമിലി കോൺഫറൻസും സെപ്റ്റംബറിൽ

ഫിലാഡൽഫിയ: സീറോമലബാർ സഭയുടെ അമേരിക്കയിലെ അത്മായ സംഘടനയായ സീറോമലബാർ കത്തോലിക്കാ കോൺഗ്രസിന്റെ (എസ്.എം.സി.സി.) രജത ജൂബിലി ആഘോഷങ്ങളും ദേശീയ കുടുംബ സംഗമവും ഈ വർഷം സെപ്റ്റംബർ 27 മുതൽ 29 വരെ ഫിലാഡൽഫിയായിൽ നടക്കുന്നു. ചിക്കാഗോ സെ. തോമസ് സീറോമലബാർ രൂപതാ ബിഷപ് മാർ ജോയി ആലപ്പാട്ടിന്റെ ആത്മീയ നേതൃത്വത്തിൽ നടക്കുന്ന ഈ മഹാകുടുംബ മേളയ്ക്ക് ആതിഥ്യമരുളുന്നതിനുള്ള നിയോഗം രൂപതാ സ്ഥാപനത്തിനു മുമ്പേതന്നെ അമേരിക്കയിലെ ആദ്യത്തെ സീറോമലബാർ നാഷണൽ കൺവൻഷനും എസ്.എം.സി.സിയുടെ ദശവത്സരാഘോഷങ്ങളും വൻ ജനപങ്കാളിത്തതോടെ നല്ല രീതിയിൽ നടത്തി മാതൃകയായ ഫിലാഡൽഫിയയ്ക്കു തന്നെ.

എസ്.എം.സി.സിയുടെ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചുള്ള ദേശീയ കുടുംബസംഗമം വടക്കെ അമേരിക്കയിലെ സീറോമലബാർ കത്തോലിക്കരുടെ ഏറ്റവും വലിയ ഒത്തുചേരലായിരിക്കും.

ദേശീയതലത്തിലും രൂപതാതലത്തിലും എസ്.എം.സി.സി.യുടെ വളർച്ചയ്ക്ക് വളരെയധികം സംഭാവനകൾ നല്കുകയും അതിന്റെ പ്രഥമ ഗ്രാൻഡ് പേട്രൺ സ്ഥാനം ഏറെക്കാലം വഹിക്കുകയും ചെയ്ത സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പും അത്യുന്നത കർദ്ദിനാളുമായിരുന്ന ദിവംഗതനായ മാർ വർക്കി വിതയത്തിലിന്റെ ആശീർവാദത്തിലും മഹനീയ സാന്നിദ്ധ്യത്തിലും എസ് എം സി സി യുടെ സ്ഥാപകനേതാക്കളായ ഡോ. ജെയിംസ് കുറിച്ചി, ജോർജ് മാത്യു ടീമിന്റെ നേതൃത്വത്തിൽ 1999-ൽ ഫിലാഡൽഫിയായിൽ നടത്തപ്പെട്ട ആദ്യത്തെ സീറോമലബാർ നാഷണൽ കൺവൻഷനിൽ ഇന്ത്യയിൽ നിന്നുള്ള ആറ് ബിഷപ്പുമാരും അമ്പതോളം വൈദികരും സന്യസ്തരും ആയിരത്തിലേറെ സഭാമക്കളും പങ്കെടുത്തിരുന്നു.


സീറോമലബാർ സഭയുടെ അന്നത്തെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി കൺവൻഷന്റെ സമാപനസമ്മേളനത്തിൽ പങ്കെടുത്ത അഭിവന്ദ്യ വർക്കി വിതയത്തിൽ പിതാവിന്റെ 'അമേരിക്കയിൽ ഉടൻതന്നെ ഒരു സീറോമലബാർ രൂപത നിലവിൽ വരും' എന്നുള്ള പ്രഖ്യാപനം നിർത്താതെയുള്ള കരഘോഷത്തോടെയാണ് ദൈവജനം സ്വീകരിച്ചത്. 2001-ൽ ചിക്കാഗോ ആസ്ഥാനമായി ഇന്ത്യക്ക് വെളിയിലുള്ള ആദ്യത്തെ സീറോമലബാർ രൂപത സ്ഥാപിക്കപ്പെട്ടപ്പോൾ വിതയത്തിൽ പിതാവിന്റെ നാവ് പൊന്നാവുകയായിരുന്നു എന്നതും 1999-ലെ ഫിലാഡൽഫിയ കൺവൻഷൻ അതിനു കാരണമാവുകയുമായിരുന്നു എന്നതും ചരിത്രത്തിൽ തങ്കലിപികളിൽ ഏടു ചേർത്തിരിക്കുന്ന കാര്യങ്ങളാണ്.

പിന്നീട് ബിഷപ് എമരിത്തൂസ് മാർ

**ജോസ് മാളേയ്ക്കൽ**

ജേക്കബ് അങ്ങാടിയത്തിന്റെ ആത്മീയപരിപാലനയിൽ റവ.ഫാ. ജോൺ മേലേപ്പുറം ആതിഥേയ ഇടവകവികാരിയായും മോഡി ജേക്കബ്-ജോസ് മാളേയ്ക്കൽ ടീമിന്റെ നേതൃത്വത്തിൽ ഫിലാഡൽഫിയായിൽ 2009-ൽ നടത്തപ്പെട്ട എസ്.എം.സി.സിയുടെ ദശവത്സരാഘോഷങ്ങളിലും കുടുംബസമ്മേളനത്തിലും അമേരിക്കയിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുള്ള ആയിരത്തിൽപ്പരം സീറോമലബാർ കത്തോലിക്കർ ഒത്തുകൂടി തങ്ങളുടെ പാരമ്പര്യവും പൈതൃകവും ആഘോഷിച്ചിരുന്നു.

2024 സെപ്റ്റംബറിൽ എസ്.എം.സി.സിയുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് നടക്കുന്ന സീറോമലബാർ കുടുംബസംഗമത്തിന്റെ നടത്തിപ്പിനായി ദേശീയതലത്തിൽ വിപുലമായ ഒരു സിൽവർ ജൂബിലി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യരക്ഷാധികാരിയും എസ്.എം.സി.സി നാഷണൽ സ്പിരിചൽ ഡയറക്ടർ റവ.ഫാ. ജോർജ് എളംബാശേരിൽ, ആതിഥേയ ഇടവക വികാരിയും എസ്.എം.സി.സി ഫിലാഡൽഫിയ ചാപ്റ്റർ സ്പിരിചൽ ഡയറക്ടറുമായ റവ.ഡോ. ജോർജ് ദാനവേലിൽ എന്നിവർ രക്ഷാധികാരികളും ജോർജ് മാത്യു സിപിഎ (ചെയർപേഴ്സൺ), ഡോ. ജെയിംസ് കുറിച്ചി, മേഴ്സി കുര്യാക്കോസ് (കോ-ചെയർപേഴ്സൺസ്), ജോസ് മാളേയ്ക്കൽ (ജനറൽ സെക്രട്ടറി), ജോർജ് വി. ജോർജ് (ട്രഷറർ), ജോജോ കോട്ടൂർ (നാഷണൽ കോ-ഓർഡിനേറ്റർ) എന്നിവരും വിവിധ സബ്കമ്മിറ്റി ചെയർപേഴ്സൺസും ഉൾപ്പെടെയുള്ള സിൽവർ ജൂബിലി കമ്മിറ്റിക്ക് എസ്.എം.സി.സി നാഷണൽ പ്രസിഡണ്ട് സിജിൽ പാലക്കലോടി, ജനറൽ സെക്രട്ടറി മേഴ്സി കുര്യാക്കോസ്, ബോർഡ് ചെയർമാൻ ജോർജുകുട്ടി പുല്ലാപ്പള്ളി എന്നിവർ നേതൃത്വം നല്കുന്ന നാഷണൽ കമ്മിറ്റി അംഗങ്ങളുടെയും ഫിലാഡൽഫിയ ഇടവക കൈക്കാരന്മാരായ ജോജി ചെറുവേലിൽ, ജോസ് തോമസ്, പോളച്ചൻ വറീദ്, സജി സെബാസ്റ്റ്യൻ, ജെറി കുരുവിള എന്നിവരുടെയും ചാപ്റ്റർ പ്രതിനിധികളുടെയും സഹകരണവും പിന്തുണയും കരുത്തു പകരും.



ബിഷപ് മാർ ജോയി ആലപ്പാട്ട്



റവ.ഫാ. ജോർജ് എളംബാശേരിൽ



റവ.ഡോ. ജോർജ് ദാനവേലിൽ



ജോർജ് മാത്യു സിപിഎ



ഡോ. ജെയിംസ് കുറിച്ചി



സിജിൽ പാലക്കലോടി



മേഴ്സി കുര്യാക്കോസ്



ജോർജുകുട്ടി പുല്ലാപ്പള്ളി

കോൺഫറൻസിനോടനുബന്ധിച്ച് എല്ലാ ദിവസവും ആഘോഷമായ ദിവ്യബലി, യുവജനസമ്മേളനം, വൈവിദ്ധ്യമാർന്ന കലാപരിപാടികൾ, യൂത്ത് ബാസ്കറ്റ്ബോൾ ടൂർണമെന്റ്, നസ്രാണി തനിമയിലുള്ള പ്രൊസഷൻ, മതബോധന പൂർവവിദ്യാർത്ഥികളുടെ സംഗമം, ഫിലാഡൽഫിയ സിറ്റി ടൂർ, കലാമത്സരങ്ങൾ, യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേക സെമിനാറുകൾ, യംഗ് പ്രൊഫഷണൽസ് മീറ്റ്, സിൽവർ ജൂബിലി കപ്പിൾസിനെ ആദരിക്കൽ, സീറോമലബാർ പയനിയേഴ്സിനെ ആദരിക്കൽ മതാദ്ധ്യാപക സംഗമം, ബൈബിൾ സ്കിറ്റ് മത്സരം, ബാങ്കറ്റ് എന്നിവയും ക്രമീകരിച്ചിട്ടുണ്ട്.

സാധാരണ കോൺഫറൻസുകളിൽ നിന്നു വ്യത്യസ്തമായി താരതമ്യേന ചെലവേറിയ ഹോട്ടലുകൾ ഒഴിവാക്കി, വളരെ മിതമായ നിരക്കിലുള്ള രജിസ്ട്രേഷൻ പാക്കേജുകൾ നല്കി എല്ലാവിഭാഗം കുടുംബാംഗങ്ങളേയും ഇതിൽ പങ്കെടുപ്പിക്കാൻ സംഘാടകർ ശ്രമിക്കുന്നു എന്നത് വളരെ ശ്ലാഘനീയമാണ്. മൂന്നു ദിവസത്തെ സമ്മേളനത്തിൽ പങ്കെടുക്കാൻ ഒരാൾക്ക് 150 ഡോളറും നാലു പേരടങ്ങിയ ഫാമിലിക്ക് 500 ഡോളറുമാണ് രജിസ്ട്രേഷൻ ഫീസ്. ഓൺലൈൻ രജിസ്ട്രേഷനുള്ള വിശദവിവരങ്ങൾ ഉടൻതന്നെ അറിയിക്കും. ദൂരസ്ഥലങ്ങളിൽ നിന്നെത്തുന്നവർക്ക് താമസത്തിനു സമീപസ്ഥലങ്ങളായ ഹോട്ടലുകൾ കൂടാതെ ആതിഥേയ കുടുംബങ്ങളെ ക്രമീകരിക്കുന്നതായിരിക്കും.

1970-കളിൽ അമേരിക്കയിലെ വിവിധ നഗരങ്ങളിൽ കുടിയേറി പ്രതികൂല സാഹചര്യങ്ങളും തികച്ചും വ്യത്യസ്തങ്ങളായ ജീവിതരീതികളും ജോലി സാഹചര്യങ്ങളും ധീരമായി തരണം ചെയ്ത്, പൈതൃകമായി ലഭിച്ച തങ്ങളുടെ അചഞ്ചലമായ വിശ്വാസം കൈവിടാതെ മക്കളെ വിശ്വാസത്തിൽ നല്ല രീതിയിൽ വളർത്തി അവിടങ്ങളിലെ സീറോമലബാർ സമൂഹങ്ങളുടെ ഉന്നമനത്തിനും പടിപടിയായുള്ള വളർച്ചയ്ക്കും തുടർന്ന് സീറോമലബാർ പള്ളികളുടെ സ്ഥാപനത്തിനും വളർച്ചയ്ക്കും വളരെയധികം സംഭാവനകൾ നല്കി ഇപ്പോൾ വിശ്രമജീവിതം നയിക്കുന്ന സീറോമലബാർ കാരണവന്മാരെ ഈ കോൺഫറൻസിൽ ആദരിക്കുന്നു എന്നുള്ളത് മറ്റൊരു പ്രത്യേകതയാണ്.

കൂടുതൽ വിവരങ്ങൾക്ക്: ജോർജ് മാത്യു സിപിഎ +1 267 549 1196, ജോസ് മാളേയ്ക്കൽ +1 215 873 6943 ,ഡോ. ജെയിംസ് കുറിച്ചി +1 856 275 4014 എന്നിവരുമായി ബന്ധപ്പെടുക.

# റീനി മമ്പലം- അമേരിക്കൻ മലയാള സാഹിത്യ തറവാട്ടിലെ പുഞ്ചിരി മായാത്ത സ്ത്രീച്ഛായ

ഫിലാഡൽഫിയ: പ്രശസ്ത അമേരിക്കൻ മലയാളി എഴുത്തുകാരി റീനി മമ്പലത്തിന്റെ വേർപാടിൽ ഫിലാഡൽഫിയാ മലയാള സാഹിത്യവേദി (ലാമ്പ്) അനുശോചിച്ചു. 'അമേരിക്കൻ ജീവിതാനുഭവങ്ങളെ, മലയാള ഹൃദയരസ ചംക്രമണമാക്കി രൂപാന്തരപ്പെടുത്തുന്ന, അത്ഭുത വിദ്യ, റീനി മമ്പലത്തിന്റെ രചനകളിൽ, മാന്ത്രിക ലയമായി തിളങ്ങുന്നു എന്നതാണ്, റീനിയെ അമേരിക്കൻ മലയാള സാഹിത്യത്തറവാട്ടിലെ, പുഞ്ചിരി മായാത്ത സ്ത്രീച്ഛായയായി, ഭദ്രദീപ്തിയിൽ വിളിക്കുന്നത്' എന്ന് ഫിലാഡൽഫിയ മലയാള സാഹിത്യവേദി അനുസ്മരണ കുറിച്ചു.

ലിറ്റററി അസോസിയേഷൻ ഓഫ് ഫിലാഡൽഫിയാ മലയാളം (ലാമ്പ്), ഫിലാഡൽഫിയാ മലയാള സാഹിത്യ വേദി) പ്രസിഡണ്ട് പ്രഫ. കോശി തലയ്ക്കൽ, റീനി മമ്പലത്തിന്റെ സാഹിത്യരചനാ വൈഭവത്തെ പ്രകീർത്തിച്ച് സംസാരിച്ചു.

ജോർജ് നടവയൽ അനുശോചന പ്രമേയം രേഖപ്പെടുത്തി. അംഗങ്ങളായ



നീനാ പനയ്ക്കൽ, അനിതാ പണിക്കർ, ലൈലാ അലക്സ്, ജോർജ് ഓലിക്കൽ, സോയാ നായർ എന്നിവർ അനുശോചിച്ചു.

റീനി മമ്പലത്തിന്റെ കഥകളും നോവലുകളും ലേഖനങ്ങളും യാത്രാവിവരണങ്ങളും ദേശാഭിമാനി വാരിക, സമകാലിക മലയാളം വാരിക, മനോരമ വീക്കിലി, വനിത മാസിക, ചന്ദ്രിക മാസിക, മാധ്യമം വാരാന്തപ്പതിപ്പ്, സ്നേഹഭൂമി, കേരളാ എക്സ്പ്രസ്, ഇ-മലയാളി, പുഴ ഡോട്ട് കോം, ചിന്ത ഡോട്ട് കോം എന്നീ പ്രസിദ്ധീകരണങ്ങളിൽ പ്രകാശിതമായിരുന്നു.

റീനിയുടെ ആദ്യചെറുകഥാ സമാഹാരം 'റിട്ടേൺ ഫ്ളൈറ്റ്' 2010-ലെ നോർക്ക റൂട്ട്സിന്റെ അവാർഡ് നേടിയിരുന്നു. പ്രശസ്തിപത്രവും ശില്പവും അമ്പതിനായിരം രൂപയുമായിരുന്നു സമ്മാനം. 2015-ലാണ് അമേരിക്കൻ പശ്ചാത്തലത്തിൽ എഴുതിയ 'അവിചാരിതം' എന്ന നോവൽ പ്രസിദ്ധീകരിക്കുന്നത്. 2018-ൽ 'ശിശിരത്തിൽ ഒരു ദിവസം' എന്ന ചെറുകഥാ സമാഹാരം പുറത്തിറങ്ങി. ന്യൂ ബുക്സ് തൃശൂർ ആണ് പ്രസാധകർ.

2014-ൽ ഫോമയുടെ ലിറ്റററി അവാർഡ്, കണക്റ്റിക്കട്ട് കേരളാ അസോസിയേഷന്റെ ലിറ്റററി അവാർഡ്, മെരിലാൻഡ് മലയാളി അസോസിയേഷന്റെ ചെറുകഥാ അവാർഡ് ഇവയെല്ലാം റീനിയുടെ രചനാമേന്മയെ തേടിയെത്തിയ പുരസ്കാരങ്ങളാണ്.


റീനി മമ്പലം കോട്ടയം ചിങ്ങവനം

**പി.ഡി. ജോർജ് നടവയൽ**

സ്വദേശി. ഭർത്താവ് ജേക്കബ് തോമസ്. മക്കൾ: വീണ, സ്വപ്ന. റീനി മമ്പലത്തിന്റെ സ്കൂൾ വിദ്യാഭ്യാസം പള്ളം ബുക്കാനൻ സ്കൂളിലും കോളജ് വിദ്യാഭ്യാസം കോട്ടയം സിഎംഎസ് കോളജിലും ആയിരുന്നു. 1977 മുതൽ അമേരിക്കയിൽ.

(എഴുത്തുകാരി റീനി മമ്പലത്തിന്റെ സംസ്കാരം മെയ് 3-ന് വെള്ളിയാഴ്ച കണക്ടിക്കട്ടിൽ ബ്രൂക്ക്ഫീൽഡ് ഫ്യൂണറൽ ഹോമിൽ നടത്തി.)

# ചിക്കാഗോ സെ. മേരീസിൽ ക്നാനായ റീജിയൻ പ്രീ മാര്യേജ് കോഴ്സ് സംഘടിപ്പിച്ചു



ചിക്കാഗോ: അമേരിക്കയിലെ ക്നാനായ കത്തോലിക്കാ റീജിയന്റെ ഫാമിലി കമ്മീഷന്റെ ആഭിമുഖ്യത്തിൽ ചിക്കാഗോ സെന്റ് മേരീസ് ഇടവക ദേവാലയത്തിൽ പ്രീ മാര്യേജ് കോഴ്സ് സംഘടിപ്പിച്ചു. നോർത്ത് അമേരിക്കയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി എത്തിയ ക്നാനായ യുവതി യുവാക്കൾ മൂന്നു ദിവസങ്ങൾ നീണ്ടു നിന്ന പ്രീ മാര്യേജ് കോഴ്സിൽ പങ്കെടുത്തു. പ്രീ മാര്യേജ് കോഴ്സിൽ പങ്കെടുക്കുവാൻ എത്തിയവരെ ചിക്കാഗോ സെന്റ് മേരീസ് ഇടവക വികാരി ഫാ. സിജു മുടക്കോടിയിൽ സ്വാഗതം ചെയ്തു. വിവാഹം എന്നത് ഒരു ആഘോഷം എന്നതിലുപരി ആഴമേറിയ കത്തോലിക്കാ വിശ്വാസത്തിന്റെ കാതലായ നാഴികക്കല്ലും പവിത്രമായ കൂദാശയുമാണെന്നും പൂർണ്ണമായ ഒരുക്കത്തോടെയും ഹൃദയവിശുദ്ധിയോടെയും ഈ കൂദാശയെ സമീപിക്കുമ്പോഴാണ് ഓരോ കത്തോലിക്കാ വിശ്വാസിയുടെയും കൗദാശിക ജീവിതത്തിൽ അനുഗ്രഹങ്ങൾ ലഭിക്കുന്നതെന്നും കോഴ്സിൽ പങ്കെടുക്കാൻ എത്തിയവരെ അദ്ദേഹം ഓർമ്മിപ്പിച്ചു.

ക്നാനായ റീജിയണിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വൈദികരും അല്മായരും പ്രീ മാര്യേജ് കോഴ്സിന്റെ ഭാഗമായി സെമിനാറുകളും ക്ലാസുകളും നയിച്ചു. ക്നാനായ റീജിയൻ ഡയറക്ടർ മോൺ. തോമസ് മുളവനാൽ, ഫാ. അബ്രാഹം മുത്തോലത്ത് (ഹൂസ്റ്റൺ സെ. മേരീസ് ക്നാനായ ഫൊറോന വികാരി), ഫാ. ബിബി തറയിൽ (ന്യൂയോർക്ക് റോക്ക്ലാൻഡ് സെ. മേരീസ് ക്നാനായ ഇടവക വികാരി), ഫാ. സിജു മുടക്കോടിൽ (ചിക്കാഗോ സെ. മേരീസ് ക്നാനായ ഇടവക വികാരി) എന്നിവർ വൈദികരെ പ്രതിനിധീകരിച്ച് ക്ലാസുകൾ നയിച്ചു. ടോണി പുല്ലാപ്പള്ളിൽ, ഷിബു ആൻഡ് നിമിഷ കളത്തിക്കോട്ടിൽ, ലിൻസ് താന്നിച്ചുവട്ടിൽ, ജയ കുളങ്ങര, ആൻസി ചേലക്കൽ, ബെന്നി കാഞ്ഞിരപ്പാറ, ഡോ. ജീനാ മറ്റത്തിൽ, ഡോ. അജിമോൾ പുത്തൻപുരയിൽ, ലിനു പടിക്കപ്പറമ്പിൽ, ജൂലി സജി കൈപ്പിങ്കൽ എന്നിവർ അല്മായ പ്രതിനിധികളായി വി

**അനിൽ മറ്റത്തിക്കുന്നേൽ**

വിധ ദിവസങ്ങളിൽ ക്ലാസുകൾ നയിച്ചു. സമാപന ദിവസമായ ഞായറാഴ്ച ദൈവാലയത്തിൽ വെച്ച് നടന്ന വിശുദ്ധ കുർബാനയെ തുടർന്ന് പ്രീ മാര്യേജ് കോഴ്സിൽ പങ്കെടുത്ത യുവതീയുവാക്കൾക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും സർട്ടിഫിക്കറ്റ് വിതരണവും നടത്തപ്പെട്ടു. വടവാതൂർ സെ. തോമസ് അപ്പസ്തോലിക് സെമിനാരിയിലെ ഫിലോസഫി ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ റവ.ഡോ. ജോൺസൺ നീലനിരപ്പേൽ സന്ദേശം നല്കി.

ടോണി പുല്ലപ്പള്ളിൽ ഡയറക്ടറായ ക്നാനായ റീജിയൺ ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട പ്രീ മാര്യേജ് കോഴ്സിന്റെ സുഗമമായ നടത്തിപ്പിന് ചിക്കാഗോ സെ. മേരീസ് വികാരി ഫാ. സിജു മുടക്കോടിയിൽ, അസി. വികാരി ഫാ. ജോഷി വലിയവീട്ടിൽ, പാരിഷ് സെക്രട്ടറി സിസ്റ്റർ സിൽവേരിയസ് എസ്.വി.എം, കൈക്കാരന്മരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിൽപറമ്പിൽ, നിബിൻ വെട്ടിക്കാട്ടിൽ, പാരിഷ് കൗൺസിൽ സെക്രട്ടറി സണ്ണി മേലേടം എന്നിവർ നേതൃത്വം നല്കി.

ഫാമിലി കമ്മീഷന്റെ നേതൃത്വത്തിലുള്ള അടുത്ത പ്രീ മാര്യേജ് കോഴ്സ് മെയ് 10 മുതൽ 12 വരെ ഹൂസ്റ്റൺ സെ. മേരീസ് ക്നാനായ ഫൊറോന ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നതായിരിക്കുമെന്ന് ഫാമിലി കമ്മീഷൻ ഡയറക്ടർ ടോണി പുല്ലാപ്പള്ളി അറിയിച്ചു.

# ബാൾട്ടിമോർ സെ. തോമസ് ഇടവകയിൽ കോൺഫറൻസ് രജിസ്ട്രേഷൻ

ബാൾട്ടിമോർ (മെരിലാൻഡ്): മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി/യൂത്ത് കോൺഫറൻസിന്റെ കിക്കോഫ് മീറ്റിങ്ങിന് ഏപ്രിൽ 21-ന് ഞായറാഴ്ച സെ. തോമസ് ഓർത്തഡോക്സ് ഇടവക വേദിയായി.

വിശുദ്ധ കുർബാനയ്ക്ക് വികാരി ഫാ. ടോബിൻ പി. മാത്യു നേതൃത്വം നല്കി. തുടർന്നു നടന്ന മീറ്റിംഗിൽ ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന്റെ ഉദ്ഘാടനം നടത്തി. കോൺഫറൻസ് ടീമിനെ വികാരി പരിചയപ്പെടുത്തി ഊഷ്മളമായ സ്വാഗതം നല്കി. ചെറിയാൻ പെരുമാൾ (കോൺഫറൻസ് സെക്രട്ടറി), ഷീല ജോസഫ്, പ്രേംസി ജോൺ (കോൺഫറൻസ് കമ്മിറ്റി അംഗങ്ങൾ) എന്നിവരടങ്ങുന്നതായിരുന്നു കോൺഫറൻസ് ടീം. ജോൺ മാത്യു (ഭദ്രാസന അസംബ്ലി അംഗം), സാബു കുര്യൻ (ഇടവക സെക്രട്ടറി), വർഗീസ് മത്തായി (ഇടവക ട്രസ്റ്റി) എന്നിവരും വേദിയിലെത്തി. ഫാ. ടോബിൻ പി. മാത്യു തന്റെ ആമുഖപ്രസംഗത്തിൽ യുവജനങ്ങൾക്കും മുതിർന്നവർക്കും ഒരുപോലെ ഫാമിലി/യൂത്ത് കോൺഫറൻസ് നല്കുന്ന ആത്മീയ പോഷണത്തെക്കുറിച്ച് സംസാരിക്കുകയും കോൺഫറൻസിൽ പങ്കെടുത്ത് ധന്യരാകുവാൻ എല്ലാവരെയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

ഈ വർഷത്തെ ഫാമിലി യൂത്ത് കോൺഫറൻസിന്റെ സ്ഥലം, തീയതി, പ്രസംഗകർ, മുഖ്യചിന്താവിഷയം, സ്പോൺസർഷിപ് അവസരങ്ങൾ എന്നിവയുൾപ്പെടെ കോൺഫറൻസിനെക്കുറിച്ചുള്ള പൊതുവായ വിവരങ്ങൾ ചെറിയാൻ പെരുമാൾ പങ്കുവെച്ചു. പ്രേംസി ജോൺ രജിസ്ട്രേഷൻ, റാഫിൾ ടിക്കറ്റ്, ലങ്കാസ്റ്ററിലെ സൈറ്റ് ആൻഡ് സൗണ്ട് തിയേറ്റർ ഉൾപ്പെടെയുള്ള ആകർഷണങ്ങളെക്കുറിച്ച് സംസാരിച്ചു. കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന് ഷീല ജോസഫ് പിന്തുണ അഭ്യർത്ഥിച്ചു. കോൺഫറൻസിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്ന വിനോദ സായാഹ്നത്തിൽ പങ്കെടുക്കുവാനും ആസ്വദിക്കാനുമുള്ള അവസരത്തെക്കുറിച്ചും ഷീല സംസാരിച്ചു.

ഇടവകയെ പ്രതിനിധീകരിച്ച് സുവനീറിനുള്ള സംഭാവന ഫാ. ടോബിൻ പി. മാത്യു കൈമാറി. സ്പോൺസർഷിപ്പുകൾ, രജിസ്ട്രേഷൻ, റാഫിൾ ടിക്കറ്റ് എന്നിവയിലൂടെ നിരവധി അംഗങ്ങൾ പിന്തുണ വാഗ്ദാനം ചെയ്തു. ആത്മാർത്ഥമായി സഹകരിച്ച ഇടവക വികാരി, ഭാരവാഹികൾ, ഇടവകാംഗങ്ങൾ എന്നിവർക്ക് ചെറിയാൻ പെരുമാൾ നന്ദിയും കടപ്പാടും അറിയിച്ചു.

2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയയിലെ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് കോൺഫറൻസ് നടക്കുന്നത്. സൺഡേ സ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നല്കും. 'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തിലൂന്നി 'ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക' (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും.


**ഉമ്മൻ കാപ്പിൽ**



Registration link:http://tinyuril.-com/FYC2024. കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ-കോൺഫറൻസ് കോ-ഓർഡിനേറ്റർ (ഫോൺ 914 806 4595), ചെറിയാൻ പെരുമാൾ-കോൺഫറൻസ് സെക്രട്ടറി (ഫോൺ 516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

## ജീവിതം

എന്തൊരു ജീവിതം-വയസായ ജീവിതം
മറക്കുന്നു മനസ്സിലെ ഓർമ്മകളെല്ലാം
ആടി ഉലയുന്ന ജീവിതപാതയിൽ
ഓർക്കും ഞാൻ എന്നുടെ യൗവനകാലം.
ഉണങ്ങിയ കണ്ണിൽനിന്നു ബാഷ്പങ്ങൾ വീഴുംതോറും
മനസ്സിലുള്ള ഭാരം കുറയുംപോലെ
ബാല്യകാലത്തിലു ഓടിനടന്നപ്പോൾ
വയസ്സാകും, ഒരിക്കൽ ഓർക്കുമോ നമ്മൾ
ഒഴുക്കിനെതിരെ നീന്തുന്നു ഞാനിപ്പോൾ
കൂടല്ലൂർ മാതാവ് കൂടെ ഉണ്ട് എപ്പോഴും
നാട്ടുകാർ വീട്ടുകാർ വേർപിരിഞ്ഞീടുന്നു
എന്നുടെ ഊഴം നാഥന്റെ കൈയിൽ
മലകേറും മലയിലെ പള്ളിയിൽനിന്ന്
ഒച്ചയിലുള്ള പ്രാർത്ഥന കേൾക്കുമ്പോൾ
ഗാഗുൽത്താമലയിൽ കുരിശിൽ കിടക്കുന്ന
നാഥന്റെ മുഖമാണ് എൻ മനസ്സിൽ.




ജെയിംസ് ചെട്ടിയാത്ത്

# പാക്കിസ്ഥാനിലെ ഗൊണ്ടോഫറോസ് സന്ദർശിച്ച് തക്സില കുരിശിന്റെ പുണ്യഭൂവിലൂടെ ഫാ. ജോസഫ് വർഗീസിന്റെ മിഷൻയാത്ര

**ജോർജ് തുമ്പയിൽ**

പാക്കിസ്ഥാനിലേക്കുള്ള ഏറ്റവും ശ്രദ്ധേയമായ മിഷൻ യാത്രയ്ക്കിടെ, സിറിയൻ ഓർത്തഡോക്സ് സഭയിലെ ഫാ. ജോസഫ് വർഗീസ് സെ. തോമസിന്റെ പാദമുദ്രകൾ പതിഞ്ഞ ഗൊണ്ടോഫറോസ് കൊട്ടാരം നിലനിന്ന പ്രദേശം സന്ദർശിച്ചു. സെന്റ് തോമസ് ഇന്ത്യയിലെത്തുന്നതിനു മുമ്പ് താമസിച്ചതായി വിശ്വസിക്കപ്പെടുന്ന ഗൊണ്ടോഫറോസ് കൊട്ടാരം റാവൽപിണ്ടിയിൽ നിന്ന് ഏകദേശം 20 മൈൽ അകലെയുള്ള പ്രശസ്തമായ സിൽക്ക് റോഡിന്റെ ബൈനറി റൂട്ടിലാണ് സ്ഥിതി ചെയ്യുന്നത്.

ഇറാൻ, അഫ്ഗാനിസ്ഥാൻ, ഇന്ത്യ എന്നിവിടങ്ങളിലൂടെ തോമാശ്ലീഹാ സഞ്ചരിച്ചുവെന്ന് കരുതുന്ന വഴിയിൽ നിന്ന് അദ്ദേഹത്തിന്റെ പ്രേഷിത യാത്രയെക്കുറിച്ചുള്ള ചരിത്രവിവരണം കണ്ടെത്താനാകും. പാർത്ഥിയൻ രാജാവായ ഗൊണ്ടോഫറോസിന്റെ രാജ്യ (ബിസി 30 മുതൽ സിഇ 80 വരെ) മായിരുന്നു 'ഇന്തോ-പാർത്തിയൻ' എന്നും വിളിക്കപ്പെടുന്ന














സിർകാപ്. ഖനനം ചെയ്തു കണ്ടെടുത്ത സിർകാപ് പട്ടണത്തിന് ഏകദേശം 1200 മീറ്റർ നീളവും 400 മീറ്റർ വീതിയുമുണ്ട്. നഗരത്തെ ചുറ്റുന്ന മതിലിന് 6-10 മീറ്റർ ഉയരവും 5-7 മീറ്റർ വീതിയും ഏകദേശം 4,800 മീറ്റർ നീളവുമുള്ളതായി കണക്കാക്കപ്പെടുന്നു.

മൂന്നാം നൂറ്റാണ്ടിന്റെ ആദ്യകാല അപ്പോക്രിഫൽ ഗ്രന്ഥമായ സെന്റ് തോമസിന്റെ പ്രവൃത്തികൾ 1822-ൽ സിറിയയിൽ നിന്നാണ് കണ്ടെടുത്തത്. ഇന്ത്യയിലേക്കുള്ള യാത്രാമധ്യേ സെന്റ് തോമസ് തക്സിലയിലെ ഗൊണ്ടോഫറോസ് രാജാവിന്റെ കൊട്ടാരം സന്ദർശിച്ചതായി ഗ്രന്ഥത്തിലെ വിവരണം പറയുന്നു. ഗൊണ്ടോഫറോസ് രാജാവിന് ഒരു പുതിയ കൊട്ടാരം പണിയാനുള്ള ചുമതലയും കുറച്ച് സ്വത്തും രാജാവ് സെന്റ് തോമസിനു നല്കി. എന്നാൽ, ഒരു കല്ലു പോലുമിടാതെ പണമെല്ലാം ആർക്കൊക്കെയോ കൊടുത്തു തീർത്തതോടെ സെന്റ് തോമസ് രാജാവിന്റെ അതൃപ്തിക്ക് കാരണക്കാരനായി. സെന്റ് തോമസിനെ വധിക്കാൻ ഉത്തരവിടാൻ രാജാവ് തയ്യാറായിരിക്കെയാണ് മരണത്തിലേക്കു വീണുപോയ തന്റെ സഹോദരനെ സെന്റ് തോമസ് അത്ഭുതകരമായി പുനരുജ്ജീവിപ്പിച്ചത്. ഗൊണ്ടോഫറോസിന്റെ സഹോദരൻ രാജാവിനോട് പറഞ്ഞു: മരണത്തെ നേരിട്ടപ്പോൾ താൻ സ്വർഗ്ഗം കണ്ടുവെന്നും അവിടെ സെന്റ് തോമസ് തനിക്കുവേണ്ടി ഒരു കൊട്ടാരം പണിതിരുന്നുവെന്നും. വൈകാതെ രാജാവ് സെന്റ് തോമസിനോട് ക്ഷമിക്കുകയും രാജ്യം മുഴുവൻ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യുകയും ചെയ്തു. പാക്കിസ്ഥാനി ക്രിസ്ത്യാനികൾക്കും സെന്റ് തോമസിനെ ബഹുമാനിക്കുന്ന മറ്റു ചില വിശ്വാസിസമൂഹങ്ങൾക്കും സിർകാപ് ഒരു തീർത്ഥാടന കേന്ദ്രമായി മാറി. സെന്റ് തോമസിന്റെ സ്മൃതികുടീരത്തിൽ പ്രാർത്ഥിക്കാൻ കിലോമീറ്ററുകളോളം യാത്ര ചെയ്ത് ആളുകൾ എത്തുന്നു. ശിശുക്കൾക്കും മുതിർന്നവർക്കും സൈറ്റിൽ മാമോദീസയും നടത്തുന്നു.





**തക്സില കുരിശ്:** 1935-ൽ വയൽ ഉഴുതുമറിക്കുന്നതിനിടെ ഒരു കർഷകന് ഒരു കുരിശ് ലഭിച്ചു. ആ കുരിശ് ലാഹോറിലെ ആംഗ്ലിക്കൻ ബിഷപ്പിന് സമ്മാനിച്ചു. പ്രസിദ്ധമായ 'തക്സില ക്രോസ്' എന്ന ഈ കുരിശ് ഇപ്പോൾ പഞ്ചാബിന്റെ തലസ്ഥാനത്ത് ആംഗ്ലീക്കൻ കത്തീഡ്രൽ ഓഫ് റിസറക്ഷനിൽ സൂക്ഷിച്ചിരിക്കുന്നു. പാക്കിസ്ഥാൻ ക്രിസ്ത്യാനികളുടെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് സിർകാപ്. അങ്ങനെ എല്ലാ വർഷവും ജൂലൈ 3-ന് അവരിൽ അനേകായിരങ്ങൾ സിർക്കാപ്പിലെ സെന്റ് തോമസിന്റെ തിരുനാൾ ആഘോഷിക്കാനും പ്രാർത്ഥിക്കാനും ഇവിടെ മെഴുകുതിരികൾ കത്തിക്കാനും വരുന്നു. മുതിർന്നവരുടെയും കുട്ടികളുടെയും മാമോദീസായും ഇവിടെ നടത്തപ്പെടുന്നു. ലോകമെമ്പാടുമുള്ള ചരിത്രപരവും വാസ്തുവിദ്യാപരവുമായ നാശഭീഷണി നേരിടുന്ന പുരാവസ്തു സൈറ്റുകളുടെ സംരക്ഷണത്തെ പിന്തുണയ്ക്കുന്ന വേൾഡ് ഹെറിറ്റേജ് ഫണ്ടിന്റെ റിപ്പോർട്ടുകൾ അനുസരിച്ച്, തക്സിലയുടെ പുരാവസ്തു അവശിഷ്ടങ്ങൾ ഏറ്റവും അപകടകരമായ നാശം നേരിടുന്നു.

**സെന്റ് തോമസ് ദ അപ്പസ്തോലിക് കാത്തലിക് ചർച്ച്:** 2022 ഫെബ്രുവരിയിൽ, തക്സിലയിലെ സിർകാപ് പ്രദേശത്തിനടുത്തായി സെന്റ് തോമസ് ദ അപ്പസ്തോലിക് കാത്തലിക് ചർച്ച് കൂദാശ ചെയ്യപ്പെട്ടു. സെന്റ് തോമസ് താമസിച്ചിരുന്ന സ്ഥലത്തിന്റെ ഏറ്റവും അടുത്തുള്ള സ്മാരകം എന്ന നിലയിൽ ഇവിടെ തീർത്ഥാടകർക്ക് പ്രാർത്ഥിക്കാനും ആരാധിക്കാനും സൗകര്യമുണ്ട്.

പതിനാറാം നൂറ്റാണ്ടിലെ ക്രിസ്ത്യൻ മിഷനറിമാരാണ് പാക്കിസ്ഥാനിൽ ക്രിസ്തുമതത്തിനു തുടക്കമിട്ടത് എന്നാണ് പൊതുവെ കരുതപ്പെടുന്നത്. എന്നാൽ, യഥാർത്ഥത്തിൽ ഈ പ്രദേശത്ത് വിശ്വാസത്തിന്റെ വിത്ത് അപ്പോസ്തലന്മാരുടെ കാലം മുതലേ വീണതാണ്. മെസൊപ്പൊട്ടേമിയ മുതൽ ഇന്തോ-പാർത്ഥിയൻ രാജ്യങ്ങൾ മുതൽ മംഗോളിയയിലെ ചിയാങ് രാജ്യം വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുന്ന പേർഷ്യൻ രാജ്യത്തിലെ പള്ളികളുടെ മേൽ അന്ത്യോക്യ ബിഷപ്പിന് സഭാപരവും ആത്മീയവുമായ അധികാരപരിധിയുണ്ടെന്ന് നാലാം നൂറ്റാണ്ട് മുതലുള്ള സഭാചരിത്രം വെളിപ്പെടുത്തി, ഫാ. ജോസഫ് പറഞ്ഞു. ഈ പുരാവസ്തു സ്ഥലങ്ങളും മറ്റ് തെളിവുകളും സെന്റ് തോമസ് മലങ്കരയിൽ വന്നതായ ഐതിഹ്യങ്ങളുടെയും വിശ്വാസത്തിന്റെയും വിലപ്പെട്ട തെളിവുകളാണ് ഫാ. ജോസഫ് വർഗീസ് ചൂണ്ടിക്കാട്ടുന്നു.





മതാന്തര സംവാദങ്ങളിലൂടെയും സമാധാന യാത്രകളിലൂടെയും ശ്രദ്ധിക്കപ്പെട്ട ഫാ. ജോസഫ് വർഗീസിന്റെ പാക്കിസ്ഥാനിലേക്കുള്ള പുതിയ ദൗത്യം സവിശേഷമായ ശ്രദ്ധ നേടിയിരുന്നു. പാക്കിസ്ഥാനിലെ ഹൈദരാബാദിലും സിന്ധിലും 40 കുടുംബങ്ങളെയും പഞ്ചാബിലെ ഫൈസലാബാദിൽ 30 കുടുംബങ്ങളെയും മാമോദീസ നല്കി. സിറിയയിൽ നിന്നുള്ള പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം രണ്ടാമൻ പാത്രിയർക്കീസിന്റെ മെത്രാപ്പോലീത്തയായ അഭിവന്ദ്യ ജോസഫ് ബാലി, ഫാ. ഷമൂൺ, ഫാ. ഷസാദ് കോക്കർ, റോമസ് ബട്ടി എന്നിവരും സംഘത്തിലുണ്ടായിരുന്നു. ജ്ഞാനസ്നാന കൂദാശ, പാസ്റ്റർമാരുൾപ്പെടെയുള്ളവരുമായുള്ള എക്യുമെനിക്കൽ ചർച്ചകൾ, കറാച്ചിയിൽ നിന്ന് ഫൈസലാബാദ്, സഹിവാൻ, ഓക്റ എന്നിവിടങ്ങളിലേക്ക് .യാത്ര, പഞ്ചാബിൽ നിന്നുള്ളവരെ ശെമ്മാശന്മാരാക്കുന്ന ശുശ്രൂഷ എന്നിവയൊക്കെ യാത്രയിലെ ധന്യനിമിഷങ്ങളായി.

മതങ്ങൾ തമ്മിലും വ്യത്യസ്ത മത പാരമ്പര്യങ്ങൾക്കിടയിലും വ്യക്തിപരമായും സ്ഥാപനപരവുമായ തലങ്ങളിൽ ദേശീയ, അന്തർദ്ദേശീയ തലത്തിൽ ക്രിയാത്മക ഇടപെടലുകൾക്കും സഹകരണത്തിനും നേതൃത്വം വഹിക്കുന്ന ഫാ. ജോസഫ് വർഗീസ് അമേരിക്കൻ മലയാളികൾക്കിടയിലെ വ്യത്യസ്ത മുഖമാണ്. ഇപ്പോൾ സൗത്ത് ഫ്ളോറിഡയിലെ മയാമിയിൽ സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ഇടവക വികാരി. ഭാര്യ ജെസി വർഗീസ്. മക്കൾ: യൂജിൻ വർഗീസ്, ഈവാ സൂസൻ വർഗീസ്.

ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റിലിജിയസ് ഫ്രീഡം ആൻഡ് ടോളറൻസിൽ (ഐആർഎഫ്ടി) അംഗവും ഹോളി സോഫിയാ കോപ്റ്റിക് ഓർത്തഡോക്സ് സ്കൂൾ ഓഫ് തിയോളജിയിലെ അഡ്ജക്ട് പ്രഫസറുമാണ് അച്ചൻ.



# SET YOUR MIND ON THINGS ABOVE

**Colossians 3:2 – "Set you mind on things above, not on the things that are on earth."**

It is a common tendency that we have an attachment towards the place where we lived the longest or worked the longest. Similarly, it is normal to be curious to know about the place our soul is going to live for eternity after our departure from this world. I am interested to discuss this as I have been very caught up with the spiritual realm of our life in terms of who God is, how much close we should be with our loving heavenly Father, how real, happy and worth-seeking is our eternal life with God, how temporary and full of trials is our short life on earth, and how much we should strive on this earth to keep our soul perfect in order to invest towards our permanent residence in heaven. The spiritual realm started becoming a matter of interest for me right after my encounter with Jesus for two hours during a charismatic retreat at Queens, New York in 1995 when I cried out to God during the most mentally difficult time of my life. Usually, people who are interested to preach gospel go to a Bible school and study. Since my encounter with Jesus, the first thing I did was reading the entire Bible with curiosity and passion. Because of my desire to know God more, I could understand much better than before. After that, for ten years I focused on reading books written by people all over the world describing their spiritual experiences and encounters with Jesus and the changes happened in them in terms of their attraction towards Godly matters. My interest for worldly matters started dropping little by little in a natural way, not by force. Now I feel that my life on earth is just a hard race to be run diligently and tirelessly until I reach the finishing point of my life where God is waiting to receive me with incomparable eternal bliss. This spiritual ecstasy energizes me to overcome all the hard trials on earth with faith, hope, charity, love, dedication, sincerity, humility, simplicity, suffering, self-negation, and constant communication and prayer with God. So it is self-explanatory why should we set our mind on things above, not on the things that are on earth. It is really relevant when someone with a supernatural experience writes or reads or talks about this topic.

**Need of a transformation:** Setting our mind on things above, our born again experience, our prayer life and preaching the gospel are interconnected. When we read the Bible after having a true experience with God, everything written in it becomes meaningful, and we will get a passion towards God, heavenly matters and the content of the Bible. We will feel a total transformation in ourselves: our worldly interest will decrease; our faith will increase; we will naturally worship God in truth and spirit; prayer or church worship will not be routines anymore; we will feel sorry for those who are still attending worships carelessly as

**Cicily Sunny, MA, B.Ed., MSE**

a routine,not from heart; our desire to pray often will increase; we will get an urge to reveal the true God to others, especially non-Christians; we will establish a personal relationship with God; our love for others increases and we will naturally pray for others; and we will become more humble and simple. It is not easy for anyone to become perfect like God, but God expects everyone to try to be perfect like Him. **"Therefore you are to be perfect, as your heavenly Father is perfect" (Matthew 5:48). "And do not be conformed to this world, but be transformed by the renewing of your mind, so that you may prove what the will of God is, that which is good and acceptable and perfect" (Romans 12:2).** There is some tendency to criticize people who preach the gospel in street corners, who distribute tracts about God and the gospel, who walk through mountainous areas to meet people, help them financially for food, school and medical expenses, and preach the word of God to them. Religious extremists try to target them, persecute them physically, strip them naked, and even imprison them in different countries, including India. Anyone whose mind is not set on things above cannot commit to undergo hardships to preach the gospel. **"Who will separate us from the love of Christ? Will tribulation, or distress, or persecution, or famine, or nakedness, or peril, or sword" (Romans 8:35)?**



Cicily Sunny

It is easy for angels in heaven to set their mind on things above. It is a huge task for an ordinary person who has set his mind on the things that are on earth unless he gets transformed through the Holy Spirit. That transformation is possible with constant prayer, a dedicated heart, and the desire to know about God and the word of God. When a transformation takes place in us, it is easy to set our mind on things above and live for Jesus Christ. **"Therefore if anyone is in Christ, he is a new creature; the old things passed away; behold, new things have come" (2nd Corinthians 5:17).** When one lives for Christ, the tendency to live like Christ becomes natural for that person. Setting the mind on things above will become a natural process in that person. **"I have been crucified with Christ, and it is no longer I who live, but Christ lives in me; and the life which I now live in the flesh I live by faith in the Son of God, who loved me and gave Himself up for me" (Galatians 2:20).**

**Why should we set our mind on things above?**

We should keep an eternal perspective in a temporal world. Our life on this earth is temporary, and God can call us back any minute. **"You are just a vapor that appears for a little while and then vanishes away" (James 4:14).** Life is not all about accumulating money or power or fame. When the rich man asked Jesus how he could inherit eternal life, Jesus said finally, **"One thing you lack; go and sell all you possess and give to the poor, and you will have treasure in heaven; and come, follow Me" (Mark 10:21).** The rich man grieved and went away as he owned much property. This is the attitude of the majority of people on earth. This has a lot to do with lack of blessing on the earthly life too. It is not righteous if we accumulate money and live a luxurious life when millions of our brethren suffer around us. We are called to live as children of God, not as children of the world. **"For all that is in the world, the lust of the flesh and the lust of the eyes and the boastful pride of life, is not from the Father, but is from the world" (1st John 2:16).** God desires our physical and spiritual sanctification. **"Therefore consider the members of your earthly body as dead to immorality, impurity, passion, evil desire, and greed, which amounts to idolatry. For it is because of these things that the wrath of God will come upon the sons of disobedience" (Colossians 3:5).** Along with doing everything necessary to live on this earth, our focus should be to make sure we gain the eternal bliss with God. **"For our citizenship is in heaven, from which also we eagerly wait for a Savior, the Lord Jesus Christ" (Philippians 3:20).**

God blessed Adam and Eve and gave them authority over everything on earth and empowered them to subdue it (Genesis 1:28). Our Heavenly Father gave the price of His only Son's life on Calvary to gain salvation for us(John 3:16). The earth and everything in it are still surviving in spite of the increasing sins, violence, crimes, idolatry, (see page 30)

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.53 |
| യൂറോ | 89.96 |
| സ്റ്റെർലിംഗ്പൗണ്ട് | 105.02 |
| സ്വിസ് ഫ്രാങ്ക് | 92.24 |
| സിംഗപ്പൂർ ഡോളർ | 61.86 |
| കനേഡിയൻ ഡോളർ | 61.08 |
| ഒമാൻ റിയാൽ | 217.00 |
| ബഹ്റൈൻ ദിനാർ | 221.59 |
| സൗദി റിയാൽ | 22.27 |
| യു.എ.ഇ. ദിർഹം | 22.74 |
| കുവൈത്ത് ദിനാർ | 271.70 |



# ക്നാനായ ഫാമിലി മീറ്റ് 2024 വൻവിജയം




**ഷിബു കിഴക്കെക്കുറ്റ്**

കാനഡ: ക്നാനായ കാത്തലിക് അസോസിയേഷൻ ഓഫ് കാനഡ (കെസിഎസി) യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഫാമിലി മീറ്റ് 2024 കെസിഎസിയുടെ ചരിത്രത്തിലെ ഒരു നാഴികക്കല്ലായി. മിസിസ്സാഗയിലെ അനാപിലീസ് ഹാളിൽ ഏപ്രിൽ 20-ന് നടത്തപ്പെട്ട കുട്ടികളുടെ കലോത്സവവും നൂറിലധികം കലാകാരന്മാരും കലാകാരികളും അണിനിരന്ന വർണ്ണവൈവിദ്ധ്യമാർന്ന കലാസന്ധ്യയും പരിപാടികൾക്ക് മികവേകി. ഫൊറോനാ മീറ്റ്, വാശിയേറിയ ചീട്ടുകളി മത്സരം എന്നിവയും ശ്രദ്ധേയമായിരുന്നു.

കാനഡയുടെ വിവിധ പ്രദേശങ്ങളിൽ നിന്നെത്തിയ എഴുനൂറിൽപ്പരം ആളുകളുടെ സഹകരണം കൊണ്ട് ക്നാനായ സമൂഹത്തിന്റെ തനിമയും ഒരുമയും വിളിച്ചോതുന്ന ഒന്നായി മാറുവാൻ ഈ പരിപാടിക്ക് കഴിഞ്ഞു. കലാമത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നല്കി. ഈ പരിപാടി വൻവിജയമാക്കിത്തീർക്കുവാൻ സഹകരിച്ച എല്ലാവർക്കും എക്സിക്യൂട്ടീവ് കമ്മിറ്റി നന്ദി രേഖപ്പെടുത്തി.

കെസിഎസി പ്രസിഡണ്ട് ഫിലിപ്പ് കൂറ്റത്താംപറമ്പിൽ, സെക്രട്ടറി സോജിൻ കണ്ണാലിൽ, കെസിഡബ്ല്യുഎഫ്സി പ്രസിഡണ്ട് സിമി മരങ്ങാട്ടിൽ എന്നിവരുടെ നേതൃത്വത്തിൽ നടന്ന പരിപാടികൾക്ക് സിബു താളിവേലിൽ, സിജു മുളയിങ്കൽ, മജീഷ് കീഴേടത്തുമലയിൽ, ലൈജു ചേന്നങ്ങാട്ട്, ബിജു കിഴക്കേപ്പുറത്ത്, റിജോ മങ്ങാട്ട്, ജിസ്മി കൂറ്റത്താംപറമ്പിൽ, ജിത്തു തോട്ടാപ്പിള്ളിൽ, ജിജോ ഈന്തുംകാട്ടിൽ, ഡിനു പെരുമാനൂർ, സിബിൾ നീരാട്ടുപാറ, അലീന കുടിയിരിപ്പിൽ, സൗമ്യ തേക്കിലക്കാട്ടിൽ, ജെസ്സി പുത്തൻപുരയിൽ, ആൻ പീറ്റർ മഠത്തിപ്പറമ്പിൽ, ആൻ ജോസിൻ മൂത്തരയശ്ശേരിൽ എന്നിവർ വിവിധ കമ്മിറ്റികൾക്കും നേതൃത്വം നല്കി.

# തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്തയ്ക്ക് സ്വീകരണം നല്കി

**രാജൻ വാഴപ്പള്ളിൽ**

വാഷിങ്ടൺ: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ആദ്യകാല ഇടവകയിൽ ഒന്നായ വാഷിങ്ടൺ സെന്റ് തോമസ് ഇടവകയിൽ ഡയമണ്ട് ജൂബിലിയുടെ ഭാഗമായി സന്ദർശനം നടത്തിയ ഇടവകയുടെ മുൻ വികാരിയും സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്തയുമായ തോമസ് മാർ ഈവാനിയോസിന് സ്വീകരണം നല്കി.

ഏപ്രിൽ 27-ന് പള്ളിയങ്കണത്തിൽ എത്തിയ മെത്രാപ്പോലീത്തയെ ഇടവക വികാരി ഫാ. കെ.ഒ. ചാക്കോയും വിർജീനിയ സെന്റ് മേരീസ് ഇടവക വികാരി ഫാ. സജി തോമസ് തറയിലും ഇടവക മാനേജിങ് കമ്മിറ്റി അംഗങ്ങളും ചേർന്ന് സ്വീകരിച്ചു.


ഫാ. കെ.ഒ ചാക്കോ ഹാരം അണിയിക്കുകയും ഇടവകാംഗങ്ങൾ കത്തിച്ച മെഴുകുതിരിയുടെ അകമ്പടിയോടെ പള്ളിയിലേക്ക് ആനയിക്കുകയും ചെയ്തു.

തദവസരത്തിൽ ഇടവകയിലെ എല്ലാ ആത്മീയ സംഘടനാ അംഗങ്ങളും സന്നിഹിതരായിരുന്നു.

തുടർന്ന് സന്ധ്യനമസ്കാരം നടത്തുകയും ചെയ്തു.







# മുല്ലപ്പെരിയാർ: തമിഴ്നാടിനു തിരിച്ചടി

ന്യൂഡൽഹി: മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സമഗ്ര സുരക്ഷ വിലയിരുത്തൽ ഉടൻ നടത്തേണ്ടതില്ലെന്ന തമിഴ്നാടിന്റെ നിലപാടിനു തിരിച്ചടി. സമഗ്ര സുരക്ഷ വിലയിരുത്തലിന് ആവശ്യമായ പരിഗണനാ മാനദണ്ഡങ്ങളുടെ കരട് തയ്യാറാക്കാൻ തമിഴ്നാടിനോട് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടു. എത്രയും വേഗം ഇത് അന്തിമാനുമതിക്കായി മുല്ലപ്പെരിയാർ മേൽനോട്ട സമിതിക്ക് നല്കണമെന്നും തമിഴ്നാടിന് നിർദേശമുണ്ട്.

2021-ലെ ഡാം സുരക്ഷാ നിയമത്തിലാണ് അണക്കെട്ടുകളുടെ സമഗ്ര സുരക്ഷ വിലയിരുത്തണമെന്ന് നിഷ്കർഷിക്കുന്നത്. എന്നാൽ, നിയമം വന്ന് അഞ്ചു വർഷത്തിനകം ഇത് നടത്തിയാൽ മതിയെന്നതിനാൽ 2026 ഡിസംബർ 30 വരെ സമയമുണ്ടെന്നാണ് തമിഴ്നാടിന്റെ വാദം. എന്നാൽ, അവസാന സുരക്ഷാവിലയിരുത്തൽ നടന്നത് 2012-ലാണെന്നും അതിനാൽ ഇനിയും വൈകിക്കൂടെന്നും കേരളം ആവശ്യപ്പെട്ടിരുന്നു.

ഇതിനിടെയാണ് സമഗ്രസുരക്ഷാ വിലയിരുത്തലിന്റെ പ്രാരംഭ നടപടികൾ ഉടൻ ആരംഭിക്കാൻ തമിഴ്നാടിനോട് കേന്ദ്ര ജലശക്തി മന്ത്രാലയവും ജലകമ്മീഷനും അണക്കെട്ട് സുരക്ഷാനിരീക്ഷണ ഡയറക്ടറേറ്റും ആവശ്യപ്പെട്ടത്. ഇതു സംബന്ധിച്ച കേസിൽ തമിഴ്നാട് സുപ്രീം കോടതിയിൽ സമർപ്പിച്ച സത്യവാങ്മൂലത്തിൽ കേന്ദ്രത്തിന്റെ കത്തും ഉൾപ്പെടുത്തിയിട്ടുണ്ട്.

# നഗരകേന്ദ്രങ്ങളിൽ വോട്ടിങ്ങിൽ വൻകുറവ്

ന്യൂഡൽഹി: ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ രണ്ടു ഘട്ടങ്ങളിലെ വോട്ടിങ് കുറവിൽ നിരാശ മറച്ചുവെക്കാതെ തെരഞ്ഞെടുപ്പ് കമ്മീഷനും. ഹൈടെക് നഗരങ്ങളിലെ പൗരർക്ക് തെരഞ്ഞെടുപ്പ് പ്രക്രിയയോടുള്ള ഉദാസീന സമീപനമാണ് ഇത് തുറന്നുകാട്ടുന്നതെന്ന് കമ്മീഷൻ പത്രക്കുറിപ്പിൽ വ്യക്തമാക്കി. ഇതിനെ മറികടക്കാൻ പ്രത്യേക കർമപദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടെന്നും അടുത്ത ഘട്ടങ്ങളിൽ മാറ്റമുണ്ടാകുമെന്നും കമ്മീഷൻ പ്രതീക്ഷ പ്രകടിപ്പിച്ചു.

ഏപ്രിൽ 19, 26 തീയതികളിൽ നടന്ന രണ്ടുഘട്ടത്തിലും രാജ്യവ്യാപകമായി വോട്ടിങ് വൻതോതിൽ കുറഞ്ഞത് രാഷ്ട്രീയകേന്ദ്രങ്ങളെയും തെരഞ്ഞെടുപ്പ് കമ്മീഷനെയും ഞെട്ടിച്ചിരുന്നു. കുതിച്ചുയരുന്ന ചൂട്, തെരഞ്ഞെടുപ്പ് രംഗത്ത് ഏതെങ്കിലും തരത്തിലുള്ള തരംഗങ്ങളില്ലായ്മ, കന്നി വോട്ടർമാരുടെയും നഗരപ്രദേശങ്ങളിലെ വോട്ടർമാരുടെയും നിസ്സംഗത തുടങ്ങിയ കാരണങ്ങളാണ് ഇതിനു കാരണമായി ചൂണ്ടിക്കാട്ടുന്നത്. വിധിയെ ഇത് സ്വാധീനിക്കുമോയെന്ന ആശങ്കയിലാണ് മുന്നണികൾ. ആദ്യഘട്ടം വോട്ടെടുപ്പിൽ 102 മണ്ഡലങ്ങളും രണ്ടാം ഘട്ടം വോട്ടെടുപ്പിൽ 88 മണ്ഡലങ്ങളുമാണ് വിധിയെഴുതിയത്. 2019-ലെ തെരഞ്ഞെടുപ്പുമായി താരതമ്യപ്പെടുത്തുമ്പോൾ ആദ്യഘട്ടത്തിൽ നാലുശതമാനവും രണ്ടാംഘട്ടത്തിൽ മൂന്നു ശതമാനവുമാണ് കുറവ്. രണ്ടു ഘട്ടങ്ങളിലും നഗരപ്രദേശങ്ങളിൽ പോളിങ് വൻതോതിൽ കുറഞ്ഞിട്ടുണ്ട്.

ഡൽഹിക്കടുത്ത് ഘാസിയാബാദിൽ 2019-ൽ 55.88 ശതമാനമായിരുന്നത് ഇത്തവണ ആറുശതമാനമാണ് കുറഞ്ഞത്. ഗൗതംബുദ്ധ നഗറിൽ 2019-ൽ 60.4 ശതമാനമുണ്ടായിരുന്നത് 53.3 ശതമാനമായി. 2019-ൽ ബെംഗളൂരു സെൻട്രൽ മണ്ഡലത്തിൽ 54.31 ശതമാനവും സൗത്തിൽ 53.69 ശതമാനവുമായിരുന്നത് ഇക്കുറി 54.06 ശതമാനവും 53.17 ശതമാനവുമായി കുറഞ്ഞു. മൂന്നാം ഘട്ടം വോട്ടെടുപ്പ് നടക്കുന്ന സമയത്ത് കടുത്ത ഉഷ്ണതരംഗത്തിന്റെ സാധ്യതയില്ലെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം.

തെരഞ്ഞെടുപ്പുള്ള പതിനൊന്ന് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും കാലാവസ്ഥ സാധാരണ നിലയിലായിരിക്കും. ഇക്കാര്യം ചർച്ച ചെയ്യാനായി ഉയർന്ന ഉദ്യോഗസ്ഥരുടെ യോഗം കമ്മീഷൻ വിളിച്ചു ചേർത്തിരുന്നു.

# രോഹിത് വെമുലയുടെ ആത്മഹത്യ: പുനരന്വേഷണം നടത്തും

ഹൈദരാബാദ്: ദലിത് ഗവേഷണ വിദ്യാർത്ഥി രോഹിത് വെമുല ജീവനൊടുക്കിയ കേസിൽ പുനരന്വേഷണം നടത്താൻ അനുമതി തേടി കോടതിയെ സമീപിക്കുമെന്നു തെലങ്കാന



പോലീസ് അറിയിച്ചു. താൻ ദലിത് സമുദായാംഗമല്ലെന്ന് അറിയാവുന്ന രോഹിത് ഈ വിവരം പുറത്തറിയുമെന്നു പേടിച്ച് ജീവനൊടുക്കിയെന്ന കണ്ടെത്തലോടെ കേസന്വേഷണം അവസാനിപ്പിച്ച് തെലങ്കാന ഹൈക്കോടതിയിൽ പോലീസ് ഈയിടെയാണു റിപ്പോർട്ട് സമർപ്പിച്ചത്. ഈ അന്വേഷണത്തിൽ രോഹിത് വെമുലയുടെ അമ്മ സംശയം പ്രകടിപ്പിച്ച സാഹചര്യത്തിലാണു കൂടുതൽ അന്വേഷണം നടത്താൻ തീരുമാനിച്ചതെന്നു ഡിജിപി രവി ഗുപ്ത അറിയിച്ചു.

നീതി ലഭിക്കണമെന്നാവശ്യപ്പെട്ട് രോഹിത് വെമുലയുടെ അമ്മ രാധിക, സഹോദരൻ രാജു എന്നിവർ മെയ് അഞ്ചിന് മുഖ്യമന്ത്രി എ. രേവന്ത് റെഡ്ഡിയെ സന്ദർശിച്ചു. പുനരന്വേഷണം ഉണ്ടാകുമെന്നു മുഖ്യമന്ത്രി ഉറപ്പുനൽകിയെന്നും നിയമപോരാട്ടം തുടരുമെന്നും കുടുംബം പറഞ്ഞു.

ഹൈദരാബാദ് കേന്ദ്ര സർവകലാശാലാ ക്യാംപസിൽ എബിവിപി നേതാവിനെ മർദിച്ചെന്നാരോപിച്ചു സസ്പെൻഷനിലായ അഞ്ച് ദലിത് വിദ്യാർത്ഥികളിലൊരാളായ രോഹിത് വെമുല, 2016 ജനുവരി 17-നു ഹോസ്റ്റൽ മുറിയിലാണു ജീവനൊടുക്കിയത്. ഇന്ത്യയിലെങ്ങും പ്രതിഷേധമുയർന്ന സംഭവത്തിൽ അന്നത്തെ കേന്ദ്ര മാനവ വിഭവശേഷി മന്ത്രി സ്മൃതി ഇറാനി, അന്നത്തെ എംപിയും നിലവിലെ ഹരിയാന ഗവർണറുമായ ബണ്ഡാരു ദത്താത്രേയ, അന്നത്തെ വിസി പി. അപ്പാ റാവു എന്നിവർ കുറ്റാരോപിതരായിരുന്നു.

ആത്മഹത്യാപ്രേരണയ്ക്ക് ഇവർക്കെതിരെ തെളിവില്ലെന്നും വ്യക്തിപരമായ കാരണങ്ങളാലാണു രോഹിത് വെമുല ആത്മഹത്യ ചെയ്തെന്നുമാണ് എട്ട് വർഷത്തിനുശേഷം പോലീസ് കണ്ടെത്തിയത്. ദലിത് സമുദായാംഗമല്ലെന്ന വിവരം പുറത്തറിഞ്ഞാൽ അക്കാദമിക യോഗ്യതകൾ നഷ്ടമാകുമെന്നു പേടിച്ച് ജീവനൊടുക്കിയെന്നാണു പോലീസ് റിപ്പോർട്ട്.

# എയർ ഇന്ത്യ സൗജന്യ ബാഗേജ് പരിധി കുറച്ചു

ന്യൂഡൽഹി: എയർ ഇന്ത്യയുടെ ആഭ്യന്തര വിമാന സർവീസുകളിൽ സൗജന്യമായി കൊണ്ടുപോകാവുന്ന ബാഗേജ് പരിധി വെട്ടിക്കുറച്ചു. മെയ് 2 മുതൽ ഇതു പ്രാബല്യത്തിലായി. കംഫർട്ട്, കംഫർട്ട് പ്ലസ് എന്നീ കുറഞ്ഞ ടിക്കറ്റുകളിൽ യഥാക്രമം 20 കിലോയും 25 കിലോയുമാണ് ചെക്ക് ഇൻ ബാഗേജ് ആയി അനുവദിച്ചിരുന്നതെങ്കിൽ ഇനി 15 കിലോ മാത്രമേ അനുവദിക്കൂ. ഫ്ളെക്സ് കാറ്റഗറി ടിക്കറ്റിനുള്ള സൗജന്യ ബാഗേജ് പരിധി 25 കിലോയായി തുടരും. പ്രീമിയം, ഇക്കണോമി, ബിസിനസ് ക്ലാസുകളിലും സൗജന്യ ബാഗേജ് പരിധിയിൽ മാറ്റമുണ്ട്. ഇക്കണോമിയിലും പ്രീമിയം ഇക്കണോമിയിലും ഹാൻഡ് ബാഗേജിന്റെ പരിധി യഥാക്രമം 8 കിലോയും 10 കിലോയുമായിരുന്നത് 7 കിലോയാക്കി. ബിസിനസ് ക്ലാസിൽ 12 കിലോ അനുവദിച്ചിരുന്നത് 10 കിലോയാക്കി. പുതിയ തീരുമാനത്തോടെ എല്ലാ ആഭ്യന്തര സർവീസുകളിലെയും കുറഞ്ഞ ടിക്കറ്റിനുള്ള ബാഗേജ് പരിധി 15 കിലോയായി. ഇക്കണോമി ക്ലാസിൽ മറ്റെല്ലാ കമ്പനികളും 15 കിലോ അനുവദിച്ചിരുന്നപ്പോൾ 25 കിലോയാണ് എയർ ഇന്ത്യ മുൻപ് അനുവദിച്ചിരുന്നത്. ടാറ്റ ഏറ്റെടുത്തതിനു പിന്നാലെയാണ് കംഫർട്ട്, കംഫർട്ട് പ്ലസ്, ഫ്ളെക്സ് എന്നീ ടിക്കറ്റു കാറ്റഗറികൾ കൊണ്ടുവന്നത്.

# ജലജീവൻ പദ്ധതി: കേരളം 31-ാം സ്ഥാനത്ത്

കോട്ടയം: ജലജീവൻ പദ്ധതി നടത്തിപ്പിൽ കേരളം ഇന്ത്യയിൽ 31-ാം സ്ഥാനത്ത്. ജലജീവൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ നൽകിയ വിവരാവകാശ മറുപടിയിലാണു ജലജീവൻ പദ്ധതിയിൽ നൽകിയ വാട്ടർ കണക്ഷനുകളുടെ അടിസ്ഥാനത്തിൽ കേരളം 31-ാം സ്ഥാനത്തെന്നു പറഞ്ഞിരിക്കുന്നത്.

കേരളത്തിൽ ഇതുവരെ ജല അതോറിറ്റി ജലജീവൻ പദ്ധതിക്കുവേണ്ടി 8,813 കോടി രൂപ ചെലവഴിച്ചു.

അതിൽ കേന്ദ്രവിഹിതം 4.359 കോടി രൂപയും സംസ്ഥാന വിഹിതം 4,453 കോടി രൂപയുമാണ്. ഇതിൽ തദ്ദേശഭരണ വിഹിതവും ഉപഭോക്തൃവിഹിതവും ചെലവഴിച്ചിട്ടില്ലെന്നും മറുപടിയിലുണ്ട്. കേരള ഗവ. കോൺട്രാക്റ്റേഴ്സ് അസോസിയേഷൻ സംസ്ഥാന പ്രസിഡണ്ട് വർഗീസ് കണ്ണമ്പള്ളി നൽകിയ വിവരാവകാശ അപേക്ഷയിലാണു മറുപടി.

ജലജീവൻ മിഷൻ പദ്ധതിയിൽ 44,714 കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിരിക്കുന്നത്. പദ്ധതി പൂർത്തിയാക്കണമെങ്കിൽ 35,810 കോടി രൂപ വേണ്ടിവരുമെന്നാണു കേരളം പ്രതീക്ഷിക്കുന്നത്.

ജലജീവൻ പദ്ധതി കഴിഞ്ഞ മാർച്ചിൽ പൂർത്തിയാക്കണമെന്നാണു കേന്ദ്രം നിർദേശിച്ചിരുന്നത്. കാലാവധി കഴിഞ്ഞതോടെ ഒരു വർഷം നീട്ടിനൽകണമെന്നു കേരളം ആവശ്യപ്പെട്ടു. പദ്ധതി നീട്ടുന്നതു സംബന്ധിച്ചു കേന്ദ്ര സർക്കാരിൽനിന്നു തീരുമാനം വന്നിട്ടില്ല.

## പത്രിക സമർപ്പിച്ചു

(3-ാം പേജിൽനിന്നും)

റായ്ബറേലിയിൽ മത്സരിക്കാൻ തീരുമാനിച്ച രാഹുൽ വയനാട്ടിലെ ജനങ്ങളെ വഞ്ചിച്ചതായി ബിജെപി ആരോപിച്ചു. അമേഠിയിൽ തോൽക്കുമെന്ന ഭീതിയിലാണ് രാഹുൽ റായ്ബറേലി തെരഞ്ഞെടുത്തതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. വയനാട്ടിൽ പരാജയഭീതി മണത്താണു റായ്ബറേലിയിലും മത്സരിക്കുന്നതെന്നും മോദി ആരോപിച്ചു. റായ്ബറേലി സോണിയ ഗാന്ധിയുടെ സീറ്റ് മാത്രമല്ല, ഇന്ദിരാഗാന്ധിയുടെ സീറ്റുകൂടിയാണെന്നും പൈതൃകമല്ല ഉത്തരവാദിത്വം കൂടിയാണെന്നും ബിജെപിയുടെ ആരോപണത്തിനു മറുപടിയായി കോൺഗ്രസ് നേതാവ് ജയ്റാം രമേശ് പറഞ്ഞു.

## റേഷൻ കാർഡ്

(3-ാം പേജിൽനിന്നും)

ഏതു സംസ്ഥാനക്കാർക്കും ഇതര സംസ്ഥാനങ്ങളിൽ നിന്നു പോർട്ടബിലിറ്റി സംവിധാനത്തിലൂടെ റേഷൻ നൽകുന്ന നിലവിലെ സംവിധാനത്തിനു പുറമേ അതിഥിത്തൊഴിലാളികൾക്കു കൂടുതൽ പ്രയോജനം ലഭിക്കുന്നതാണ് പദ്ധതി.

സ്കീം ഫോർ മോഡണൈസേഷൻ ആൻഡ് റിഫോംസ് ത്രൂ ടെക്നോളജി ഇൻ പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (സ്മാർട് പിഡിഎസ്) സംബന്ധിച്ച് കേന്ദ്ര സർക്കാരുമായി ധാരണാപത്രം ഒപ്പിടാൻ സംസ്ഥാന മന്ത്രിസഭായോഗം ഭക്ഷ്യപൊതുവിതരണ വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ കേരളത്തിലെ നോഡൽ ഏജൻസി ഭക്ഷ്യവകുപ്പാണ്.

## മാസപ്പടിക്കേസ്

(3-ാം പേജിൽനിന്നും)

പിന്നീട് മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് റവന്യൂ വകുപ്പിനോട് എസ്. ശശിധരൻ കർത്തായുടെ അപേക്ഷയിൽ പുനഃപരിശോധന നടത്താൻ ആവശ്യപ്പെട്ടെന്നു ഹർജിയിൽ ആരോപിക്കുന്നു. അതിനു ശേഷമാണ് മകൾ വീണാ വിജയന് മാസപ്പടി ലഭിച്ചതെന്നുമാണ് കുഴൽനാടന്റെ ആരോപണം.

മാസപ്പടി കേസിൽ അന്വേഷണമില്ലെന്ന കോടതി തീരുമാനം അപ്രതീക്ഷിതമെന്നു മാത്യു കുഴൽനാടൻ പറഞ്ഞു. വിധി പകർപ്പ് കണ്ടശേഷം പ്രതികരിക്കാം. എന്ത് കാരണത്താലാണ് കോടതി ഹർജി നിരസിച്ചതെന്ന് അറിയില്ല. വിധി പഠിക്കണം. എന്താണ് സംഭവിച്ചതെന്ന് ജനങ്ങളോട് പറയും, നിയമപോരാട്ടം തുടരും. മാറി ചിന്തിക്കേണ്ട ആവശ്യമില്ലെന്നും മാത്യു കുഴൽനാടൻ വ്യക്തമാക്കി.

## ഇടുക്കിയിലെ ഭൂപ്രശ്നം

(3-ാം പേജിൽനിന്നും)

ചീഫ് സെക്രട്ടറി അധ്യക്ഷനായ സമിതി തെരഞ്ഞെടുപ്പു കമ്മീഷന്റെ അനുമതിക്കു വിട്ടു. കമ്മീഷന്റെ അനുമതി ലഭിച്ച ശേഷമാകും ഔദ്യോഗികമായി സമിതി പ്രഖ്യാപിക്കുക.

സമിതി നൽകുന്ന കരടു ചട്ട ഭേദഗതി സർക്കാർ പരിശോധിച്ച് സിപിഐയിലും എൽഡിഎഫിലും ചർച്ച ചെയ്തശേഷമാകും ഏതൊക്കെ ഭേദഗതി ആവശ്യമാണെന്ന കാര്യത്തിൽ തീരുമാനമെടുക്കുക. പിന്നീട് നിയമ-റവന്യൂ വകുപ്പുകൾ പരിശോധിച്ച ശേഷം അനുമതിക്കായി മന്ത്രിസഭയുടെ മുന്നിലെത്തും. തുടർന്നാകും ഭേദഗതി നടപ്പിൽ വരിക. ഭൂപതിവ് നിയമ ഭേദഗതി കഴിഞ്ഞ സെപ്റ്റംബറിലാണ് നിയമസഭ പാസാക്കിയത്.

ഇടുക്കിയിലെ കർഷകർക്ക് അടക്കം ഏറെ പ്രയോജനം ചെയ്യുന്നതാണ് ഭേദഗതി. 1960-ലെ ഭൂപതിവു ചട്ടം അനുസരിച്ച് കൃഷിക്കും താമസത്തിനുമായാണ് ഭൂമി പതിച്ചു നൽകിയത്.

എന്നാൽ, ഇത് മറ്റ് ജീവിതാവശ്യത്തിനുകൂടി വിനിയോഗിച്ചവർക്ക് ഭൂമി ക്രമപ്പെടുത്താൻ അനുമതി നൽകിയിരുന്നില്ല. പുതിയ നിയമം നിലവിൽ വരുന്നതോടെ മറ്റാവശ്യങ്ങൾക്കു വിനിയോഗിച്ച ഭൂമിയും ക്രമപ്പെടുത്താനാകും.

# SEEKING BRIDEGROOM

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or
**469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to **annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US.
Please contact (**408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, ba-

# SEEKING BRIDE

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/ 78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.

Email: **glorygeorge2255@gmail.com**

Phone: **+91 96058 05845 (India)**
**5867419373 (USA)**

# SEEKING BRIDEGROOM CONTD.....

ptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a profe-ssional background.

If interested, please email at **k64abraham@gmail.com** or **630-748-9314.**

# നിര്യാതരായി

### കെ.സി. ചാണ്ടി

**നരിയമ്പാറ:** കണ്ടത്തിങ്കൽ കെ.സി. ചാണ്ടി (ഉണ്ണി-79) അന്തരിച്ചു. ഭാര്യ മേരികുളം വെള്ളറയിൽ കുഞ്ഞുഞ്ഞമ്മ. മക്കൾ: ടിഷാമോൾ (യുകെ), സൂസൻ, ടിജോ (ഇരുവരും യുഎസ്). മരുമക്കൾ: നെല്ലിക്കാപ്പള്ളിൽ സനൽ ഐസക് (യുകെ), കറുകച്ചേരിൽ അനീഷ് ചെറിയാൻ പുനന്തല്ലൂർ മേബിൾ ചാക്കോ (ഇരുവരും യുഎസ്).

**തെള്ളകം:** കാരിത്താസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് അംഗമായ സിസ്റ്റർ ആലീസ് ചാണക്കൽ (69) അന്തരിച്ചു.

**മാടപ്പള്ളി:** കെഎസ്ഇബി റിട്ട. സീനിയർ സൂപ്രണ്ട് പാറങ്കലായ മുണ്ടുകുഴിയിൽ ആശാരിപറമ്പിൽ മേഴ്സി ഫിലിപ്പോസ് (79) അന്തരിച്ചു.

### കെ.ജെ. ഏബ്രഹാം

**കോട്ടയം:** സൗദി ആരാംകോയിൽ ഓൺ ദി ജോബ് ട്രെയ്നർ ആയിരുന്ന പുത്തനങ്ങാടി കുഴിത്താറ്റിൽ എംബ്രേയിൽ കെ.ജെ. ഏബ്രഹാം (ബേബി-87) അന്തരിച്ചു. ഭാര്യ പുത്തനങ്ങാടി കട്ടപ്പുറത്ത് പരേതയായ സൂസി. മക്കൾ: ജോൺ ഏബ്രഹാം (യുഎസ്), ബെന്നി ഏബ്രഹാം (യുകെ), മീരാ ചാക്കോ (യുഎസ്). മരുമക്കൾ: അന്ന മാത്യൂസ് പണ്ഡ്യാലയ്ക്കൽ (കോഴഞ്ചേരി), ദീപ്തി ഏബ്രഹാം കയ്യാലത്ത് (മല്ലപ്പള്ളി), അജോയ് ഏബ്രഹാം വലിയപറമ്പിൽ (കുമരകം).

**തോട്ടയ്ക്കാട്:** ഓലിക്കര പീടികയിൽ പരേതനായ പോത്തൻ ഉതുപ്പിന്റെ മകൾ അക്കാമ്മ ഉതുപ്പ് (72) അന്തരിച്ചു.

**തൃശൂർ:** തൃശൂർ പൂരമടക്കം ആനചമയങ്ങൾ നിർമിക്കുന്നതിൽ വിദഗ്ദ്ധനായ ചേർപ്പ് പടിഞ്ഞാറെ പെരുമ്പിള്ളിശേരി പടിഞ്ഞാറെപുരയ്ക്കൽ ശങ്കരൻകുട്ടി (സുധാകരൻ-70) അന്തരിച്ചു.

### പ്രഫ. ബോണി പൈലോ


**കൊച്ചി:** ബറോഡ മഹാരാജാ സയാജിറാവു സർവകലാശാല സുവോളജി വിഭാഗം മുൻ മേധാവിയും സയൻസ് വിഭാഗം മുൻ ഡീനുമായിരുന്ന കോട്ടയം കുമരകം പുണിത്തറ പ്രഫ. ബോണി പൈലോ (81) അന്തരിച്ചു. ഭാര്യ എളംകുളം കുറ്റിപ്പറമ്പിൽ റേയ്ച്ചൽ. മക്കൾ: അജിത് പൈലോ (ന്യൂസിലൻഡ്), അമൃത് പൈലോ (യുഎസ്). മരുമക്കൾ: സോമ (ന്യൂസിൻഡ്), മേരി (യുഎസ്).

**അമലഗിരി:** സിആർപിഎഫ് റിട്ട. ഉദ്യോഗസ്ഥൻ തെക്കേക്കരിച്ചിറയിൽ ടി.ജെ. ജോസഫ് (ജോയി-76) അന്തരിച്ചു.

**തൃക്കൊടിത്താനം:** കൊടുപ്പുന്ന വലിയവീട്ടിൽ കെ.സി. ജോർജ് (75) അന്തരിച്ചു.

**കോട്ടയം:** വേളൂർ നട്ടാശേരിയിത്തിലായ പാലത്ര പി.എ. ഏബ്രഹാം (കുഞ്ഞുമോൻ-91) അന്തരിച്ചു.

### ജോസഫ് പി. ചാക്കോ



**ഡാളസ്:** തിരുവല്ല വളഞ്ഞവട്ടം പുത്തൻപുരയ്ക്കൽ പരേതനായ പി.കെ. ചാക്കോ-അന്നമ്മ ചാക്കോ ദമ്പതികളുടെ മകൻ ഇർവിങ് സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകാംഗമായ ജോസഫ് പി. ചാക്കോ (റെജിച്ചായൻ-58) ഡാളസിൽ അന്തരിച്ചു. ഭാര്യ ബിനി ജോസഫ് (കച്ചിറക്കൽ വെണ്ണിക്കുളം) കുടുംബാംഗമാണ്. മക്കൾ: ക്രിസ്റ്റീൻ ഹന ജോസഫ്, ടെവിൻ ജേക്കബ് ജോസഫ്, ജോവാന മറിയം ജോസഫ്. സഹോദരങ്ങൾ: ലെൻസി തോമസ് (ഇർവിങ്), ലെൻസി വിനോദ് (കാരോൾട്ടൺ), ഡെൻസി ട്രോയ് (കാരോൾട്ടൺ).

**കൊച്ചി:** കുവൈറ്റ് അഡാൻ ആശുപത്രി മുൻ ശിശുരോഗ വിദഗ്ദ്ധൻ തേവര ഫെറി റോഡ് ചാക്കോളാസ് വാട്ടർ സ്കേപ്സ് 5 ഇയിൽ കോട്ടയം നാട്ടകം അറയ്ക്കൽ ഡോ. ഐപ്പ് ജോൺ (80) അന്തരിച്ചു.

### ആനിക്കുട്ടി ചാക്കോ

**മറ്റക്കര:** മണ്ണനാൽ ആനിക്കുട്ടി ചാക്കോ (86) അന്തരിച്ചു. പൂവത്തിളപ്പ് പനപ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എം.സി. ചാക്കോ. മക്കൾ: ജെയിംസ്കുട്ടി, പരേതനായ മാത്തുക്കുട്ടി, ഷൈനി, വിൻസുക്കുട്ടി, ഷേർളി, ഡോളി, ഡാർളി, സെലിൻ തോമസുകുട്ടി. മരുമക്കൾ: ലൗലി തെങ്ങുംപള്ളിൽ (പാലാ), ലീനു ചിറ്റേത്ത് (കീഴൂർ), രാജൻ (യുകെ), ഷിന്റോ കുടകശ്ശേരിൽ (അയർക്കുന്നം), രാജ് (യുഎസ്), ജെയിംസ് അപ്പച്ചേരിൽ (ളാക്കാട്ടൂർ), വിനോദ് (മുംബൈ), റോയ് വാളിയാങ്കൽ(തൊടുപുഴ), മെറിൻ മാത്തൂർ (പിറവം).

**വെള്ളൂർ:** വാഴൂർ കുളത്തുങ്കൽ പാസ്റ്റർ കെ.എ. തോമസ് (പാപ്പച്ചൻ-79) അന്തരിച്ചു.

**മണർകാട്:** തുരുത്തിപ്പറമ്പിലായ കല്ലുപുരയിൽ കെ.സി. കുര്യാക്കോസ് (ജോയി-67) അന്തരിച്ചു.

**ദേവഗിരി:** കങ്ങഴ പാടത്തുമാപ്പിള കുടുംബാംഗം ഇരവികുളങ്ങര ഇ.കെ. തോമസ് (കുഞ്ഞൂഞ്ഞ്-73) അന്തരിച്ചു.

**ബംഗ്ളൂരു:** തിരുവിതാംകൂറിലെ അവസാനത്തെ ഇളയരാജാവായിരുന്ന ഉത്രാടം തിരുനാൾ മാർത്താണ്ഡവർമയുടെ മകൻ പത്മനാഭ വർമ (74) അന്തരിച്ചു.

**മുഴൂർ:** വടക്കേൽ ആനിയമ്മ ജോസഫ് (84) അന്തരിച്ചു.

### കുഞ്ഞമ്മ മാത്യു

**ചെത്തിപ്പുഴ:** കൊച്ചറ മേമന കുഞ്ഞമ്മ മാത്യു (94) അന്തരിച്ചു. പത്തനംതിട്ട പരിയാരം കല്ലുങ്കൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ എ.ജി. മാത്യു. മക്കൾ: തങ്കച്ചൻ,രാജു (ഭിലായ്), വത്സമ്മ, സൂസി (യുഎസ്). മരുമക്കൾ: ശോഭ വട്ടപ്പാമ്പിൽ (ചെത്തിപ്പുഴ), പരേതയായ ഷാലി, കുഞ്ഞുമോൻ മുരിക്കാട്ട് (കൊച്ചറ), മാത്തുക്കുട്ടി കൊല്ലത്തുകുന്നേൽ മല്ലപ്പള്ളി (യുഎസ്).

**കോട്ടയം:** തുണ്ടിയിൽ വീട്ടിൽ ലില്ലിക്കുട്ടി സെബാസ്റ്റ്യൻ (77) അന്തരിച്ചു.

**പുന്നത്തുറ ഈസ്റ്റ്:** പ്ലാച്ചേരിപുറത്ത് (പെരുമാനൂർ) ഏലിയാമ്മ കുര്യാക്കോസ് (88) അന്തരിച്ചു.

**റാന്നി:** കല്യാണിമുക്ക് പുതുപ്പറമ്പിൽ (ജോ വില്ല) നാവികസേനാ റിട്ട. ഓഫീസറും അസംബ്ലീസ് ഓഫ് ഗുഡ്ഷെപ്പേർഡ് ഇൻ ഇന്ത്യ ദൈവസഭയുടെ സ്ഥാപക പ്രസിഡണ്ടുമായ റവ. എസ്.പി. ജോൺസൺ (86) അന്തരിച്ചു.

### വിശ്വനാഥൻ കൃഷ്ണൻ



**ചങ്ങനാശേരി:** പായിപ്പാട് വേങ്ങശ്ശേരി വിശ്വനാഥൻ കൃഷ്ണൻ (67) ഫിലാഡൽഫിയയിൽ അന്തരിച്ചു. ഭാര്യ സരയു ബാല വിശ്വനാഥൻ. മക്കൾ: നിത വിശ്വനാഥൻ, നിഖില വിശ്വനാഥൻ (എല്ലാവരും യുഎസ്).

**കറുകച്ചാൽ:** കൊല്ലംപറമ്പിൽ (ചേന്നംകുളം) റിട്ട. ഫോറസ്റ്റ് സൂപ്രണ്ട് സിജെ. ജോസഫിന്റെ മകൻ ജിൻസ് സ്റ്റുഡിയോ ഉടമ ബിന്നി സി. ജോസ് (ബിനു-52) അന്തരിച്ചു.

**കാഞ്ഞിരപ്പള്ളി:** മഞ്ഞപ്പള്ളി പൊട്ടംകുളം റോസമ്മ ജോർജ് (90) അന്തരിച്ചു.

**കൂരോപ്പട:** മേൽവട്ടം കാരിമല കെ.എം. ചാക്കോ (പാപ്പച്ചൻ-91) അന്തരിച്ചു.

**അതിരമ്പുഴ:** ഫുഡ്കോർപ്പറേഷൻ റിട്ട. ഉദ്യോഗസ്ഥൻ വടക്കേടം വി.ജെ. മാത്തുക്കുട്ടി (86) അന്തരിച്ചു.

**കണ്ണൂർ:** അമലോത്ഭവ മാതാവിന്റെ ഉർസുലൈൻ സന്യാസിനി സഭാംഗം സിസ്റ്റർ ഡോറീസ് പൈനാടത്ത് (77) അന്തരിച്ചു.

**തിടനാട്:** ഈരാറ്റുപേട്ട കെഎസ്ആർടിസി ഡിപ്പോ റിട്ട. ഉദ്യോഗസ്ഥൻ ചോങ്കരയിൽ സി.വി. ബെന്നി (61) അന്തരിച്ചു.

**പരിപ്പ്:** പതിയകത്ത് മറിയാമ്മ സ്റ്റീഫൻ (75) അന്തരിച്ചു.

### സി.കെ. ഗോപാലകൃഷ്ണൻ നായർ

**പള്ളിക്കത്തോട്:** ചങ്ങനാശേരി എൻഎസ്എസ് കോളജ് റിട്ട. പ്രഫ. ആനിക്കാട് ചാമുണ്ഡിയിൽ സി.കെ. ഗോപാലകൃഷ്ണൻ നായർ (78) അന്തരിച്ചു. ആനിക്കാട് പിറ്റിനാൽ കുടുംബാംഗമാണ്. ഭാര്യ കടുത്തുരുത്തി വെട്ടൂർ പി. പ്രസന്ന (റിട്ട.പ്രഫ. എൻഎസ്എസ് കോളജ് ചങ്ങനാശേരി). മക്കൾ: ജി. പ്രസാദ് (ഡിഎഫ്ഒ), ജി. പ്രശാന്ത് (യുഎസ്), മരുമക്കൾ: വി. എസ് അഞ്ജു (കോട്ടയം), ശ്രുതി (യുഎസ്).

**പുതുപ്പള്ളി:** ഇരവിനല്ലൂർ കക്കാട്ട് കരോട്ട് വീട്ടിൽ പരേതനായ കെ.കെ. ഉലഹന്നാന്റെ മകൻ ജോൺ ഫിലിപ്പ് (ബിനു-55) അന്തരിച്ചു.

**പാമ്പാടി-വെള്ളൂർ:** കിലോൾ പറപ്പള്ളിൽ കമാൻഡർ കെ.കെ. മാണി (102) അന്തരിച്ചു.

**കൂത്താട്ടുകുളം:** താമരശേരിയിൽ ജോർജ് വർഗീസ് (ജോർജുകുട്ടി-72) അന്തരിച്ചു.

**കുടമാളൂർ:** കെഎസ്ഇബി റിട്ട. അസി. എക്സി. എൻജിനീയർ ഉല്ലാസിൽ ടി.പി. ഗോപാലൻ (86) അന്തരിച്ചു.

**അയ്മനം:** കുന്നങ്കേരിയിൽ സൂസി ജോർജ് (രാജമ്മ-87) അന്തരിച്ചു.

**പാമ്പാടി:** 9-ാം മൈൽ പാഞ്ചേരിമാലിയിൽ എം.എസ്. ജോൺസന്റെയും അന്നമ്മയുടെയും മകൻ എംആർഎഫ് മുൻ ഉദ്യോഗസ്ഥൻ ഷാജി പി. ജോൺസൺ (48) അന്തരിച്ചു.

**പാലാ:** കുമാരി ടെയ്ലേഴ്സ് ഉടമ പരേതനായ തെക്കേൽ ടി.ടി. കുര്യന്റെ ഭാര്യ മേരി കുര്യൻ (84) അന്തരിച്ചു.

### ഷൈജൻ മാത്യു

**പാലാ:** അരുണാപുരം പുന്നത്താനത്ത് പരേതനായ ജോർജിന്റെയും മേരിയുടെയും മകൻ ഷൈജൻ മാത്യു (56) അന്തരിച്ചു. ഭാര്യ പാലാ ചാലിൽ എത്സി. മക്കൾ: സായന്ത് (യുഎസ്), സാന്ത്വന, സിന്തിൽ. മരുമകൻ: ജോബി വലിയപറമ്പിൽ (തൊടുപുഴ).

**മല്ലപ്പള്ളി:** കെഎസ്ആർടിസി റിട്ട. ഉദ്യോഗസ്ഥൻ ആനിക്കാട് കറുകയിൽ കെ.എം. മത്തായി (ബേബി-90)അന്തരിച്ചു.

**നീണ്ടൂർ:** പുത്തൻപുരയ്ക്കൽ അന്നമ്മ കുര്യൻ (87) അന്തരിച്ചു.

**ഇളങ്ങുളം:** പുന്നാംമാത്തിൽ പി.എ. ഏബ്രഹാം (ബേബി-72) അന്തരിച്ചു.

**മാങ്ങാനം:** വലിയമുണ്ടക്കലായ കുളക്കാട്ടിൽ കെ.ഐ. കോര (ബേബി-93) അന്തരിച്ചു.

**എരുമേലി:** പഴയതോട്ടത്തിൽ (ആറ്റീടിക്കൽ) ലിസി കുര്യൻ (65) അന്തരിച്ചു.

**ചിങ്ങവനം:** കേളച്ചന്ദ്ര സി.ടി. ഫിലിപ്പ് (ഫിലിപ്പുകുട്ടി-85) അന്തരിച്ചു.

### ആലീസ് സെബാസ്റ്റ്യൻ

**കുറവിലങ്ങാട്:** കളത്തൂർ കൊച്ചുതൊട്ടിയിൽ ആലീസ് സെബാസ്റ്റ്യൻ (74) അന്തരിച്ചു. പകലോമറ്റം മലർതോട്ടത്തിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എം. സെബാസ്റ്റ്യൻ. മക്കൾ: ജിനി, ഷിജി, രഞ്ജു (യുഎസ്), റെജീസ്. മരുമക്കൾ: ഫ്രാങ്ക് വി. തോമസ് വള്ളിപ്പാലം മോനിപ്പള്ളി, ജെയ്സൺ ഇരട്ടച്ചിറയിൽ വാക്കാട്, ജിൻസൺ മാതിരമ്പുഴ അതിരമ്പുഴ (യുഎസ്), ജയ്മി കടലംകാട്ട് (രാമപുരം).

### അന്നമ്മ വർഗീസ്



**ഡാളസ്:** കരോട്ട് വടക്കേതിൽ (വെൺമണി) മത്തായി വർഗീസിന്റെ ഭാര്യ അന്നമ്മ വർഗീസ് (81) ഡാളസിൽ അന്തരിച്ചു. പരേത ഡാളസ് ന്യൂടെസ്റ്റ്മെന്റ് (ടിപിഎം) ചർച്ച് അംഗമായിരുന്നു. മക്കൾ: മിനി വർഗീസ്, മീനു വർഗീസ് (ടാബർണക്കൽ മോർട്ട്ഗേജ് കമ്പനി ഉടമ), സിനി സാമുവേൽ, സീന വർഗീസ്. മരുമക്കൾ: ജാക്കി വർഗീസ്, ബിജു സാമുവേൽ, കോവു വർഗീസ് (എല്ലാവരും ഡാളസിൽ). സഹോദരങ്ങൾ: സി.എം. തോമസ്, സി.എം. ജോൺ, മറിയാമ്മ ജോർജ്, പരേതനായ സി. മത്തായി, സി.എം. ഏബ്രഹാം ചെമ്പകശേരിൽ വെൺമണി (എല്ലാവരും ഡാളസിൽ).

**പരിപ്പ്:** തയ്യിൽ മാളികയിൽ കുര്യൻ ജേക്കബ് (ജയ്ക്കോച്ചൻ-76) അന്തരിച്ചു.

**കാഞ്ഞിരമറ്റം:** കരിയിലക്കുളം ബേബി തോമസിന്റെയും മേരി തോമസിന്റെയും മകൻ ബിനോയ് തോമസ് (41) അന്തരിച്ചു.

**പെരുവ:** കൊരവേലിക്കുഴിയിൽ ലില്ലി കുഞ്ഞുമോൻ (77) അന്തരിച്ചു.

**മുണ്ടക്കയം:** കുപ്പക്കയം താന്നിമൂട്ടിൽ ടി.എം. മാത്യു (67) അന്തരിച്ചു.

**ചങ്ങനാശേരി:** പെരുന്ന കിഴക്ക് മണക്കുന്നേൽ ഇയ്യോ ഔസേഫ് (കുഞ്ഞച്ചൻ-83) അന്തരിച്ചു.

**മാങ്ങാനം:** ശാന്തിപുരം ഹൗസിങ് കോളനി പുത്തനങ്ങാടി ജോസഫ് മാത്യുവിന്റെ ഭാര്യ അന്നമ്മ ജോസഫ് (85) അന്തരിച്ചു.

**മഞ്ചേരി:** ഫ്രാൻസിസ്കൻ മിഷനറി സിസ്റ്റേഴ്സ് ഓഫ് സേക്രഡ് ഹാർട്ട് സഭാംഗം ശാലോംമാതാ കോൺവന്റിലെ സിസ്റ്റർ തെരസീന തുറുവശേരിൽ (74) അന്തരിച്ചു.

### റോസ് മാത്യു പേരയിൽ

**കൊച്ചി:** കടവന്ത്ര എളംകുളം കെ.ബി. അപ്പാർട്ടുമെന്റ്സ് 1 ഇഎഫിൽ റോസ് മാത്യു പേരയിൽ (103) അന്തരിച്ചു. കുറവിലങ്ങാട് പകലോമറ്റം ചാലശ്ശേരിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ വൈക്കം പേരയിൽ പി.ഡി. മാത്യു. മക്കൾ: മേഴ്സി ജോസഫ് (റിട്ട.യുഎടിപി വാഷിങ്ടൺ), സെബാസ്റ്റ്യൻ മാത്യു, ജൂലിയാന സതീഷ് (റിട്ട. എയർ ഇന്ത്യ), പരേതയായ താങ്സി ഫ്രാൻസിസ്. മരുമക്കൾ: ഡോ. ജയ്മോഹൻ ജോസഫ് പാലത്ര (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് യുഎസ്), സതീഷ് നരേക്കോട്ട്, പരേതനായ ഫ്രാൻസിസ് തെക്കേക്കര.

**ഒളശ:** ടിവി സീരിയൽ തിരക്കഥാകൃത്തും ചെറുകഥാകൃത്തുമായ കമലാമന്ദിരത്തിൽ അമിത് ഒളശ്ശ (കൊച്ചുമോൻ-55) അന്തരിച്ചു.

**ഏറ്റുമാനൂർ:** കോട്ടയം മെഡിക്കൽ കോളജ് റിട്ട. ഹെഡ് നേഴ്സ് വടക്കേ ഇരട്ടനായിൽ കെ. ശാന്തമ്മ (84) അന്തരിച്ചു.

**കുടമാളൂർ:** ഗവ.ഹൈസ്കൂൾ റിട്ട. അദ്ധ്യാപകൻ പറമ്പൂരില്ലത്ത് ഗോവിന്ദൻ നമ്പൂതിരി (77) അന്തരിച്ചു.

### മറിയാമ്മ ഏബ്രഹാം

**കുറ്റൂർ:** അടിച്ചിറ മേലത്തേക്കുറ്റ് മറിയാമ്മ ഏബ്രഹാം (84) അന്തരിച്ചു. മഴുക്കീർ പട്ടംതുണ്ടത്തിൽ കുടുംബാംഗം. ഭർത്താവ് ഏബ്രഹാം ഏബ്രഹാം. മക്കൾ: സിബി ഏബ്രഹാം (യുഎസ്), സജി ഏബ്രഹാം, സാബു ഏബ്രഹാം (യുഎസ്), പരേതയായ വത്സമ്മ, അമ്മാളുകുട്ടി, ഓമന, സാലമ്മ, സിസ്സിലി (യുഎസ്). മരുമക്കൾ: പരേതനായ ഫിലിപ്പ് ചക്കങ്കേരിയിൽ, പരേതനായ ജോസഫ് ചെറുനാട്, ഏബ്രഹാം പനച്ചിമൂട്ടിൽ, തോമസ് കളത്തിൽ, ജെയിംസ് നെച്ചുമണ്ണിൽ, മോളമ്മ കള്ളിക്കാട്ടിൽ, ഹെലൻ വളയനാട്, ഷീനാ അമ്പാട്ട്.

**തിരുവാതുക്കൽ:** വലിയതയ്യിൽ പി.ജി. ചെറിയാൻ (81) അന്തരിച്ചു.

**പുത്തൻപീടിക:** അഖില കേരള ബാലജനസഖ്യം മുൻ സംസ്ഥാന ജോ. സെക്രട്ടറിയും ഓമല്ലൂർ പഞ്ചായത്ത് മുൻ വൈസ് പ്രസിഡണ്ടുമായ ആമ്പശേരിയിൽ അലക്സ് (65) അന്തരിച്ചു.

**പൂഞ്ഞാർ:** കൊച്ചുപുരയ്ക്കൽ കെ.എ. ജോസഫ് (കൊച്ചേപ്പ്-75) അന്തരിച്ചു.

**മുഴൂർ:** തകിടിയിൽ (തടത്തിൽ) ടി.എൽ ലൂക്ക (അപ്പച്ചൻ-84) അന്തരിച്ചു.

**പാമ്പാടി:** തിരുവാതുക്കൽ വീട്ടിൽ ആലീസ് തോമസ് (പൊന്നമ്മ-69) അന്തരിച്ചു.

**രാമപുരം:** കരിംകുറ്റിയിൽ അന്നക്കുട്ടി (ചിന്നമ്മ-83) അന്തരിച്ചു.

## CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

## CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Oklahoma*

### ഉപകാരസ്മരണ

വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
ഞങ്ങളോട് കരുണ ചെയ്യണമെ
വിശുദ്ധിയും മഹത്വവുമുള്ള ത്രിത്വമേ
കൃപയുണ്ടായി ഞങ്ങളോട്
കരുണ ചെയ്യണമെ
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയും
മഹത്വവുമുള്ളവനാകുന്നു
നീ എന്നേയ്ക്കും വിശുദ്ധിയുള്ളവനും
നിന്റെ തിരുനാമം
വാഴ്ത്തപ്പെട്ടതും ആകുന്നു
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ കർത്താവേ!
നിനക്കു സ്തുതി
ഞങ്ങളുടെ ശരണമേ!
എന്നേയ്ക്കും നിനക്കു സ്തുതി
ബാറെക്മോർ

*Inserted by: Firm Believer, Oklahoma*

## RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

## NANNY WANTED IN NEW JERSEY

Young couple residing at New Jersey looking for a Nanny (live-in or come and go Monday through Friday) to help take care of their 3 kids two of them are going to Daycare School and mother is also at home.

**Interested parties please contact**

**Marina @ 845-270-4426**

**Baby @. 845-270-4310**

## CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, New York*

**Visit Our Website:** **www.keralaexpress.com for Classified Advt.**

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിയുന്നു....**

## 95

മാങ്ങോട്ടുശ്ശേരിയിലെ മാളവിക കണിയാമ്പറമ്പിൽ ശേഖരൻകുട്ടിയുടെ മകൻ ചന്ദ്രബാബുവിനെ പ്രണയിച്ചതും അതു പിന്നീട് കേസും കോടതിവിധിയുമൊക്കെ ആയതും ശേഖരൻകുട്ടിയുടെ കുടുംബം മാളവികയെയും കൂട്ടി മണിമലയിൽനിന്നു വിറ്റുപെറുക്കിപ്പോയതുമായ ചരിത്രങ്ങൾ പൊന്നനു മനഃപാഠമായിരുന്നു.

പൊന്നൻ അതേപ്പറ്റിയെല്ലാം വിസ്തരിച്ചു പറഞ്ഞശേഷം കുറച്ചു മുന്നോട്ടു തലനീട്ടി രഹസ്യാത്മകമായ ഉദ്വേഗത്തോടെ ഇത്രയുംകൂടി ചേർത്തു:

“അങ്ങനെ പോയില്ലാരുന്നെങ്കി ആ ചെക്കനെ അവര് കൊന്നു കളഞ്ഞേനെ സാറെ...”

“ഉവ്വോ... അങ്ങനെയൊക്കെ ചെയ്യുവോ?” സന്ദീപ് ഒന്നും അറിയാത്തമട്ടിൽ ചോദിച്ചു.

“എന്നതാ സാറെ ഈ പറയണത്. അവരടെ ബസ്സിന്റെ കണ്ടക്ടറല്ലാരുന്നോ ആ ചെക്കൻ. മൊതലാളീടെ മോളെ തൊഴിലാളി കെട്ടിക്കോണ്ടുപോയാ അവർക്കത് പൊറുക്കാനെക്കൊണ്ട് പറ്റോ? പണിയില്ലാണ്ട് നടന്നോന് വേലേം കൂലീം കൊടുത്തപ്പ അവൻ ചതിയല്ല്യോ ചെയ്തേ.”

പൊന്നൻ കല്ലാറ്റുപടിക്കൽകാരുടെ പക്ഷത്താണെന്ന് സന്ദീപിനു മനസ്സിലായി.

“അവരടെ ചോറല്ലേ സാറെ നമ്മള് തിന്നണത്.” പൊന്നൻ ന്യായീകരിച്ചു.

സന്ദീപ് അനിബാബുവിനെ കണ്ണടച്ചു കാട്ടി. ശേഖരൻകുട്ടിയുടെ മകനാണ് തന്റെ മുന്നിലിരിക്കുന്നതെന്ന സംഗതി പൊന്നൻ തൽക്കാലം മദ്യലഹരിയിൽ മറന്നു പോയിരിക്കുന്നു.

“ഞാക്ക് പെരകെട്ടനെക്കൊണ്ട് ഈ പൊറമ്പോക്ക് തന്നത് കല്ലാറ്റുപടിക്കലെ വല്യങ്ങുന്നാ. ഇല്ലെങ്കി ഞങ്ങളെന്നാ ചെയ്തേനെ.”

“ആ പെണ്ണും ചെക്കനും ശേഖരൻകുട്ടീടെ കുടുംബോം ഇപ്പോ എവിടാണെന്ന് അറിയാവോ?” സന്ദീപ് ചോദിച്ചു.

“പിന്നെവരെയൊന്നും കണ്ടിട്ടില്ല സാറെ. എവിടെങ്കിലും കാണുവാരിക്കും.”

ഇതിനിടെ പൊന്നന്റെ ഭാര്യ വെള്ളച്ചി വാതിൽക്കൽ തലനീട്ടി.

“ആരാണ്ടും പെരക്ക് ചുറ്റും നടക്കണൊണ്ടല്ല്.”

“ആര്?” പൊന്നൻ എഴുന്നേറ്റു. അപ്പോൾ ഗ്ലാസ് മറിഞ്ഞുവീണു. സിമന്റ് തറയിൽ മദ്യം ഒഴുകി.

“ഞങ്ങള് നോക്കാം.” സന്ദീപ് എഴുന്നേറ്റ് പുറത്തേക്കിറങ്ങി. ആരോ ഒരാൾ ഉയർന്ന നിരപ്പിലുള്ള റോഡിലേക്കു കയറുന്നതു കണ്ട് സന്ദീപ് ഉറക്കെ ചോദിച്ചു:

“ആരാ അത്?” മറുപടിയുണ്ടായില്ല.

റോഡിൽ ഒരു ബൈക്ക് സ്റ്റാർട്ടായി. സന്ദീപും അനിബാബുവും റോഡിലേക്കു കയറുമ്പോഴേക്കും ബൈക്ക് നീങ്ങിക്കഴിഞ്ഞിരുന്നു. അതിന്റെ വെളിച്ചം പള്ളിപ്പടി പാലത്തിനു നേർക്കു പാഞ്ഞുപോയി.

“ആരോ നമ്മളെ ഫോളോ ചെയ്യുന്നുണ്ട്.” സന്ദീപ് പിറുപിറുത്തു.

“നമ്മള് മണിമല വന്നവിവരം കല്ലാറ്റ്പടിക്കെ അറിയാണ്ടിരിക്കുവോ? ഹേമചന്ദ്രൻ പോലീസ് നമ്മുടെ പൊറകിന് ആളെ വിട്ടു കാണും. എവിടൊക്കെ പോണു... എന്തൊക്കെ ചെയ്യുന്നു എന്നു തെരക്കാൻ.”

അനിബാബു പറഞ്ഞു.

“പൊന്നൻ ചേട്ടന്റെ കയ്യീന്ന് ഇനിയൊന്നും കിട്ടാനില്ല. നമുക്ക് പോയാലോ?” അനിബാബു റോഡിലേക്കു കയറി. കാറിനരുകിൽ ആരെങ്കിലും പതുങ്ങി നിൽക്കുന്നുണ്ടോ എന്നു നോക്കി. കുറച്ചകലെ പള്ളിപ്പടിപ്പാലത്തിലൂടെ ചെറുവണ്ടികളുടെ ഹെഡ്ലൈറ്റുകൾ നീന്തുന്നതു കാണാം. പുഴപ്പരപ്പിൽ അതിന്റെ പ്രതിഫലനവും.

മൺറോഡിനു താഴെ ആറ്റിൻകരയിൽ, ചെറുതോട് വന്നു പുഴയോടു സംഗമിക്കുന്നതിനു സമീപമാണ് പൊന്നന്റെ വീട്. അവിടെ മണിമലയാറിന്റെ മണൽതിട്ടയ്ക്ക് ഉയരക്കൂടുതലുണ്ട്. എന്നിരുന്നാലും വെള്ളപ്പൊക്കം രൂക്ഷമാകുന്ന വർഷങ്ങളിൽ തോട്ടിൽനിന്നുള്ള വെള്ളം കമ്പിച്ച് പൊന്നന്റെ പുരയിലും കയറുമായിരുന്നു. പണ്ടുകാലത്ത് പനയോല മേഞ്ഞ വീടിന്റെ ആകൃതിയിൽത്തന്നെ തകരപ്പാളികൾകൊണ്ടു മേൽക്കൂര പണിഞ്ഞ ചെറിയ വീടാണ് പൊന്നന്റേത്.

“സാറെ, ആ പോത്തിന്റെ കാര്യം സാറുപിന്നെ ഒന്നും ചോദിച്ചില്ലല്ലോ പൊന്നന്റടുത്ത്.”

“ചോദിച്ചല്ലോ - ചേട്ടൻ പുകയെടുക്കാൻ മുറ്റത്തോട്ടിറങ്ങിപ്പോയപ്പോ...”

“എന്നാ പറഞ്ഞു?”

“നാട്ടുകാരൊക്കെ നോക്കിനിക്കുമ്പഴാ അതിനെ കുഴിച്ചിട്ടത്. പൊന്നൻ ചേട്ടനും ദൃക്സാക്ഷിയാ.” സന്ദീപ് പറഞ്ഞു.

“അതിലെന്തേലും കൊനഷ്ടൊണ്ടോ സാറെ...”

“ഞാനാലോചിച്ചു. ജെസിബി വന്ന് കുഴിയെടുക്കുന്നു. അതു കാണാൻ ആൾക്കൂട്ടം. പിന്നെ പോത്തിന്റെ ശവം കൊണ്ടുവന്ന് അതിലിട്ടു മൂടുന്നു. അവിടെ പൊന്നൻ ചേട്ടൻ പതിനെട്ടാം മാസത്തിൽ കായ്ക്കുന്ന തെങ്ങിൻതൈ വെക്കുന്നു... എന്തെങ്കിലും തോന്നിയോ?”

“ഇരുപത്തിരണ്ടു വർഷം മുൻപെന്നു കിറുകൃത്യമായിട്ട് പറഞ്ഞപ്പോ എനിക്കെന്തോ നെഞ്ചിലൊരു കൊളുത്ത് വീണ പോലെ...”

“ഉം... പൊന്നൻ ചേട്ടനോട് ഒന്നൂടെ ചോദിക്കാം. ഡിക്കീന്ന് ആ കുപ്പിയെടുത്തോ.”

അനിബാബു ഡിക്കി തുറന്നു കടലാസിൽ പൊതിഞ്ഞ മദ്യക്കുപ്പി എടുത്തു. അതുമായി രണ്ടുപേരും ചെറുതിണ്ണ കടന്ന് വീടിനുള്ളിൽ കയറി. പൊന്നൻ ഏതോ നാടൻപാട്ടു മൂളിക്കൊണ്ട് ഇരുന്ന് ആടുന്നു. ചിരിച്ചുകൊണ്ട് നോക്കിനിന്ന വെള്ളച്ചിയുടെ നരച്ച തല വാതിലിനപ്പുറം മറഞ്ഞു.

“ആളെ കണ്ടോ?”

പൊന്നൻ തിരക്കി.

“ആ... ഏതോ ഒരുത്തൻ... അവൻ പൊയ്ക്കളഞ്ഞു. വല്ല കള്ളൻമാരും ആയിരിക്കും.” സന്ദീപ് പറഞ്ഞു.

“ഇവിടെ കള്ളനോ... എടുത്തോണ്ടുപോകാൻ ഇവടെന്നായിരുന്നിട്ടാ സാറെ...?”

“ദാ... കുപ്പി പിടിച്ചോ. ഇന്നിനി കഴിക്കണ്ട കേട്ടോ. ഇത്രേം മതി.”

പൊന്നൻ സന്തോഷത്തോടെ കൈകൂപ്പിയശേഷം രണ്ടു കയ്യും നീട്ടി കുപ്പി വാങ്ങി. അതു മുറിക്കോണിലേക്കു മാറ്റിവെച്ചു.

“ഒരു സംശയം ചോദിക്കട്ടെ?” സന്ദീപ് മുഖവുരയിട്ടു.

“ആ - സാറ് ചോയിച്ചോളി...”

“കല്ലാറ്റ്പടിക്കെ ഇടിവെട്ടിച്ചത്ത പോത്തിനെ കുഴിച്ചിട്ടെന്നു പറഞ്ഞല്ലോ. അത് എപ്പോഴാണെന്ന് ഓർമയൊണ്ടോ?”

“എന്നാത്തിനാ സാറെ ഇതൊക്കെ തെരക്കണത്? മനുഷൻമാർക്ക് വെലയില്ല - പിന്നാ പോത്ത്...” പൊന്നൻ നിസ്സാരമട്ടിൽ പറഞ്ഞു.

“എന്നാലും ഒന്ന് ഓർത്തു നോക്കിയാട്ടെ.” പൊന്നന്റെ നെറ്റി ചുളിഞ്ഞു.

“വെള്ളച്ചിയേ...” പൊന്നൻ വിളിച്ചു.

വെള്ളച്ചി വാതിൽക്കൽ തല കാട്ടി.

“എപ്പളാടീ അയിനെ കുയിച്ചിട്ടെ?”

അപ്പുറത്തെ മുറിയിൽ വർത്തമാനമെല്ലാം കേട്ടിരുന്ന വെള്ളച്ചി നിസ്സംശയം പറഞ്ഞു:

“വൈകുന്നേരം മണ്ണുമാന്തി വന്ന് കുയ്യെടുത്ത്. രാവിലെ കുയിച്ചിട്ട്. എല്ലാം മറന്ന് പോയേക്കണ്.”

“തൊഴുത്തിൽനിന്ന പോത്തിനാണോ ഇടിവെട്ടിയത്? അതോ അത് പറമ്പിലാരുന്നോ?” അനിബാബു ചോദിച്ചു.

“പറമ്പില്.... തെങ്ങുമ്മ കയറ്കെട്ടി തീറ്റാൻ വിട്ടതാ...”

വെള്ളച്ചി പറഞ്ഞു.

“ഇടിവെട്ടിയെന്നൊള്ളത് ശര്യാണോ?” സന്ദീപ് ചോദിച്ചു.

“ഇടിവെട്ടാതകണ്ട് ജീവനൊള്ള പോത്തിനെ ആരെങ്കിലും കുയിച്ചിടോ സാറെ... കുട്ടിയാനപോലിരുന്ന ഉരുപ്പടിയാ...”

“വെറുതെ ചോദിച്ചെന്നേയൊള്ളു.”

സന്ദീപ് സംഗതി കേവലമെന്ന മട്ടിൽ പറഞ്ഞു.

“വെച്ച തൈ പിടിച്ചോ - പോയോ?” അനിബാബു തിരക്കി.

“അതാരുന്നു തയ്യ്! അറഞ്ഞ് കായ്ച്ചു സാറെ.” പൊന്നൻ അഭിമാനത്തോടെ പറഞ്ഞു: “അതേന്നു പൊന്നൻ കൊറേ തേങ്ങയിട്ട്.”

“ആ തെങ്ങ് എവിടാ നിക്കണെ?” സന്ദീപ് ചോദിച്ചു.

“അതിപ്പയെനിക്ക് അറിയാമേല. കല്ലാറ്റ്പടിക്കക്കാരടെ തെങ്ങുംപറമ്പ് പത്തുപതിനഞ്ച് ഏക്കറാ സാറെ... കൊറേ തെങ്ങ് പോയി. കൊറേ തൈ വെച്ച്. കൊറേ വളന്ന്... ഞാനിപ്പ തെങ്ങ് കേറ്റമൊന്നും ഇല്ലെന്ന്. വയസ്സായില്ലേ.”

“ശരി... ഒരു രസത്തിനുവേണ്ടീട്ട് ചോദിച്ചതാ...” അനിബാബു വിഷയം വിട്ടു.

“എന്നാ ഞങ്ങളെറങ്ങിക്കോട്ട്.”

പൊന്നൻ സമ്മതിച്ചു തലയാട്ടി.

കാറിൽ പൊൻകുന്നത്തിനു മടങ്ങവെ സന്ദീപ് അനിബാബു

വിനോടു ചോദിച്ചു:

"ചേട്ടന് എന്തെങ്കിലും സംശയം തോന്നുന്നൊണ്ടോ?"

"പോത്തിനെ കുഴിച്ചിട്ടെന്നൊക്കെ പറഞ്ഞപ്പ ഞാനാ സിനിമേടെ കാര്യം ഓർത്തു."

"ദൃശ്യം, അല്ലേ?"

"അതെ... സാറിനും തോന്നിയില്ലേ?"

"പക്ഷേ, അതിന്റെ കഥ വേറൊരു രീതിയിലാ ഇതങ്ങനെയല്ലല്ലോ. നാട്ടുകാരെല്ലാം നോക്കി നിൽക്കുമ്പോഴല്ലേ ചത്ത പോത്തിനെ കുഴിച്ചു മൂടിയത്. മഴക്കാലത്ത് മേഞ്ഞുനടക്കുന്ന കന്നുകാലികൾക്ക് ഇടിമിന്നലേൽക്കുന്നതും ചാകുന്നതുമൊക്കെ പലപ്പോഴും സംഭവിക്കാറുള്ളതാ." സന്ദീപ് പറഞ്ഞു.

അനിബാബു അതിനു മറുപടിയൊന്നും പറഞ്ഞില്ല. രാത്രി ഒൻപതുമണിയോടെ അവർ ഹോട്ടൽ റൂമിൽ തിരിച്ചെത്തി.

"സാറെ, എനിക്കു രണ്ടെണ്ണം വീശണം." അനിബാബു പറഞ്ഞു.

"സാധനം സ്റ്റോക്കുണ്ടോ?"

"അര ലിറ്റർ കരുതീട്ടൊണ്ട്."

അനിബാബു ഷർട്ട് പൊക്കി എളിയിൽനിന്ന് കുപ്പി വലിച്ചെടുത്തു.

"സാറിനു വേണ്ടേ... ഒരു സ്മോള്."

"വേണ്ട. ഞാനങ്ങനെ കഴിക്കാറില്ല."

"കഴിച്ചിട്ടില്ലേ..."

"അതൊക്കെ വല്ലപ്പോഴും. നമ്മളിപ്പോ ശത്രുവലയത്തിലാണ്. നല്ല ബോധത്തോടെ ഇരിക്കണ്ടേ ഒരാളെങ്കിലും?"

അനിബാബുവിനെ തനിയെ അയാളുടെ മുറിയിൽ വിട്ടിട്ട് സന്ദീപ് തന്റെ മുറിയിലേക്കു പോയി. കുളിച്ചു വേഷംമാറി തിരിച്ചുവന്നപ്പോഴേക്കും അനിബാബു പ്ലാസ്റ്റിക് ബോട്ടിൽ പകുതിയാക്കിക്കഴിഞ്ഞിരുന്നു.

"കുളിച്ചോ?" സന്ദീപ് തിരക്കി.

"അതെല്ലാം രാവിലെ. രാത്രി ജയിലിൽ കുളിയില്ല സാറെ."

രണ്ടുപേരും റസ്റ്ററന്റിൽ പോയി ഭക്ഷണം കഴിച്ചു വന്നു.

"ഇനിയെന്താ സാറെ പരിപാടി?"

"ഇന്ന് എന്തെങ്കിലുമൊക്കെ ആലോചിച്ചോണ്ട് കെടന്നൊറങ്ങാം."

"നമുക്ക് ഒന്നിച്ചിരുന്ന് ആലോചിച്ചാലോ?"

"എന്നാ എന്റെ റൂമിലോട്ട് വാ..."

"ഒരെണ്ണംകൂടെ വീശീട്ട് വരാം."

അനിബാബു റൂമിലേക്കു കയറിപ്പോയി.

സന്ദീപ് തന്റെ മുറിയിലേക്കു പോന്നു.

പത്തു മിനിറ്റിനുള്ളിൽ അനിബാബു എത്തി.

അനിബാബുവിന് ഇരിക്കാൻ കസേര കാട്ടിക്കൊടുത്തിട്ട് സന്ദീപ് ബഡിലിരുന്നു. തലയണയെടുത്തു മടിയിൽ വെച്ചു.

"സാറെ... ഇത് നീട്ടിക്കൊണ്ടുപോയാ ശരിയാവത്തില്ല."

"ആര് നീട്ടിക്കൊണ്ടു പോകുന്നു? ചേട്ടന്റെ പരാതിയിലും ചേട്ടന്റച്ഛന്റെ പരാതിയിലും എത്രയുംവേഗം നടപടി സ്വീകരിക്കാൻ ജില്ലാ എസ്പിമാർ അതതു സ്റ്റേഷനുകളിലേക്ക് ഓർഡർ നൽകിക്കഴിഞ്ഞു. മുരിക്കാശ്ശേരി സിഐ ഇരിക്കപ്പൊറുതിയില്ലാഞ്ഞ് എറണാകുളത്തുവന്ന് അല്ലിമയുടെയും അങ്കിളിന്റെയും മൊഴിയെടുത്തു. തെളിവെടുപ്പും നടത്തി."

"അതിലൊന്നും കാര്യമില്ല സാറെ. ഇരുപത്തിരണ്ടു വർഷം മുൻപത്തെ കേസല്ലേ. തെളിയിക്കാനൊന്നും പറ്റത്തില്ല."

"ആലുവാ റൂറൽ എസ്പിയുടേം, ഇടുക്കി എസ്പിയുടേം കർശനമായ ഉത്തരവൊണ്ട്."

"എസ്പീന്നു പറയുന്നത് ഒരു ജില്ലേലൊരാളല്ലേയൊള്ളു സാറെ. അന്വേഷണമൊക്കെ നടത്തണത് ലോക്കൽ പോലീസല്ലേ. ഞാൻ ചെയ്ത കുറ്റത്തിനൊക്കെ എന്നെ ശിക്ഷിച്ചാ എനിക്കൊരു നൂറ്റൻപതു കൊല്ലമെങ്കിലും കഴിയാതെ ജയിലീന്ന് എറങ്ങാംപറ്റത്തില്ല."

"അതിനുമാത്രം കുറ്റകൃത്യങ്ങൾ ചെയ്തിട്ടൊണ്ടോ?"

"സാറെ... കഞ്ചാവ്, കള്ളത്തടി, ചന്ദനം... ഇതിനൊക്കെ നേരാംവണ്ണം ശിക്ഷിക്കണെങ്കി തെളിവ് വേണ്ടേ. വനത്തില് ക്യാമറയൊണ്ടോ, ദൃക്സാക്ഷിയൊണ്ടോ, സാക്ഷിയൊണ്ടോ - തൊണ്ടിമൊതല് പോലും വെറകായിട്ടു മാറുന്ന മാജിക്കൊണ്ട്..."

"ശരിക്കും ക്രിമിനലാണല്ലേ?"



"ആക്കിയതാ സാറെ... അവനൊണ്ടല്ലോ. കല്ലാറ്റ്പടിക്കലെ പോലീസുകാരൻ, ഹേമചന്ദ്രൻ. അവനൊറ്റയൊരുത്തനാ എന്നെ ഇങ്ങനെയാക്കിയത്."

"അയാളെന്തു ചെയ്തു?"

അനിബാബു സ്റ്റൂളിൽ ഇരുന്നു.

"അയാളാ എല്ലാം ചെയ്തെ. അയാളന്ന് പൊൻകുന്നത്ത് സിഐയാ. അങ്ങനിരിക്കുമ്പഴാ ചന്ദ്രേട്ടനേം മാളുച്ചേച്ചീയേം ഒരുദിവസം കാണാതാകുന്നെ. ഞങ്ങള് പോലും അറിഞ്ഞില്ല എവിടെപ്പോയെന്ന്..."

"ചന്ദ്രബാബു-മാളവികയുമായി പ്രേമത്തിലാണെന്ന് അറിയില്ലാരുന്നോ?"

"അതൊക്കെ അറിയാരുന്നു. അച്ഛനും അമ്മേം ചന്ദ്രേട്ടനെ അന്നു കൊറേ ഗൊണദോഷിച്ചിട്ടൊണ്ട്. വഴക്കും പറഞ്ഞിട്ടൊണ്ട്. നിന്നെ അവരു കൊന്നു കളയുടാ മോനേന്ന് അച്ഛൻ വെഷമത്തോടെ പറഞ്ഞത് ഞാനിപ്പഴും ഓർക്കുന്നൊണ്ട്. പക്ഷേങ്കി, അന്ന് ഞാൻ അവരടെ സൈഡാരുന്നു. എനിക്ക് സംഗതീടെ ഗൗരവം ഒന്നും അറിയത്തില്ലല്ലോ. ഏട്ടൻ മാങ്ങോട്ടുശ്ശേരീലെ പെണ്ണിനെ പ്രേമിക്കുന്നത് മൊതലാളിമാരോടൊള്ള വെല്ലുവിളി പോലെയാ ഞാൻ കണ്ടത്. ചന്ദ്രേട്ടൻ ഒരു വീരപുരുഷനാണെന്നു തോന്നി... ഭയങ്കര ധൈര്യക്കാരൻ..."

"നിങ്ങള് തമ്മിൽ അതൊക്കെ സംസാരിച്ചിട്ടൊണ്ടോ?"

സന്ദീപ് ചോദിച്ചു.

"ഏയ് ഇല്ല. ഞങ്ങള് കൂട്ടുകാരൊന്നുമല്ല. ചന്ദ്രേട്ടൻ ഗൗരവക്കാരനാ. എനിക്കു ഭയങ്കര ബഹുമാനമാ. അച്ഛനല്ല എന്നെ കൊണ്ടുനടന്നത്, ചന്ദ്രേട്ടനാ. ഉത്സവങ്ങൾക്ക്, പെരുന്നാളുകൾക്ക്, സിനിമയ്ക്ക്... എന്നെ ആദ്യം മലയ്ക്കു കൊണ്ടുപോയതും ചന്ദ്രേട്ടനാ... ശബരിമലയ്ക്കേ. ഞാൻ നെഴലുപോലെ ചന്ദ്രേട്ടന്റെ പൊറകിലേ നടക്കത്തൊള്ളു. അധികം വർത്തമാനമൊന്നും ഇല്ല."

"നിങ്ങൾ തമ്മിൽ നല്ല പ്രായവ്യത്യാസം ഉണ്ടായിരുന്നു, അല്ലേ?"

"എന്നെക്കായിലും ഏഴുവയസ്സിനു മൂത്തതാ... അച്ഛൻ വഴക്ക് പറഞ്ഞാ എനിക്കു പേടിയില്ല. പക്ഷേ, ചന്ദ്രേട്ടൻ ഒന്നു നോക്കിയാ മതി മുട്ടിടിക്കും. എന്റെ ആവശ്യങ്ങളൊക്കെ നടത്തിത്തരുന്നത് അച്ഛനല്ല, ചന്ദ്രേട്ടനാ..."

"ഉം... അവരെ കാണാതായിട്ട്?"

"എന്നേം അച്ഛനേം പോലീസ് പിടിച്ചോണ്ടു പോയി. രാത്രി പൊൻകുന്നത്തെ ലോക്കപ്പിലിട്ട് ഇടിച്ചു. പാതിരായ്ക്ക് ജീപ്പിൽ കേറ്റി കല്ലാറ്റുപടിക്കൽ കൊണ്ടുവന്നു. വെളുപ്പാൻകാലം വരെ എന്റെ മുന്നിലിട്ട് അച്ഛനെ തല്ലിച്ചതച്ചു. അച്ഛന്റെ മുന്നിലിട്ട് എന്നെയും ഇടിച്ചുകൂട്ടി. പെരുവന്താനത്തെ മാമന്റെ വീട്ടീന്നു ചന്ദ്രേട്ടനേം ചേച്ചിയേം പിടികൂടിയ രാത്രീൽ, ചന്ദ്രേട്ടനേം എന്റേം അച്ഛന്റേം മുന്നിലിട്ട് ചവുട്ടിക്കൂട്ടി. വേറെ പോലീസുകാർ ചെയ്തതു പോരാഞ്ഞിട്ട് ആ കഴുവേർടമോൻ വാച്ചും തൊപ്പീം കുപ്പായോം അഴിച്ചുവെച്ചിട്ട് ലോക്കപ്പിൽ കേറി ഇടിച്ചു. വെയർത്തു കുളിച്ചു തളർന്നു ബോക്സിങ് കഴിഞ്ഞ മാതിരിയാ അയാള് ലോക്കപ്പീന്നെറങ്ങിപ്പോയെ."

"അതൊക്കെ കോടതീ പറഞ്ഞില്ലേ?"

"ഞങ്ങളെ കസ്റ്റഡീൽ എടുത്തതായിട്ട് രേഖയില്ല സാറെ. കോടതീലൊന്നും ഹാജരാക്കിയില്ല. വീട്ടിക്കൊണ്ടുവന്നു വിട്ടു. ചന്ദ്രേട്ടനെ മാത്രം കോടതിക്കു കൊണ്ടുപോയി."

"ബാക്കി കഥ എനിക്കറിയാം. ഹേബിയസ് കോർപസ് കൊടുത്തതും മാളവികയെ കോടതീൽ ഹാജരാക്കിയതും... അവർ ചന്ദ്രബാബുവിന്റെ കൂടെയുള്ള ജീവിതം വേണമെന്നു കോടതീൽ പറഞ്ഞതും കോടതി ചന്ദ്രബാബുവിനൊപ്പം പോകാൻ മാളവികയെ അനുവദിച്ചതും എല്ലാം."

"സാറിനറിയാത്ത കഥയൊണ്ട്. അതെന്താന്നുവെച്ചാ... എന്റെ സമനില തെറ്റിപ്പോയി. രാത്രി എനിക്കൊറങ്ങാം പറ്റത്തില്ല. ഒരു മയക്കം. ഞെട്ടി നെലവിളിച്ചോണ്ട് എണീക്കും. കണ്ണടച്ചാ ചന്ദ്രേട്ടനെ പോലീസിടിക്കുന്നതും അച്ഛനെ ചവുട്ടുന്നതും ഒക്കെയാ കാണുന്നെ... സാറിനറിയാവോ, എട്ടുകൊല്ലം ഞാൻ ഒരക്ക ഗുളിക തിന്നു പ്രാന്തായിപ്പോകേണ്ടതാ... അച്ഛൻ എവിടെല്ലാമോ കൊണ്ടുനടന്നു ചികിത്സിച്ചു. എന്റെ പഠിത്തമെല്ലാം മൊടങ്ങിപ്പോയി."

"ഓ... അങ്ങനെയൊരു ട്രാജഡീംകൂടിയുണ്ടെന്ന് അറിഞ്ഞില്ല." സന്ദീപ് സഹാനുഭൂതിയോടെ പറഞ്ഞു.

"ഇപ്പഴും എടയ്ക്കു ചെല എളക്കങ്ങളൊക്കെ വരും. അന്നേരം പോയി അതിന്റെ ഗുളിക വാങ്ങിച്ച് കഴിക്കും. ഇല്ലെങ്കി എന്നെ പത്താളു പിടിച്ചാലും നീക്കത്തില്ല സാറെ...."

സന്ദീപ് മനസ്സിലായ മട്ടിൽ തലയാട്ടി.

"സാറിന്റെ മനസ്സിലിരുപ്പ് എന്തുവാ.... എങ്ങനെ മുന്നോട്ടു നീങ്ങാനാ.... കേസുമാത്രം മതിയോ?"

"നിയമത്തിന്റെ വഴിയല്ലേ സേഫ്. കേസന്വേഷണത്തിന് ഉത്തരവായിക്കഴിഞ്ഞല്ലോ."

"അതിലൊന്നും ഒരു കഥേം ഇല്ല സാറെ. പാവപ്പെട്ടവനാണെങ്കി പോലീസ് ഇടിച്ചു പിഴിഞ്ഞ് എല്ലാം പറയിപ്പിക്കും. കല്ലാറ്റുപടിക്കാരേം മാങ്ങോട്ടുശ്ശേരിക്കാരേം കൊണ്ട് അങ്ങനെ പറയിപ്പിക്കാൻ പറ്റ്വോ? അവരടെ പെട്ടിനെറച്ച് പുത്തകാശൊണ്ട്. അവര് നല്ലപോലെ പൈസ എറക്കിക്കളിക്കും. പോലീസ് കൊറെ ചോദ്യം ചെയ്യലൊക്കെ നടത്തീട്ട് തിരിച്ചുപോകും. തെളിവ് വേണ്ടേ സാറെ. എങ്ങനെ തെളിയിക്കാനാ. കൊല്ലമെത്ര പോയി. മണിമലപ്പാലത്തിനടീക്കൂടെ വെള്ളം എന്തുമാത്രം ഒഴുകിപ്പോയി."

കേസ് നടത്തിപ്പുകളിലും പോലീസ് അന്വേഷണങ്ങളിലും ചിരപരിചയമുള്ള അനിബാബു തറപ്പിച്ചു പറഞ്ഞപ്പോൾ സന്ദീപിനും സന്ദേഹമായി.

"മാളവികയെ പെരിയാർവാലീലെ നിങ്ങടെ വീട്ടീന്ന് കൂട്ടിക്കൊണ്ടു പോയത് പോലീസ് എന്തായാലും തെളിയിക്കും. പോണ്ടിച്ചേരീവച്ച് മാളവിക പ്രസവിച്ചതിന്റെ സോളിഡ് എവിഡൻസ് ജീവനോടെ ഇരിപ്പുണ്ട്, അല്ലിമ."

"എന്റെ സാറെ, ഒരു പുല്ലും നടക്കത്തില്ല. പെരിയാർ വാലീലെ ഞങ്ങടെ വീട്ടീന്ന് ആര് കൂട്ടിക്കൊണ്ടുപോയി ചേച്ചിയെ? നമ്മള്, വാദികളുമാത്രം പറഞ്ഞാപ്പോരല്ലോ. ദൃക്സാക്ഷികളൊണ്ടോ? സാഹചര്യത്തെളിവൊണ്ടോ. അന്ന് ചേച്ചിയെ കൂട്ടിക്കൊണ്ടു പോകാൻ വന്നവരെ ഇന്ന് കണ്ടാ ഏതെങ്കിലും നാട്ടുകാരൻ തിരിച്ചറിയ്യോ?"

"പോണ്ടിച്ചേരീൽ വേണ്ടത്ര തെളിവുകളൊണ്ട്. ക്ലൂണി ഹോസ്പിറ്റൽ റെക്കോർഡ്സ്, അന്നു ചികിത്സിച്ച ഡോക്ടർ, ഫാസിയ മാമായുടെ ഫാമിലി....."

"സാറുതന്നല്ലേ പറഞ്ഞത് ക്ലൂണി ഹോസ്പിറ്റലിൽ ചേച്ചീടെ പേര് മാറ്റിയാ പ്രസവത്തിനു കേറ്റിയതെന്ന്. അവിടെ തീർന്നില്ലേ എല്ലാം. സാറുപറഞ്ഞ ഭാസിയമ്മാമേം ഫാമിലീം ഞങ്ങക്കൊന്നും അറിയാമ്മേലാന്നു പറഞ്ഞ് കൈമലത്തിയാ പോലീസെന്നാ ചെയ്യാനാ..... അന്നത്തെ നേഴ്സുമാരും ഡോക്ടറുമൊക്കെ ഇപ്പഴും ഒണ്ടോ? അവർക്ക് കല്ലാറ്റുപടിക്കാരേം മാങ്ങോട്ടുശ്ശേരിക്കാരേം ഇന്ന് തിരിച്ചറിയാൻ പറ്റുവോ?"

(ശേഷം 30-ാം പേജിൽ)

# ഒരാണ്ട് പിന്നിട്ട് മണിപ്പൂർ കലാപം

ഇംഫാൽ: മണിപ്പൂരിലെ അശാന്തിക്ക് ഒരാണ്ട്. കഴിഞ്ഞ മേയ് മൂന്നിനാണ് കുക്കി-മെയ്തി വിഭാഗങ്ങൾ ചേരിതിരിഞ്ഞ് ആക്രമണം ആരംഭിച്ചതും വംശീയ കലാപത്തിലേക്ക് വഴിമാറിയതും. ഇന്നും സംസ്ഥാനത്തെ സ്ഥിതിഗതികൾ പൂർണമായും നിയന്ത്രണവിധേയമായിട്ടില്ല. കുക്കി സംഘ



ടനയായ ട്രൈബൽ യൂണിറ്റി കമ്മിറ്റി മെയ് മൂന്നിന് സമ്പൂർണ്ണ അടച്ചിടലിന് ആഹ്വാനം ചെയ്തിരുന്നു. ചൂരാചന്ദ്പൂരിലെ ഇൻഡിജിനസ് ട്രൈബൽ ലീഡേഴ്സ് ഫോറവും (ഐടിഎൽഎഫ്) കുക്കി വിഭാഗത്തിന്റെ സംഘടനയായ കുക്കി ഇൻപി മണിപ്പൂരും (കെഐഎം) ഉണർവിന്റെ ദിനമെന്ന നിലയിലാണ് ഈ ദിനം ആചരിച്ചത്. അതേസമയം, അനധികൃത കുടിയേറ്റക്കാർ ആക്രമണം ആരംഭിച്ച ദിവസമായാണ് ഈ ദിവസത്തെ ആചരിക്കുകയെന്നതാണ് മെയ്തി സംഘടനകളുടെ നിലപാട്. ഇംഫാൽ ഈസ്റ്റിലെ ഷുമാങ് ലീല സാങ്ലെനിൽ മെയ്തി വിഭാഗം പരിപാടി സംഘടിപ്പിക്കും. കഴിഞ്ഞവർഷം അക്രമം പൊട്ടിപ്പുറപ്പെട്ടതിനു ശേഷം കാണാതായ 35-ലധികം മെയ്തി വംശജരെ കണ്ടെത്താൻ ഈ പരിപാടിയിൽ അഭ്യർത്ഥിച്ചു. മെയ്തിവിഭാഗത്തിലുള്ളവരെ പട്ടികവർഗത്തിൽപ്പെടുത്താൻ സംസ്ഥാന സർക്കാരിനോട് നിർദ്ദേശിച്ച മണിപ്പൂർ ഹൈക്കോടതി ഉത്തരവിനെത്തുടർന്നുള്ള പ്രക്ഷോഭമാണ് സംസ്ഥാനത്തെ വംശീയ കലാപത്തിലേക്ക് നയിച്ചത്. സംഘർഷത്തിൽ ഇതുവരെ 220-ലധികം പേർക്ക് ജീവൻ നഷ്ടമായി. ആയിരക്കണക്കിനു പേർക്ക് പരുക്കേറ്റു. പതിനായിരങ്ങളാണ് ഭവനരഹിതരായത്. ജാതിനോക്കാതെ വിവാഹിതരായ ഒട്ടേറെ കുടുംബങ്ങളെയും കലാപം വലിയതോതിൽ ബാധിച്ചു. സംഘർഷം വ്യാപിച്ചതോടെ അപായം മണത്ത് പരസ്പരം വേർപിരിഞ്ഞ് താമസിക്കേണ്ട വന്ന ഇത്തരത്തിലുള്ളവർ ഏറെയാണ്.

## നടി ഷീലയ്ക്ക് സത്യജിത് റേ പുരസ്കാരം

തിരുവനന്തപുരം: സത്യജിത് റേ ഫിലിം സൊസൈറ്റിയുടെ 2024-ലെ സത്യജിത് റേ പുരസ്കാരം നടി ഷീലയ്ക്കു സമ്മാനിക്കും. 26-ന് വൈകുന്നേരം മൂന്നിന് എകെജി സ്മാരക ഹാളിൽ നടക്കുന്ന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കുമെന്ന് ചെയർമാൻ സജിൻലാൽ അറിയിച്ചു. സത്യജിത് റേ ഗുരുപൂജ അവാർഡ് നടൻ രാഘവനും സമ്മാനിക്കും.



രണ്ടാമത് സത്യജിത് റേ പുരസ്കാരം പ്രഭാവർമ്മയ്ക്കു സമ്മാനിക്കും. മനോജ് കെ. സേതു സംവിധാനം ചെയ്ത 'കൂത്തൂട്' ഈ വർഷത്തെ മികച്ച ചലച്ചിത്രമായും അനിൽ തോമസ് സംവിധാനം ചെയ്ത 'ഇതുവരെ' മികച്ച രണ്ടാമത്തെ ചലച്ചിത്രമായും തെരഞ്ഞെടുത്തു. മികച്ച കലാമൂല്യമുള്ള ചലച്ചിത്രമായി ഡോ. സന്തോഷ് സൗപർണിക സംവിധാനം ചെയ്ത 'ഭീമനർത്തകി' തെരഞ്ഞെടുക്കപ്പെട്ടു. സുബിൻ കണ്ണദാസ് സംവിധാനം ചെയ്ത 'പാരമ്പര്യത്തിലൂന്നിയ വിസ്മയം' മികച്ച ഒന്നാമത്തെ ഡോക്യൂമെന്ററി ചിത്രമായും അപർണ പ്രഭാകർ സംവിധാനം ചെയ്ത 'കിണറാഴങ്ങളിൽ ഒരു കുഞ്ഞു പെണ്ണ്' മികച്ച രണ്ടാമത്തെ ഡോക്യുമെന്ററി ചിത്രമായും തെരഞ്ഞെടുക്കപ്പെട്ടു.

## നോവൽ

(29-ാം പേജിൽ നിന്നും)

"ഒരു ഫ്രഞ്ച് ഡോക്ടറുണ്ട്. ലേഡിയാണ്."

"അവരിവിടെ കോടതീ വന്ന് സാക്ഷിപറയാൻ നിക്കോ സാറെ...."

സന്ദീപിന്റെ മനസ്സിൽ പ്രതീക്ഷയ്ക്കൊരു മങ്ങലുണ്ടായി.

"ഞാനൊരു കാര്യം പറയാം സാറെ. ഞാനൊരു ക്രിമിനലാ. നമ്മടെ എതിർകക്ഷികളും ക്രിമിനലുകളാ. നമ്മളങ്ങനെ കണ്ടാമതി. ഇത് വെളിച്ചത്ത് കൊണ്ടുവരാൻ ഒറ്റ വഴിയേ ഒള്ള്. കയ്യൂക്ക്. എന്നെ ജാമ്യത്തിലെറക്കാതെ റിമാൻഡിൽ കേറിക്കോളാൻ പറഞ്ഞപ്പ ഞാനോർത്ത് സാറിന് ശെരിക്കൊള്ള വഴി അറിയാവല്ലോന്ന്...."

"ചേട്ടനെന്താ പറഞ്ഞോണ്ടുവരുന്നെ?"

"നാലു ദിവസത്തിനകത്ത് കൂട്ടിക്കൽ സുകു ജാമ്യത്തിലിറങ്ങും. ഞാനവനെയൊന്നു പിടിക്കട്ടെ."

"എന്നുവച്ചാ?"

"ഞാനിത്രേം കാലം ജെയിലിക്കൂടെയായിരുന്നല്ലോ ജീവിതം. പല ജെയിലിലും വച്ച് പലതരം ആളുകളെ പരിചയമൊണ്ട്. സാറ് പൈസ മൊടക്കുകയാണെങ്കി ഞാനതീന്നു മൂന്നാലുപേരെ വിളിച്ചോണ്ടു പോയി കൂട്ടിക്കൽ സുകൂനെ ഒന്നു പൊക്കാം."

"എന്നിട്ട്?"

"അവനോട് ചെല ചോദ്യങ്ങളൊക്കെ നമ്മക്ക് ചോദിക്കാല്ലോ."

"അവൻ പഠിച്ച കള്ളനല്ലേ. വാതൊറക്കോ?"

"അത് ഞാൻ തൊറപ്പിച്ചോളാം സാറെ. അതിനുവേണ്ട വിദ്യകളൊക്കെ പോലീസെന്നെ പഠിപ്പിച്ചിട്ടൊണ്ട്."

അവസാനം തട്ടീംമുട്ടീം വല്ലതും പറ്റിപ്പോയാ ഞാനകത്ത് കേറേണ്ടിവരും.

"അതൊന്നും സാറ് പേടിക്കണ്ട. പൈസ എറക്കാവോ... ഞാനേറ്റു കേസ്."

സന്ദീപ് ചിന്താക്കുഴപ്പത്തിലായി.

ഒരു ക്രിമിനൽ കുറെ ക്രിമിനലുകളെ കൂട്ടിക്കൊണ്ടുവന്ന് മറ്റൊരു ക്രൈം ചെയ്യാൻ അനുവാദം ചോദിക്കുകയാണ്.

"ഞാനൊന്നാലോചിക്കട്ടെ. നാളെപ്പറയാം. ഇന്നത്തെ രാത്രി ഇങ്ങനങ്ങ് പോട്ടെ." സന്ദീപ് ആലോചനയോടെ പറഞ്ഞു.

അനിബാബു അതു മതിയെന്ന് തലയാട്ടി.

*** *** ***

ഹരീന്ദ്രന്റെ ബുള്ളറ്റ് മോട്ടോർ സൈക്കിൾ കല്ലാറ്റുപടിക്കൽ മുറ്റത്തെ തണലിൽ വന്നുനിന്നു. കീച്ചെയ്ൻ ഊരിയെടുത്തു ഹരീന്ദ്രൻ നേരെ സിറ്റൗട്ടിലേക്കു കയറിച്ചെന്നു.

ഇംഗ്ലീഷ് ദിനപ്പത്രം നിവർത്തിപ്പിടിച്ചു നിന്ന അഞ്ജന തിരക്കി.

"എന്താ ഇത്ര രാവിലെ?"

"ഒരത്യാവശ്യമൊണ്ട് - ഹേമചന്ദ്രനില്ലേ?"

"ഹാളിലിരിപ്പൊണ്ട്."

ഹരീന്ദ്രൻ നേരെ അകത്തേക്കു കയറി.

മലയാളം പത്രങ്ങൾ വായിച്ചുകൊണ്ട് ബാലകൃഷ്ണമേനോനും ഹേമചന്ദ്രനും ഹാളിലിരിപ്പുണ്ടായിരുന്നു.

"പോയിട്ടെന്തായി?" ഹേമചന്ദ്രൻ ആകാംക്ഷയോടെ തിരക്കി.

"അവര് രാത്രി എട്ടരമണിവരെ പൊന്നന്റെ വീട്ടിലൊണ്ടാരുന്നു."

"അതു മനസ്സിലായി. അവരുടെ ഉദ്ദേശ്യമെന്തായിരുന്നെന്നു പറ."

"അവരു പൊന്നനു മദ്യം വാങ്ങിച്ചു കൊടുത്തു കുടിപ്പിച്ചോണ്ട് മാങ്ങോട്ടുശ്ശേരീലേം കല്ലാറ്റുപടിക്കലേം ചിത്രങ്ങള് മുഴുവൻ പറയിപ്പിച്ചെന്നാ കെളവി പറയുന്നത്. പൊന്നന്റെ തല ഇപ്പോഴും പൊങ്ങീട്ടില്ല." ഹരീന്ദ്രൻ വെളിപ്പെടുത്തി.

"എന്തു ചരിത്രം പറയിപ്പിച്ചു?" ബാലകൃഷ്ണമേനോൻ ഉദ്വിഗ്നനായി.

"നമ്മുടെ തറവാടുകളുമായി ബന്ധപ്പെട്ട് പൊന്നൻ കണ്ടിട്ടുള്ളതും കേട്ടിട്ടുള്ളതുമൊക്കെ. ഓരോരോ കാലങ്ങളിൽ നടന്ന സംഭവങ്ങളെല്ലാം പൊന്നനറിയുന്നപോലെ പറഞ്ഞു."

"എന്തൊക്കെയാണെന്നു വേർതിരിച്ച് ചോദിച്ചില്ലേ ഹരീന്ദ്രാ?"

ഹേമചന്ദ്രനു ദേഷ്യം വന്നു.

"നമ്മുടെ തറവാടുകളിൽ നടന്ന കല്യാണങ്ങൾ, മരണങ്ങൾ, ആഘോഷങ്ങൾ, ജനനങ്ങൾ, പ്രധാനപ്പെട്ട സംഭവങ്ങൾ... അങ്ങനെ കുറേ...."

"ഓ.... അത്രേയൊള്ളോ? അല്ലെങ്കിത്തന്നെ അവനെന്തറിയാം." ബാലകൃഷ്ണ മേനോൻ അതു നിസ്സാരമാക്കി.

"തനിക്കെന്തെങ്കിലും ദുസ്സൂചന കിട്ടിയോ? അതു പറഞ്ഞാ മതി." ഹേമചന്ദ്രൻ അക്ഷമനായി.

"ഇവിടുത്തെ ഒരു പോത്ത് പണ്ട് ഇടിമിന്നലേറ്റു ചത്തെന്നും അയാള് അവരോടു പറഞ്ഞിട്ടൊണ്ട്. അതു കേട്ടപ്പോ ഒരു കല്ലുകടി തോന്നി."

"അതൊക്കെ അയാളിപ്പഴും ഓർത്തിരിക്കുന്നോ?" ഹേമചന്ദ്രൻ നെറ്റി ചുളിച്ചു.

"അത്രയല്ലേ പറഞ്ഞുള്ളൂ."

ബാലകൃഷ്ണമേനോൻ അർഥഗർഭമായി ഹരീന്ദ്രനെ നോക്കി.

"അതിനെ എവിടെയാ കുഴിച്ചിട്ടതെന്ന് അവര് ചോദിച്ചു. പൊന്നന് നല്ല ഓർമ്മയില്ലെന്നാ പറഞ്ഞത്. ആ സംഭവം എത്ര വർഷം മുൻപായിരുന്നൂന്നൊക്കെ അവരു ചോദിച്ചത്രെ."

ഹേമചന്ദ്രൻ പത്രം ടീപ്പോയിലേക്കു വലിച്ചെറിഞ്ഞ് എഴുന്നേറ്റു.

"ആ നായിന്റെ മോനെന്തിനു പൊന്നന്റെ വീടു തെരക്കിപ്പോയി?" ഹേമചന്ദ്രന്റെ ഒച്ച മുറുകി.

"വെറുതെ ചോദിച്ചതായിരിക്കും. അവര് പിന്നെ കൂടുതലൊന്നും ചോദിക്കാതെ പോവാണു ചെയ്തത്." ഹരീന്ദ്രൻ അയാളെ സാന്ത്വനിപ്പിക്കാനെന്നോണം പറഞ്ഞു.

(തുടരും)

## SET YOUR MIND ON THINGS ABOVE

(from page 22)

and disobedience of the humans, whom God has created in His own image, only because of His mercy. Let us examine ourselves and see if we are qualified to meet Jesus in the sky on the day of His rapture (Matthew 24:31). If not, are we sanctified and courageous enough to face the Last Judgment? If we are raised to the clouds with Jesus on the day of the rapture, we are assured to be with Him in the heavenly Jerusalem which will come down from heaven and rule righteously on earth in Zion for one thousand years (Revelation 21). The time is running short for all of us to take the right decision. Let us make sure we follow God's commandments, apply the gospel in our life, love God above all and love our neighbor, keep our body as a holy temple of God, do plenty of charitable acts, become role models for our children, and win the favor of God in everything we do. In short, let us set our mind on things above, not on the things that are on earth. **"Yet You have made him a little lower than God, and You crown him with glory and majesty" (Psalm 8:5).** We should not lose the value God has labeled on us.May God Almighty help everyone to say proudly, **"For I determined to know nothing among you except Jesus Christ, and Him crucified." (2nd Corinthians 2:2).**

SUBSCRIPTION FORM

I.D. # ____ Date ____ Expiration Date ____

Name ____

Address ____

City ____ State ____ Zip ____

Phone: ____ Email: ____

Signature: ____

❑ Enclosing $ 200.00 for five years.

❑ Enclosing my subscription of $ 54.00 for one year.

❑ Enclosing my subscription of $99.00 for two years.

❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

Yearly $ 54 00 | 2 Years $ 99 00 | 5 Years $ 200 00

Payment Method ❑ Cheque Cheque # ____

❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ____

CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076

630 728 7956 FAX : 773 304 1917

*Subscription fee non-refundable*


FEDERATION OF KERALA ASSOCIATIONS IN NORTH AMERICA
Shashi Tharoor
Mukesh
John Brittas
21ST FOKANA
Convention at WASHINGTON DC
2024
July
18, 19 & 20
Nikesh Kumar
Anju Joseph
Murukan Kattakada
Kallu & Mathu
DR. BABU STEPHEN
President
DR. KALA SHAHI
Gen. Secretary
BIJU JOHN
Treasure
JOHNSON THANKACHAN
Convention Chairman
Advt001




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**